
# ചക്രവാളം

## ബ്രിട്ടനിലെ വനിതാപോലീസ്



ആദ്യമായി (1914-ൽ) വനിതാപോലീസ് സുസംഘടിപ്പിച്ചതു ബ്രിട്ടനാണ്.

1946
നവമ്പർ 10

൧൧൨൨
തുലാം ൨൫

# ആരോപണങ്ങൾക്കു മറുപടി

(6-ാംപേജിൽനിന്നു തുടർച്ച)

ഡ്യൂച്ചേയേയും ഫ്യൂററേയും എടുത്തുകാണിക്കുന്ന ബാലിശമായ വാദം അസ്ഥാനത്തുതന്നെ. അതുപോലെ പട്ടാളമുറയിൽ സലാം ചെയ്യുവാൻ തങ്ങളുടെ രാഷ്ട്രഭാഷയിൽ ഒരു ശക്തിയുള്ള വന്ദനപദംതന്നെ വേണമെന്നു് ഭടന്മാർ പറഞ്ഞതനുസരിച്ചാണ് ''ജയഹിന്ദി,,ന്റെ ജനനം. വന്ദേമാതരത്തിന്റെ വിനീതസ്വരവും, ഒലിപ്പൻമട്ടും പട്ടാളക്കാരുടെ ഗൌരവത്തിനു ചേർന്നതല്ലായിരുന്നതുകൊണ്ടു ആ വന്ദനവാക്യത്തെ ഉപയോഗശൂന്യമാക്കിയതാണ്. ഇതൊന്നും ചിന്തിക്കാതെ നേതാജിയും, ജയഹിന്ദും ജർമ്മനിയിൽ ജനിച്ചുവെന്നു പറയുന്ന കെ. പി. കെ. യുടെ യുക്തി കേൾക്കുമ്പോൾ 'ഇന്ദുലേഖ തറവാട്ടിൽ ജനിച്ചവളല്ലെന്നു്' പണ്ടാരോ പറഞ്ഞ കഥയും അതിനെ ഉദാഹരിച്ച് "സഞ്ജയൻ,, പ്രസിദ്ധീകരിച്ച കാർട്ടൂണും ആണ് എന്റെ ഓർമ്മയിൽ വരുന്നത്. അങ്ങിനെ സുഭാസ് ചന്ദ്രനെനോക്കി വെറുതെ കുരക്കുകയാണ്. നേതാജി, എന്നീ പദങ്ങളെപ്പോലെതന്നെ ടാഗോറിന്റെ "ജനഗണമന,, എന്ന ബംഗാളി ദേശീയ ഗാനത്തെ ഹിന്ദിയിലേക്ക് മാററിയതാണ്, ഐ. എൻ. എ. യുടെ 'ജയഹോ' എന്ന ദേശീയ ഗാനം (on to Delhi) 'ചലോ ഡൽഹി'യെന്നു്, പ്രയോഗം 'ഓൺ ടു മോസ്കോ, (on to Moscow) എന്നതിന്റെ അനുകരണമാണെന്നു് പറയാൻ കെ. പി. കെ. വിട്ടുപോയതാണ്.

കെ. പി. കെ. യുടെ പുതിയ ലേഖനത്തിൽ പിന്നെ പറയുന്നത് ജാപ്പാന്റെ ആദർശശുദ്ധിയെ കുറിച്ചാണ്. ജപ്പാൻ ഇന്ത്യയെ സഹായിക്കാൻ പുറപ്പെട്ടതിന്റെ ആന്തരികമായ ഉദ്ദേശ്യം എന്തായിരുന്നുവെന്നു ചിന്തിക്കേണ്ട ആവശ്യം ഇന്നില്ല. അതിന്റെ ആവശ്യം ഉണ്ടായിരുന്നപ്പോൾ കെ. പി. കെ. യുടെ ചിന്താശക്തിയും വേണ്ടപോലെ പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ മുൻ ലേഖനത്തിൽ പ്രസ്താവിച്ചുവല്ലൊ, ജാപ്പാന്റെ ആദർശശുദ്ധിയിലുള്ള സംശയം കെ. പി. കെ. യേക്കാളധികം, "നേതാജി,,യുടെ ഉറപ്പു കിട്ടുന്നതുവരെ, മറേറാരോ ഇന്ത്യക്കാരനിലും ഉണ്ടായിരുന്നു. ഈ ലേഖകൻതന്നെ കുറച്ചുമാസങ്ങൾക്കുമുമ്പ് ജാപ്പാന്റെ ഭരണരീതിയെക്കുറിച്ചു "ജനശക്തി,,യെന്ന വാരികയിൽ എഴുതിയ ലേഖനങ്ങളിൽ അവരുടെ ആദർശത്തെയും പ്രവൃത്തിയേയും വിമർശിച്ചിട്ടുണ്ട്.

★

# തട്ടും കൊട്ടും

പെനിസിലിനേക്കാൾ ശക്തികൂടിയ ഒരു ഔഷധം അലിസിൻ എന്നാണതിന്റെ പേരു- ബാംഗ്ളൂരിലെ ഇൻഡ്യൻ സയൻസ് ഇൻസ്റ്റിററ്യൂട്ടിൽ കണ്ടുപിടിച്ചിരിക്കുന്നുവത്രെ.

ആററംബോംബിനുപകരം ക്രൂരൻ ബോംബു കണ്ടുപിടിക്കാനായിരിക്കും കൊണ്ടുപിടിച്ചുള്ള ഇനിയത്തെ ശ്രമം.

* *

മഞ്ഞപ്പിത്തത്തിന്റെ ഹേതു മലിനജലപാനം ചെയ്യുന്നതാണെന്നു് അമേരിക്കൻ സേനയിലെ ഗവേഷകന്മാർ ഈയിടെ കണ്ടുപിടിച്ചിരിക്കുന്നു.

വൈക്കം ക്ഷേത്രത്തിനു ചുററും താമസിക്കുന്ന ബ്രാഹ്മണർ ശ്രദ്ധിക്കേണ്ടതാണ്.

* *

"പാക്കിസ്ഥാൻ കൂടാതെ സ്വതന്ത്രഭാരതം സമാധാനപൂർണ്ണമായിരിക്കുകയില്ല' ചങ്ങനാശേരി സെൻറ്ബക്ക്മൻസ് കോളജ് യൂണിയന്റെ തീരുമാനം.

അതേ പാകിസ്ഥാൻ കൂടാതെ സമാധാനപൂർണ്ണമായിരിക്കണമെങ്കിൽ, ഭാരതം അസ്വതന്ത്രമായിരിക്കണം. അഥവാ പാകിസ്ഥാന്റെ 'സമാധാനം അസ്വാതന്ത്ര്യത്തിലാണ്.

* * *

മട്ടാഞ്ചേരിയിൽ കയ്യാലയ്ക്കകം കന്യാസ്വാമി ആരംഭിച്ചിരിക്കുന്നതായി കാണുന്നു.

അതിന്റെ പ്രവർത്തനം കോലായപ്പുറത്തായിരിക്കണമെല്ലോ.

X X X

"സാർവ്വത്രികസ്തംഭനം നടപ്പാക്കണം,,- മലയാളിയുടെ തലക്കെട്ട്.

സ്തംഭനം നടപ്പായാൽ സ്തംഭനമല്ലാതാവില്ലേ?

X X X

"മുസ്ലിമിനെ കൊല്ലണമെങ്കിൽ ആദ്യം എന്നെ കൊല്ലുക,,-ബിഹാറികളോടു നെഹ്രു.

ഇതിൽ, ഒന്നാംകിട മുസ്ലീം നെഹ്രുവാണെന്ന സൂചനയാണ് അടങ്ങീട്ടുള്ളത് എന്നും വാസ്തവത്തിൽ ജാതി ഹിന്ദുസംഘടനയായ കോൺഗ്രസ്സിന്റെ ദീർഘകാലത്തെ പ്രസിഡന്റായിരുന്ന പണ്ഡിററ് തനി കാശ്മീരി ബ്രാഹ്മണനാണെന്നും വിശദീകരിച്ചു ജിന്നാസാഹിബ്ബ് ഉടൻ ഒരു പ്രസ്താവന പുറപ്പെടുവിക്കാനിടയുണ്ട്.

★


# 600 ക. സമ്മാനം

## ൧-ാംസമ്മാനം 400 ക. 2-ാംസമ്മാനം 125 ക.

മൂന്നാം സമ്മാനം 75 ക.

| | | |
|---|---|---|
| | | 79 |
| | 80 | |
| 81 | | |

ഇഷ്ടമുള്ള അക്കങ്ങൾ (ഒരക്കം ഒരു പ്രാവശ്യം മാത്രം) ഏതു വശത്തേക്കു കൂട്ടിയാലും 240 കിട്ടത്തക്കവണ്ണം ബാക്കി കള്ളികൾ പൂരിപ്പിക്കുക. സ്ഥലം ഭാരത് ഇൻസ്റ്റിററ്യൂട്ടിൽ സീൽ വച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനൊപ്പം പൂരിപ്പിച്ചയക്കുന്നയാൾക്ക് 400 ക.യും, ഏററവും കൂടുതൽ ഉത്തരം അയക്കുന്നയാൾക്ക് 125 ക.യും, ആദ്യം കിട്ടുന്ന ശരിയായ ഉത്തരത്തിനു് 75 ക.യും സമ്മാനം. സമ്മാനാർഹർ ഒന്നിലധികമെങ്കിൽ തുക വീതിക്കും. ഒരാൾക്ക് ഒന്നിലധികം സമ്മാനത്തിനു് അർഹനാകാം. ഫീസ് ഒരുത്തരത്തിന് 1 ക. കൂടുതൽ ഓരോന്നിനും 4 ണ. വീതവും മണിയാർഡർചെയ്ത രസീതും വിലാസവും ഉത്തരമൊന്നിച്ച് ധനു 15-ാംനു-വരെ സ്വീകരിക്കും. ഫലം 25-ാംനു- അറിയിക്കും.

നമ്പർ 7 B-യുടെ സീൽ വച്ചിരുന്ന ഉത്തരം - 1-ാംവരി 78-23-49, 2-ാംവരി 21-50-79, 3-ാംവരി 51-77-22. ഒന്നാം സമ്മാനാർഹർ 11 പേർ. 2-ാം സമ്മാനാർഹർ 16 പേർ. ഈ പ്രശ്നം മുതൽ വിജയികളുടെ പേരുവിവരവും മററും ചക്രവാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

മാനേജർ,

S N. V. പ്രസ്സ് NO. 9.

വൈക്കം A.O. & P. O.



# ചക്രവാളം

വരിസംഖ്യ—

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്ക് | 12 | 0 | 0 |
| ആറു മാസത്തേക്ക് | 6 | 0 | 0 |
| മൂന്നു മാസത്തേക്ക് | 3 | 0 | 0 |

ഒററപ്രതി 4 ണ.

ഏജൻറന്മാർക്ക് ആകർഷകമായ കമ്മീഷൻ!

മാനേജർ, ചക്രവാളം, കോട്ടയം.



# ആകല

വ്യവസായികളുടെ വിജയം സാധനങ്ങൾ വേണ്ട തരത്തിൽ പ്രചരിപ്പിക്കുന്നതിലാണ് സ്ഥിതി ചെയ്യുന്നത്. ഞങ്ങൾ പ്രചരണം, വിതരണം, വില്പന ഇവ കൃത്യമായി നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക് എഴുതിച്ചോദിക്കുക.

Vasco, Vaikom.

പുസ്തകം ൩ | കോട്ടയം — ൧൧൨൨ തുലാം ൨൪ | ലക്കം 12

# ★ "ഈദ്-മുബാറക്" ★

"ഈദ് — മുബാറക്ക്" ഉത്തരേന്ത്യയിലെങ്ങും ഇസ്ലാം സുഹൃത്തുക്കൾ ഇക്കഴിഞ്ഞ തിങ്കളാഴ്ച മുഴക്കിയ മുദ്രാവാക്യമാണിത്. ശ്രീമതി സരോജിനീ നായിഡുവിൻെറ ഭാഷയിൽ പറയുകയാണെങ്കിൽ, "ഇബ്രാഹാമിൻെറ വാത്സല്യനിർഭരമായ ഹൃദയത്തിൽ പിതൃവാത്സല്യം പകരുകയും, ക്രൂരമായ വേദനകളിൽനിന്നും അദ്ദേഹത്തെ മോചിപ്പിക്കുകയും, നൂററാണ്ടുകൾക്കു മുമ്പ് ഈശ്വരൻെറ ആജ്ഞയ്ക്കും ആഗ്രഹത്തിനും അനിഷേധ്യമായി അടിമപ്പെട്ട് അദ്ദേഹം പശ്ചാത്തപിക്കുകയും, ചെയ്ത ആ കാരുണ്യത്തിൻെറ മഹാത്മ്യത്തെ കൃതജ്ഞതയോടുകൂടി അംഗീകരിച്ചുകൊണ്ടു കൊണ്ടാടപ്പെടുന്ന ഒരു പുണ്യദിനമാണ്" ഈദ്. ലോകത്തിലുള്ള ഓരോ മുസ്ലീം ഭവനത്തിലും വിവിധവിഭാഗങ്ങളിൽപ്പെട്ട സ്ത്രീയും പുരുഷനും ത്യാഗത്തിൻെറ ഈ മഹോത്സവം അന്നു കൊണ്ടാടുന്നു.

ത്യാഗസുന്ദരമായ ഈദ് ഇക്കൊല്ലം ഇൻഡ്യയിൽ ദർശിച്ചതെന്താണ്? നവഖാലിയിലെ രക്തക്കളം; ബീഹാറിൽ അതിൻെറ പ്രതിക്രിയ.

കിഴക്കൻ ബംഗാളിലെ ഒരു പ്രധാന ജില്ലയായ നവ്ഖാലിയിൽ ആകെ 22,20,000 ജനങ്ങളുള്ളതിൽ ഇരുപത്തൊന്നര ശതമാനം മാത്രമേ ഹിന്ദുക്കളുള്ളു. മുക്കാൽ പങ്കിലധികവും മുസ്ലീങ്ങളാണ്. മറെറാരു മുസ്ലീം ഭൂരിപക്ഷജില്ലയാണ ടിപ്പെറാ. 38,60,000 ആളുകളുള്ളതിൽ 24 ശതമാനം മാത്രം ഹിന്ദുക്കളും 76 ശതമാനം മുഹമ്മദീയരുമാകുന്നു. ഈ രണ്ടു ജില്ലകളിൽ ഈദ്വാരത്തിൽ നടന്നതെന്താണ്? കൂട്ടക്കൊല; ബഹുഭൂരിപക്ഷമുള്ള മുസ്ലീങ്ങൾ യാതൊരപരാധവും ചെയ്തിട്ടില്ലാത്ത ഹിന്ദുസഹോദരന്മാരെ ചുമ്മാ കൊന്നൊടുക്കുക. പ്രകോപനഹേതുവൊന്നുമില്ലാതെ ഈ കശാപ്പുവേലയ്ക്കൊരുങ്ങുവാൻ — അതും ഈദ് മുബാരക്ക് ആശംസിക്കേണ്ട ഘട്ടത്തിൽ — അന്നാട്ടിലെ മുസ്ലീങ്ങൾക്കു ഭ്രാന്തു പിടിച്ചുവോ എന്നു ചോദിച്ചുപോകും; അതേ; ഒരു തരം ഭ്രാന്തുതന്നെയായിരുന്നു അത്; മുസ്ലീം നേതാക്കന്മാർ ഇളക്കിവിട്ട ഭ്രാന്ത്; അവർക്കുതന്നെ നിയന്ത്രിക്കാൻ നിവൃത്തിയില്ലാത്ത ഭ്രാന്ത്!

അതിനൊരു മറുമരുന്നെന്നോണം ബീഹാറിലെ ഹിന്ദുക്കൾക്കും മറെറാരുതരം ഭ്രാന്തു പിടിപെട്ടിരിക്കയാണ്. മൂന്നരക്കോടിയിലധികം ജനങ്ങൾ നിവസിക്കുന്ന ബീഹാറിൽ കഷ്ടിച്ചു 13 ശതമാനം മാത്രമേ മുസ്ലീങ്ങളുള്ളു. അവിടത്തെ ഹിന്ദുക്കൾ മനസ്സിരുത്തിയൊന്നുതിയാൽ കൊടുങ്കാററിൽപെട്ട പഞ്ഞിപോലെ പറപറക്കാനെ മുസ്ലീങ്ങൾ എണ്ണംകൊണ്ടുള്ളു. ഈദ് വാരത്തിൽ മുബാരക്ക് ആശംസിക്കുന്നതിനുപകരം മുസ്ലീം സുഹൃത്തുക്കളുടെ രക്തംകൊണ്ടു കുരുതി നടത്തുകയാണ് അവർ ചെയ്യുന്നത്.

ഈ നരബലിക്കൊരറുതി വരുത്താൻ നമ്മുടെ നേതാക്കന്മാർ, കോൺഗ്രസ്സുകാരും ലീഗുകാരും, കൂട്ടത്തിൽ വൈസ്രോയിയും ഗവർണ്ണരും ഉററുശ്രമിച്ചു. ഗാന്ധിജി ഇപ്പോഴും നവ്ഖാലിയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയ്ക്ക് അദ്ദേഹം വലിയൊരു ഭീഷണികൂടി പുറപ്പെടുവിച്ചിട്ടുണ്ട് — 24 മണിക്കൂറിനകം ബിഹാറിലെ ലഹള ശമിച്ചില്ലെങ്കിൽ മരണംവരെ ഉപവാസം തുടങ്ങുമെന്ന്. ഇത്തരം ലഹളകൾ എല്ലാ വിധത്തി

---

## ... വാളത്തിനുള്ളിൽ

---

ലും അപലപനീയമാണെന്ന് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. ലഹളയിൽ ഇമ്പം പിടിച്ചു നടന്നിരുന്നവർപോലും ഇത്ര പൈശാചികമായ കൂട്ടക്കൊല പ്രതീക്ഷിച്ചിരുന്നതല്ല; ജിന്നാസാഹിബ്ബോ, ജവാഹർലാൽജിയോ ഇങ്ങനെയൊരു ലഹള വേണമെന്ന് ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ഏതായാലും എല്ലാം ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുപോലെ — ഈ കൂട്ടക്കൊല നിലച്ചു കാണാൻ ആഗ്രഹിക്കുന്നു. അകത്തും പുറത്തും അഹിംസാസിദ്ധാന്തം മുറുകെപ്പിടിക്കുന്ന ഗാന്ധിജിക്ക് ഈ രക്തക്കുരുതി തീരെ ദുസ്സഹമായി അങ്ങേ അററത്തെ ആത്മാർപ്പണത്തിനു പോലും അദ്ദേഹം സന്നദ്ധത പ്രദർശിപ്പിക്കുന്നതു സ്വാഭാവികമാണ്. ബീഹാറിൻെറ കാര്യം മാത്രം അദ്ദേഹം എടുത്തു പറയുന്നതു ദുർഗ്രഹമായിരിക്കുന്നുവെന്നേയുള്ളു. എന്തായാലും ഗാന്ധിജിയുടെ ആ പ്രായോപവേശത്തിനിടയാകുകയില്ലെന്നുതന്നെ നമുക്കു സമാധാനിക്കാം.

ഒരു കാര്യം വ്യക്തമാണ്: പാകിസ്ഥാൻ വാദികളുടെ ഹാലിളക്കമാണ് ഈ കൂട്ടക്കൊല തുടങ്ങിവച്ചത്; അതിൻെറ അനാശാസ്യമായ പ്രതിക്രിയ ബീഹാറിൽ നാം കാണുകയും ചെയ്തു. രാഷ്ട്രീയമായി അഭിപ്രായഭിന്നതകളുണ്ടാകാം. വാദപ്രതിവാദങ്ങളും വ്യവസ്ഥാപിതപ്രക്ഷോഭണങ്ങളും നടന്നേക്കാം. എന്നാൽ അക്രമംകൊണ്ടു തന്നിഷ്ടം നേടാമെന്നാരും വിചാരിക്കരുത്; ഒരു ഗവണ്മെൻറും അതിനനുവദിക്കുകയില്ല. അക്രമം അക്രമത്തെ പെരുപ്പിക്കുകമാത്രമേ ചെയ്യുകയുള്ളു. ഈ ചരിത്രവസ്തുത ഹിന്ദുക്കളും മുസ്ലീംകളും വിസ്മരിക്കരുത്; വിസ്മരിക്കുമ്പോഴൊക്കെയും അതനുസ്മരിപ്പിക്കേണ്ട കർത്തവ്യം ഗവണ്മെൻറിൻെറ ആയുധത്തിനുള്ളതാണ്. ഈദ്-മുബാരക്ക് ആശംസിക്കേണ്ട സന്ദർഭത്തിൽ ഈ പരമാർത്ഥമെങ്കിലും മറക്കാതിരുന്നാൽ, ഇൻഡ്യയിൽ പല ദിക്കിലുമുള്ള കലാപം താനേ നിലച്ചുകൊള്ളും.

### റിപ്പബ്ലിക്കൻ വിജയം

ഈ ആഴ്ചയിൽ അമേരിക്കയിൽ നടന്ന പൊതുതെരഞ്ഞെടുപ്പു പല പരിവർത്തനങ്ങൾക്കും നിദാനമായിത്തീരുന്നതാണ്. 1936-നുശേഷം ഇതുവരെയും പ്രാബല്യത്തിലിരുന്ന ഡിമോക്രാററിക്ക് കക്ഷിയെ പരാജയപ്പെടുത്തി, റിപ്പബ്ലിക്കൻ കക്ഷി വിജയം വരിച്ചിരിക്കുന്നു. ഈ റിപ്പബ്ലിക്കൻ വിജയം പ്രസിഡൻറ് ട്രൂമാൻെറ നിലയെ വളരെ പരുങ്ങലിലാക്കീട്ടുണ്ട്. അമേരിക്കൻ ജനതയുടെ വ്യക്തമായ ഈ വിധിയെ തുടർന്നു, പ്രസിഡൻറ് ട്രൂമാൻ രാജിവയ്ക്കുകയോ ആഭ്യന്തരനയത്തിൽ ഗണ്യമായ പരിവർത്തനങ്ങൾ വരുത്താൻ നിർബദ്ധനാകുകയോ ചെയ്യും. ഇന്നത്തെ അന്തർദ്ദേശീയ രംഗത്ത് അമേരിക്കയ്ക്കുള്ള അന്യാദൃശമായ നിലയോർക്കുമ്പോൾ ഈ പരിവർത്തനങ്ങളെല്ലാം ലോകരുടെ മുഴുവൻ ശ്രദ്ധയ്ക്കു വിഷയീഭവിക്കാതിരിക്കുകയില്ല.

വിദേശനയത്തെ സംബന്ധിച്ചിടത്തോളം ഡിമോക്രാററിക്ക് കക്ഷിയും റിപ്പബ്ലിക്കൻ കക്ഷിയും തമ്മിൽ യാതൊരന്തരവുമില്ല. ആഭ്യന്തരപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കയിൽ അഭിപ്രായൈക്യം മിക്കവാറും അസാദ്ധ്യമാണെന്ന് ഇതിനകംതന്നെ തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. എല്ലാ കമ്മിററികളുടേയും അദ്ധ്യക്ഷന്മാരേയും ഭൂരിപക്ഷം അംഗങ്ങളേയും തെരഞ്ഞെടുക്കാൻ ഇനി റിപ്പബ്ലിക്കൻ കക്ഷിക്കായിരിക്കും അധികാരമെന്നുള്ളതുകൊണ്ട് ... സ ...

# ദക്ഷിണാഫ്റിക്കൻ പ്രശ്നം

## ഇന്ത്യാഗവമ്മെണ്ടിന്റെ മെമ്മോറാണ്ടം

**ദക്ഷിണാഫ്റിക്കയിലെ ഇൻഡ്യാക്കാരുടെ അവശതകൾ ഇപ്പോൾ ന്യൂയോർക്കിൽ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഐക്യരാഷ്ട്രസംഘടനയുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കുകയും ഇൻഡ്യാക്കാരുടെ കാര്യം പറയുവാൻ ഇൻഡ്യൻദേശീയ ഗവമ്മെൻറ മിസ്സസ് വിജയലക്ഷ്മി പണ്ഡിററിന്റെ നേതൃത്വത്തിൽ പ്രബലമായ ഒരു പ്രതിനിധിസംഘത്തെ നിയോഗിച്ചയയ്ക്കുകയും ചെയ്തിട്ടുള്ളതുകൊണ്ട് ആ പ്രശ്നത്തെപ്പററി സമഗ്രമായ ഒരു പഠനം ഈ അവസരത്തിൽ ആവശ്യമാണെന്നു തോന്നുന്നു. ഈ ലേഖനം അതിനുപകരിക്കും.**

ഇൻഡ്യയിൽ നിന്നു ദക്ഷിണാഫ്റിക്കയിലേക്കുള്ള കുടിയേററം ആരംഭിച്ചതു 1860-ാമാണ്ടിലാണ്. വെള്ളക്കാർക്കുള്ള എല്ലാ അവകാശങ്ങളും ഇൻഡ്യാക്കാർക്കുംനൽകുമെന്ന കരാറോടുകൂടിയാണ് ഈ കുടിയേററം ആരംഭിച്ചതും. എന്നാൽ ആ കരാർലംഘിക്കപ്പെട്ടു; ദക്ഷിണാഫ്റിക്കയിൽഇൻഡ്യക്കാർക്കു അവശതകൾ ഓരോന്നോരോന്നായി നേരിടേണ്ടിവന്നു. അതിന്റെസംഗ്രഹമാണു ചുവടെ ചേർക്കുന്നത്.

### വോട്ടവകാശം

നാററാളിൽ യൂറോപ്യൻ വർഗ്ഗക്കാരല്ലാത്തവർക്കെല്ലാം വോട്ടവകാശയോഗ്യതയില്ലെന്നു വ്യവസ്ഥചെയ്തുകൊണ്ടു 1896-ൽ പാർലമെൻറിൽ ഒരു നിയമം പാസ്സാക്കി. അക്കാലത്തു വോട്ടേഴ്സ്‌ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഇൻഡ്യാക്കാരെ ഈ നിയമത്തിൽനിന്നൊഴിവാക്കിയെങ്കിലും 1929-ാമാണ്ടായപ്പോഴേയ്ക്കും ഇന്ത്യൻ വോട്ടർമാരുടെ എണ്ണം കേവലം 16 ആയി കുറഞ്ഞു. 1946-ലെ ഏഷ്യാററിക്ക് ഭൂസ്വത്തുടമനിയമമനുസരിച്ചു നാററാളിലെ പ്രോവിൻഷ്യൽകൌൺസിൽ രണ്ടു ഇൻഡ്യാക്കാർക്കു വർഗ്ഗീയമുറയ്ക്കു പ്രാതിനിധ്യമനുവദിച്ചിട്ടുണ്ട്. ഇൻഡ്യാക്കാരോളം മാത്രമേ ജനസംഖ്യയുള്ളുവെങ്കിലും യൂറോപ്യൻ സമുദായത്തിനു 25 സീററു മാററി വച്ചിരിക്കുന്നു.

### ട്രാൻസ്‌വാളിൽ

1885-ലെ മൂന്നാം നിയമമനുസരിച്ച് ഇൻഡ്യാക്കാരുൾപ്പെടെ എല്ലാ ഏഷ്യാക്കാർക്കും പൗരാവകാശം നിഷേധിച്ചിരിക്കുന്നു. യൂറോപ്യന്മാർക്കു മാത്രമേ നിയമസഭയിൽ വോട്ടവകാശമുണ്ടായിരിക്കയുള്ളു വെന്നു മറെറാരു നിയമവും പിന്നീടു പാസ്സാക്കിട്ടുണ്ട്.

ഓറഞ്ച് ഫ്റീ സ്റ്റേററിൽ ഇൻഡ്യക്കാരുടെ സ്ഥിരതാമസംതന്നെ നിരോധിക്കപ്പെട്ടിരിക്കയാണ്; വോട്ടവകാശം അപ്പോൾ ഉദിക്കുന്നതേയില്ലല്ലോ.

### ദക്ഷിണാഫ്റിക്കൻ യൂണിയൻ

യൂറോപ്യൻ വർഗ്ഗത്തിൽപെട്ട ബ്രിട്ടീഷ് പ്രജയല്ലാത്ത യാതൊരാളും സെനററിലോ അസംബ്ളിയിലോ അംഗമായിരിക്കാൻ പാടില്ലെന്ന് 1909-ൽ ഒരു നിയമമുണ്ടാക്കി. കേപ് പ്രോവിൻസിലെ ഇൻഡ്യാക്കാരൊഴിച്ച് മററ് ഇൻഡ്യാക്കാർക്കും വോട്ടവകാശം പോലുമില്ലെന്നും വ്യവസ്ഥചെയ്തു- ഭൂസ്വത്തുടമനിയമമനുസരിച്ച് അസംബ്ളിയിൽ മൂന്നും സെനററിൽ രണ്ടും മെംബർമാർ ഇൻഡ്യൻ പ്രാതിനിധ്യം വഹിക്കാനുണ്ടായിരിക്കും. അവർ യൂറോപ്യൻ വർഗ്ഗത്തിൽ ഉൾപ്പെട്ടവരായിരിക്കണമെന്നും വ്യവസ്ഥയുണ്ട്.

അതേസമയത്ത് യൂറോപ്യന്മാർക്ക് അസംബ്ളിയിൽ 150-ഉം സെനററിൽ 40-ഉം സീററുകളുണ്ട്.

മുനിസിപ്പാലിററികളിൽപോലും ഇൻഡ്യക്കാർക്കു വോട്ടവകാശവും പ്രാതിനിധ്യവും പരിമിതമാണ്.

### കുടിയേററം

ദക്ഷിണാഫ്റിക്കൻ യൂണിയനിലേക്കോ അതിലുൾപ്പെട്ട ഏതെങ്കിലും പ്രോവിൻസിലേക്കോ ഉള്ള കുടിയേററം 1913-ലെ 22-ാം നിയമപ്രകാരം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. അതിൽ ഇൻഡ്യക്കാരുടെ കുടിയേററത്തെ നിരോധിക്കുന്നില്ലെങ്കിലും, ആഭ്യന്തര മന്ത്രിക്ക് അതു തടയാനുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഏതെങ്കിലുമൊരു യൂറോപ്യൻഭാഷയിൽ പരീക്ഷിച്ച് അതിൽ തോല്ക്കുന്നവരെയെല്ലാം കുടിയേററത്തിൽനിന്നു നിരോധിക്കുന്നു. ഇഷ്ടമില്ലാത്തവരെയെല്ലാം അകററിനിത്താനുള്ള ഫലപ്രദമായ ഒരായുധമാണ് ഇത്.

ഒരു പ്രോവിൻസിലുള്ള ഇൻഡ്യാക്കാരെ മറെറാരു പ്രോവിൻസിലേക്കു പോകാൻ അനുവദിക്കുകയില്ല; ചില പ്രോവിൻസുകളിൽ താമസിക്കുന്നവരെ സ്ഥിരതാമസക്കാരാകാനും അനുവദിക്കുകയില്ല.

### ഭൂസ്വത്തുടമ

1926-ലെ ബൊറോസ് ഓഡിനൻസനുസരിച്ചു ഭൂസ്വത്ത് ഏതെങ്കിലും ഒരു പ്രവർഗ്ഗത്തിനു വില്ക്കുന്നതിനെ നിയന്ത്രിക്കാൻ പ്രോവിൻഷ്യൽ ഗവമ്മെൻറിനെ അധികാരപ്പെടുത്തീട്ടുണ്ട്. ഈ അധികാരം ഇൻഡ്യക്കാർക്കെതിരായി പ്രയോഗിച്ചുവരുന്നു. "ഈ ഭൂമി വാങ്ങുന്നവരും അവരുടെ അനന്തരാവകാശികളും ഭരണകർത്താക്കളും ഏഷ്യക്കാർക്കോ ഏഷ്യൻ വംശജർക്കോ ഇതു വില്ക്കുകയോ, പാട്ടത്തിനേല്പിക്കുകയോ ചെയ്യാൻ പാടില്ലെ"ന്നു ആധാരങ്ങളിലെ ഒരു സാധാരണവ്യവസ്ഥയായിത്തീർന്നു.

### പെഗ്ഗിംഗ് ആക്ട്

നാററാളിൽ 1943 വരെ ഇൻഡ്യക്കാർ ഭൂമി വാങ്ങുന്നതിനോ കൈവശം വയ്ക്കുന്നതിനോ യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. 1943-ൽ ട്രാൻസ്‌വാളിലും നാററാളിലും ഭൂസ്വത്തുക്രയവിക്രയവും ഉടമാവകാശവും സംബന്ധിച്ചുണ്ടാക്കിയ നിയമമാണു പെഗ്ഗിംഗ് ആക്ട് എന്ന പേരിൽ അറിയപ്പെടുന്നത്. 1943 മാർച്ച് 22-ാംനു-വരെ ഏഷ്യാക്കാരുടെ കൈവശമല്ലാതിരുന്ന ഭൂമി ഡർബാനിലെ ഇൻഡ്യക്കാർ വാങ്ങുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നമെങ്കിൽ മന്ത്രിയുടെ പെർമിററ് വേണം എന്നു പെഗ്ഗിംഗ് ആക്ടിൽ നിബന്ധിതമായിരുന്നു. 1946-ൽ ആ നിയമം റദ്ദാക്കി ഏഷ്യാററിക്ക ഭൂസ്വത്തുടമനിയമം പാസ്സാക്കി. നിയമപ്രകാരമോ ഗവർണ്ണർ ജനറലിന്റെ വിളംബരമനുസരിച്ചോ ഒഴിവാക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളൊഴിച്ചാൽ മററുപ്രദേശങ്ങളിൽ ഇൻഡ്യക്കാർ ഭൂമി വാങ്ങുകയും കൈവശംവയ്ക്കുകയും ചെയ്യുന്നതിനെ നിയന്ത്രിച്ചുകൊണ്ടുള്ള നിയമമാണ്. ഏഷ്യക്കാരല്ലാത്തവർ ഏഷ്യക്കാർക്കു ഭൂമി വില്ക്കാൻ തയ്യാറുണ്ടെങ്കിൽത്തന്നെയും, അതിനു മന്ത്രിയുടെ പെർമിററു വേണമെന്നാണു നിയമം.

ഇൻഡ്യൻ ഭൂസ്വത്തുടമയെ നിയന്ത്രിച്ചുകൊണ്ടുള്ള ആദ്യത്തെ നിയമം 1885-ൽ ട്രാൻസ്‌വാളിലാണുണ്ടാക്കിയത്. സ്ഥാവരവസ്തുക്കളുടെ ഉടമാവകാശം അതു ഏഷ്യാക്കാർക്കു നിഷേധിച്ചു. അവരുടെ താമസത്തിനു ചില നിശ്ചിതസ്ഥാനങ്ങളും നിർദ്ദേശിക്കുകയും ചെയ്തു.

1908-ൽ സ്വർണ്ണനിയമം നടപ്പാക്കി. കറുത്തവർഗ്ഗക്കാരുടെ (ഇൻഡ്യക്കാരും ഇക്കൂട്ടത്തിലുൾപ്പെടുന്നു) ഭൂസ്വത്തുടമയേയും താമസസ്ഥലത്തെയും നിയന്ത്രിച്ചുകൊണ്ടുള്ള നിയമമായിരുന്നു അത്. ഈ നിയന്ത്രണം ഏഷ്യാററിക്ക് കമ്പനികൾക്കുകൂടി ബാധകമാക്കിക്കൊണ്ടു 1919-ൽ ഒരു ഭേദഗതി വരുത്തി.

1939-ൽ പാസ്സാക്കപ്പെട്ടതും 1941-ലും 1943-ലും ഭേദഗതി ചെയ്യപ്പെട്ടതുമായ ഏഷ്യാററിക്ക വ്യാപാരനിയന്ത്രണനിയമമനുസരിച്ച് ഏതെങ്കിലും ഒരു പുതിയ ബിസിനസ്സ് തുടങ്ങുന്നതിനോ സ്ഥലം മാററുന്നതിനോ ലൈസൻസിന് അപേക്ഷിക്കുന്നതിനു മുമ്പ് ഏഷ്യാക്കാർ ആഭ്യന്തരവകുപ്പുമന്ത്രിയിൽനിന്ന് ഒരു പെർമിററ് വാങ്ങിച്ചുകൊള്ളണമെന്നു നിബന്ധനയുണ്ടായി. 1939 ഏപ്രിൽ 30-ാംനു-വരെ ഏഷ്യക്കാരുടെ കൈവശത്തിലില്ലായിരുന്ന സ്ഥലം ഏഷ്യക്കാർക്കു വാടകയ്ക്കുകൊടുക്കുകയോ, ഏഷ്യക്കാർ കൈവശപ്പെടുത്തുകയോ ചെയ്യുന്നമെങ്കിലും പെർമിററു വേണമെന്നു നിർബന്ധമായി.

---

ഡൻറ ട്രൂമാന്റെ എക്സിക്യൂട്ടീവിനു പല അസൌകര്യങ്ങളും നേരിടുമെന്നു തീർച്ചയാണ്. അധികാരത്തിലിരുന്നു പൊരുതുവാനാണു പ്രസിഡൻറുദ്ദേശിക്കുന്നതെങ്കിൽ രണ്ടുകൊല്ലം അങ്ങനെ ചെയ്യാൻ അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ട്; അതിനുമുമ്പ് ഉദ്യോഗം രാജിവച്ചൊഴിയുകയായിരിക്കും അദ്ദേഹത്തിനും അമേരിക്കയ്ക്കും ഉത്തമം.

—*—

# പെഗ്ഗിങ്ങ് ആക്ററ്

## 25 വർഷമായി അനുഭവിക്കുന്ന അവമതി

ഓറഞ്ച് ഫ്രീസ്റ്റേററിൽ യാതൊരു കാരണവശാലും ഇൻഡ്യക്കാർക്കു സ്ഥാവരവസ്തു ഉടമ പാടില്ലെന്നുള്ളതു കർശനനിയമമാണ്.

കച്ചവടം

നാററാളിൽ 1897 ലെ 18-ാം നിയമമനുസരിച്ചാണ് കച്ചവടത്തിനുള്ള ലൈസൻസു നൽകപ്പെടുന്നത്. ഹോൾസെയിൽ വ്യാപാരത്തിനോ റിട്ടെയിൽവ്യാപാരത്തിനോ ഉള്ള ലൈസൻസ് യഥേഷ്ടം നൽകാനും നൽകാതിരിക്കാനും ലൈസൻസിംഗ് ആഫീസർക്ക് അധികാരം നൽകീട്ടുണ്ട്. അദ്ദേഹത്തിന്റെ തീരുമാനത്തെ പുനഃപരിശോധന ചെയ്യാനോ മാററിമറിക്കാനോ യാതൊരു നീതിന്യായക്കോടതിക്കും അധികാരമില്ല.

ഇൻഡ്യക്കാർക്കു ലൈസൻസ് നൽകാതിരിക്കാനും മുമ്പു ലൈസൻസുലഭിച്ചിട്ടുള്ള ഇൻഡ്യക്കാർക്ക് അതു പുതുക്കിക്കൊടുക്കാതിരിക്കാനുമാണു ലൈസൻസിംഗ് ആഫീസർമാർ ഉററു ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു കുപ്രസിദ്ധമായ ഒരു പരമാർത്ഥമാണ്.

ഖനിമേഖലകളായി പ്രഖ്യാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ അങ്ങാടികളിലോ മൈനിംഗ് കമ്മീഷനർ നിർദ്ദേശിക്കുന്ന മറേറതെങ്കിലും സ്ഥാനത്തോ അല്ലാതെ കറുത്ത ജാതിക്കാർക്കു താമസിക്കാൻ പാടില്ല.

എന്തെങ്കിലും വ്യാപാരമോ കൃഷിയോ ചെയ്യുന്നതിനായി ഓറഞ്ച് ഫ്രീസ്റ്റേററിൽ ഇൻഡ്യക്കാരാരും പ്രവേശിച്ചുകൂടെന്നു നിയമമുണ്ട്.

വിദ്യാഭ്യാസം

ഈ ഒററതിരിപ്പൻ നയം വിദ്യാഭ്യാസകാര്യത്തിലും അനുവർത്തിക്കപ്പെടുന്നു. വെള്ളക്കാരുടെ കുട്ടികൾക്കുള്ള സ്കൂളുകളിലും കോളേജുകളിലും ഇൻഡ്യക്കാരെ പ്രവേശിപ്പിക്കുകയില്ല. യൂറോപ്യൻകുട്ടികൾക്ക് ഏതാണ്ടു പതിനാററപ്പവൻ വീതം സഹായധനം നൽകുമ്പോൾ ഇൻഡ്യൻവിദ്യാർത്ഥികൾക്ക് അഞ്ചേകാൽ പവൻ മാത്രമേ അനുവദിക്കുന്നുള്ളു.

ഇൻഡ്യക്കാരായ അദ്ധ്യാപകന്മാരും പല അവശതകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. 1930 വരെ യൂറോപ്യന്മാരും അല്ലാത്തവരുമായ അദ്ധ്യാപകന്മാർ തമ്മിൽ യാതൊരന്തരവുമുണ്ടായിരുന്നില്ല. 1930-ലും 32-ലും പാസ്സാക്കിയ ഓർഡിനൻസനുസരിച്ച് യൂറോപ്യൻ അദ്ധ്യാപകന്മാർക്കുള്ള സൌജന്യങ്ങൾ വളരെ വർദ്ധിപ്പിച്ചു.

വിവാഹം

ട്രാൻസ്‌വാളിൽ 1897-ലെ മൂന്നാം നിയമമനുസരിച്ച് വെള്ളക്കാരും കറുത്തവരും തമ്മിലുള്ള വിവാഹബന്ധം നിരോധിക്കപ്പെട്ടിരിക്കുന്നു.

യാത്രാസൌകര്യം

ഉയർന്ന ക്ലാസ്സിൽ യാത്രചെയ്യുന്ന ഇൻഡ്യക്കാർപോലും പ്രത്യേകം കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യാൻ നിർബന്ധിതരാണ്. ട്രാൻസ്‌വാളിലും നാററാളിലും യൂറോപ്യന്മാരല്ലാത്തവർക്കുദ്ദേശിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളിൽപോലും ഇൻഡ്യക്കാർക്കു ചില പ്രത്യേകസ്ഥാനങ്ങളിൽ ഇരിക്കുവാനേ അവകാശമുള്ളു.

തൊഴിലുകൾ

ഖനികളിലും മററും വിദഗ്ദ്ധത്തൊഴിലിനുള്ള സർട്ടിഫിക്കററ യൂറോപ്യന്മാർക്കു മാത്രമേ നൽകാവു എന്നു നിയമമുണ്ട്. പരിശീലനത്തിനുള്ള സൌകര്യവും ഇൻഡ്യക്കാർക്കു നിഷേധിക്കപ്പെട്ടിരിക്കയാണ്.

ഉല്പന്നങ്ങളുടെ വില്പനസംബന്ധിച്ചുള്ള പദ്ധതികളെ സംബന്ധിച്ച് വോട്ടു ചെയ്യാനുള്ള അവകാശം ഇൻഡ്യക്കാർക്കു നിഷേധിച്ചിരിക്കുന്നു.

പെൻഷൻ

1928-ലെ പെൻഷ്യൻ നിയമത്തിൽനിന്നും 1936-ലെ അന്ധസഹായനിയമത്തിൽനിന്നും അടുത്ത കാലംവരെ ഇൻഡ്യക്കാരെ ഒഴിവാക്കിയിരിക്കുകയായിരുന്നു. 1944-ൽ ഇൻഡ്യക്കാരെക്കൂടി അതിൽ ഉൾപ്പെടുത്തിയെങ്കിലും യൂറോപ്യന്മാർക്കു കൂടുതൽ സൌജന്യങ്ങൾ അനുവദിച്ചിരിക്കുന്നു.

ഗവർമ്മെൻറുദ്യോഗം

ഗവർമ്മെൻറുദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം നിയമപ്രകാരം നിയന്ത്രണമൊന്നുമില്ലെങ്കിലും, താണ ജോലികളിലല്ലാതെ ഇൻഡ്യക്കാരെ നിയമിക്കാറില്ല. ഇൻഡ്യക്കാർക്കു മാത്രമുള്ള വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരായും ചില കോടതികളിൽ തർജ്ജമക്കാരായും മാത്രമാണ് ഇൻഡ്യക്കാരെ നിയമിക്കുന്നത്.

മുനിസിപ്പാലിററികൾ

ഏഷ്യക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ യൂറോപ്യന്മാർ താമസിക്കുന്നതു ഡർബാനിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. വെള്ളക്കാർക്കും ഇൻഡ്യക്കാർക്കും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാനുള്ള ഭോജനശാലകളും തടയപ്പെട്ടിരിക്കയാണ്.


ജോഹന്നസ്ബർഗിൽ ഏഷ്യക്കാർക്കു മാത്രമായി അങ്ങാടികളും ഭോജനശാലകളും ഏർപ്പെടുത്തിയിരിക്കയാണ്.

ആയുധങ്ങൾ

1937-ൽ യൂണിയൻ പാസ്സാക്കിട്ടുള്ള നിയമമനുസരിച്ച് ഒരു യൂറോപ്യനോ യൂറോപ്യൻകമ്പനിക്കോ അല്ലാതെ ആയുധം കൈവശം വയ്ക്കാനോ ആയുധവ്യാപാരം നടത്താനോ പാടില്ല.

പലവക

ലാൻഡ്ബാങ്കുകൾ യൂറോപ്യൻ കർഷകർക്ക് വായ്പ നൽകിസഹായിക്കുമ്പോൾ ഇൻഡ്യക്കാർക്കു വായ്പ നൽകുന്നില്ല. ആസ്പത്രികൾ, തപാൽ-കമ്പിആഫീസുകൾ, റെയിൽവേ ബുക്കിംഗ് ആഫീസുകൾ മുതലായ പൊതുസ്ഥലങ്ങളിൽ യൂറോപ്യന്മാർക്കും അല്ലാത്തവർക്കും പ്രത്യേകം കൌണ്ടറുകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ചില ലൈബ്രറികളിൽപോലും ഇൻഡ്യക്കാർക്കു പ്രവേശനം നൽകാറില്ല.



ദക്ഷിണാഫ്റിക്കൻ മർദ്ദനത്തിനെതിരായി സത്യഗ്രഹസമരം നടത്തിയ വീരയോദ്ധാവ്.

അങ്ങനെ കഴിഞ്ഞ 25 വർഷത്തിലധികമായി ഇൻഡ്യക്കാരെ ഒററ തിരിക്കുന്ന നയം ദക്ഷിണാഫ്റിക്കൻ ഗവർമ്മെൻറു തുടർന്നു വരികയാണ്.

ഇൻഡ്യൻ കുടിയേററത്തിനനുവദിച്ച ഒരു കക്ഷിയെന്ന നിലയിൽ ഇൻഡ്യാഗവർമ്മെൻറ് ഈ അവമതികളെല്ലാം കണ്ടു സഹിച്ചിരിക്കുക സാദ്ധ്യമല്ലെന്നായി. ഈക്കാര്യത്തിൽ പല തവണ ഇൻഡ്യാഗവർമ്മെൻറ് ഇടപെട്ടുനോക്കി. 1926-ലും 1932-ലും വട്ടമേശസമ്മേളനം നടത്തപ്പെട്ടു. 1982-ൽ കേപ്ടൌണിൽവച്ചുകൂടിയ വട്ടമേശസ്സമ്മേളനത്തിൽ ഒരു ഒത്തുതീർപ്പുണ്ടായി. എന്നിട്ടും ദക്ഷിണാഫ്റിക്കൻ ഗവർമ്മെൻറു മർദ്ദനനയം തുടർന്നു. അവസാനം ഒരു വട്ടമേശസ്സമ്മേളനം കൂടി നടത്താനുള്ള ഇൻഡ്യയുടെ നിർദ്ദേശം നിരസിക്കപ്പെട്ടു. അതോടുകൂടി കേപ്പ്ടൌൺ കരാർ തകർന്നതായി ഇൻഡ്യഗവർമ്മെൻറു പ്രഖ്യാപനം ചെയ്തു. അവസാനം ദക്ഷിണാഫ്റിക്കയുമായുള്ള കച്ചവടക്കരാർ കൂടി ഇൻഡ്യ റദ്ദുചെയ്യുകയും ഹൈക്കമ്മീഷണറെ ആഫ്റിക്കയിൽ നിന്നു മടക്കി വിളിക്കുകയും ചെയ്തു.

അങ്ങനെ ഇൻഡ്യയും ദക്ഷിണാഫ്റിക്കയും തമ്മിലുള്ള സൌഹാർദ്ദബന്ധം തകർന്നിരിക്കയാണ്. ഈക്കാര്യം ഐക്യരാഷ്ട്രസംഘടനയുടെ 10-ം 14-ം ചാർട്ടറനുസരിച്ച് ജനറൽ അസംബ്ലിയുടെ പര്യാലോചനയ്ക്കു വിഷയമാക്കണമെന്നു 1946 ജൂൺ 20-ാനു- അന്ന് ഇൻഡ്യാഗവർമ്മെൻറിന്റെ പ്രതിനിധിയായിരുന്ന സർ എ. രാമസ്വാമിമുതലിയാർ ആവശ്യപ്പെട്ടു. അതനുസരിച്ചാണ് ഇപ്പോൾ യു. എൻ. ഓ. യുടെ പൊളിററിക്കൽ കമ്മിററിയുടേയും ലീഗൽകമ്മിററിയുടേയും ആലോചനയ്ക്കു ഇതു വിഷയീഭവിച്ചിരിക്കുന്നത്.

★

# സ്വതന്ത്ര ഭാരത സർക്കാർ

## ആരോപണങ്ങൾക്കുള്ള മറുപടി

(എസ്. രാമൻകുട്ടി)

നേതാജിയേയും അദ്ദേഹത്തിൻെറ പ്രസ്ഥാനത്തെയും അവഹേളിക്കുവാൻ പുറപ്പെട്ട കെ. പി. കേശവമേനോനേയും അതിനുപ്രേരകമായ അദ്ദേഹത്തിൻെറ മനഃസ്ഥിതിയുടെ പശ്ചാത്തലത്തേയും ചിത്രീകരിക്കുകയാണു കഴിഞ്ഞ ലേഖനം കൊണ്ടു ഞാനുദ്ദേശിച്ചതു്. അടിസ്ഥാനമില്ലാത്ത അദ്ദേഹത്തിൻെറ ആക്ഷേപങ്ങൾക്കു് അതർഹിക്കുന്ന രീതിയിൽ മറുപടി പറയുവാൻ ഇനി ഞാൻ ശ്രമിക്കട്ടെ.

ശ്രീ. കേശവമേനോനു ഇതേവരെ എഴുതിത്തള്ളിയ ലേഖനങ്ങളെക്കൊണ്ടു താനുദ്ദേശിച്ച കാര്യം എന്താണെന്നു ഇത്തവണത്തെ 'മാതൃഭൂമി, ആഴ്ചപ്പതിപ്പിൽ (20–10–46) തെല്ലൊന്നു പ്രകാശിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ 'ആലോചനയും ഭയവും,, എന്തായിരുന്നുവെന്നു വിവരിക്കുന്ന അദ്ദേഹത്തിൻെറ വാചകങ്ങൾതന്നെ താഴെ ഉദ്ധരിക്കാം. അങ്ങിനെ അദ്ദേഹം മുന്നോട്ടേറിയ വഴിയിലൂടെ പിന്നോക്കം മടങ്ങാം. അപ്പോൾ വഴിയിൽക്കാണുന്ന ചില അടിയുറക്കാത്ത കുററികളെ പറിച്ചുനീക്കിയാൽ മാർഗ്ഗം ശുദ്ധമാവും. കെ. പി. കെ. എഴുതുന്നു:— "എൻെറ അഭിപ്രായങ്ങളെ ഈ വിധത്തിൽ പറയുന്നതു കൊണ്ടു വായനക്കാരിൽ ചിലൎക്കുണ്ടാവാനിടയുള്ള ഈർഷ്യത എനിക്കു മനസ്സിലാക്കുവാൻ സാധിക്കും. നിഷ്പക്ഷവാദികളുടെ നിലയിൽ ഇരുന്നു ശാന്തമായി ചിന്തിക്കുന്നതായാൽ അവർകൂടി എൻെറ അഭിപ്രായത്തോടുകൂടി യോജിച്ചുവെന്നു വരാം. അതുണ്ടായാലും ഇല്ലെങ്കിലും ഈ പ്രസ്ഥാനത്തിൽനിന്നു വിട്ടുനിൽക്കുവാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങൾ എൻെറ നാട്ടുകാരെ അറിയിക്കേണ്ടുന്ന കടമ എനിക്കുണ്ടു്. അതു നിർവ്വഹിക്കുവാൻ മാത്രമാണു്. ഈ ലേഖനത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്,, ആസാദ്ഹിന്ദു് ഗവർമെണ്ടിൽ താൻ പങ്കെടുക്കാതിരുന്നതു് തൻെറ വ്യക്തിത്വത്തിനു കുറെ കുറവായെന്നും, രാജ്യത്തിൻെറ പേരിൽ താൻ ചെയ്ത ഒരു ഭീമാബദ്ധമാണു് അതെന്നും കെ. പി. കെക്കു് നല്ല ബോധ്യമുണ്ടു്. ആ പരമാർത്ഥത്തെ കണ്ണടച്ചു നമ്മരിക്കുന്നതിൽ ഭേദം സ്വന്തമായ ഒരഭിപ്രായത്തിൽ ചേരിതിരിഞ്ഞതിന്നു് പ്രസ്ഥാനത്തിലും, പരിപാടിയിലും നേതാജിയിൽതന്നെയും തനിക്കുള്ള അവിശ്വാസംകൊണ്ടാണു് നിസ്സഹകരണം അനുഷ്ഠിച്ചതെന്നു പറയുകയും, അതിനെ സമർത്ഥിക്കുവാൻ ഉപയോഗിക്കുന്ന ദുഷ്പ്രചരണങ്ങളെക്കൊണ്ടു ആ മഹൽപ്രസ്ഥാനത്തിൻെറ മുഖത്തു കരിവാരിത്തേക്കുകയും ചെയ്താൽ ഒരുപക്ഷെ തൻെറ തെററിനെ നാട്ടുകാർ ക്ഷമിച്ചേക്കുമെന്ന ഒരാശമാത്രമാണു് തൻെറ ലേഖനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു് മേൽ പ്രസ്താവന വ്യക്തമാക്കുന്നുണ്ടു്. അതുകൊണ്ടുതന്നെയാണു് അടിസ്ഥാനമില്ലാത്ത തൻെറ പ്രസ്താവനയോടു നിഷ്പക്ഷമായ് ചിന്തിക്കുന്നവർ കൂടി യോജിക്കുമോ എന്നു സംശയിക്കുന്നതും. ഒരു തെററിനെ മാററാൻ മറെറാരു തെററുകൂടി ചെയ്യുകയാണു് ഈ കള്ളച്ചരക്കുവില്പനയുടെ ലാഭമെന്നു് അദ്ദേഹത്തിൻെറ അടുത്തബന്ധുക്കളെങ്കിലും പറഞ്ഞു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

"നേതാജി,, തൻെറ ഏകച്ഛത്രാധിപത്യം വിധേയമായ ഒരു ഭരണരീതിയാണു് ഇന്ത്യയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചതെന്നും ആ ഉദ്ദേശത്തെ പ്രചരിപ്പിക്കാൻ രഹസ്യമായ് 'ലീഗി,നെ ഉപയോഗപ്പെടുത്തിയെന്നും തെളിയിക്കുവാൻ അദ്ദേഹം — കെ. പി. കെ. സ്വീകരിക്കുന്ന ഉപാധി ഇതാണു്.

"യോഗങ്ങൾകൂടുമ്പോൾ മൂന്നു മുദ്രാവാക്യങ്ങൾ മാത്രമെ വിളിച്ചുപറയാവൂ എന്നു നിർബന്ധമുണ്ടായിരുന്നു. "ആസാദ്ഹിന്ദു സിന്ദാബാദ്,, "ഇൻക്വിലാബ് സിന്ദാബാദ്,, "നേതാജി കീ ജെ" ഇങ്ങിനെ മൂന്നു വാക്യങ്ങൾ മാത്രമായിരുന്നു..........

എന്നാൽ മേല്പറഞ്ഞ മൂന്നു വാക്യങ്ങൾ മാത്രമെ വിളിച്ചുപറയുവാൻ പാടുള്ളു എന്നു് ആസാദ്ഹിന്ദ് ഗവൺമെണ്ടിൻെറ അധികാരികൾ പ്രസിദ്ധംചെയ്തിരുന്നതുകൊണ്ടു് മറെറാരു നേതാവിന്നും പൊതുജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനമില്ലാതെവന്നു,, ലീഗ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും പുറപ്പെടുവിച്ചിരുന്ന നിർദ്ദേശങ്ങളനുസരിച്ചു അതാതു കാലങ്ങളിൽ ആഘോഷിച്ചിരുന്ന ഗാന്ധിജയന്തിയും തിലകദിനവും മററും കെ. പി. കെ. യുടെ സ്മൃതിപഥത്തിൽനിന്നു ചോർന്നുപോയതു കഷ്ടം തന്നെ. മറെറാരു നേതാവിന്നും സ്ഥാനം കൊടുക്കരുതെന്നു ബോസിന്നു് ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ എന്തിന്നു ഗാന്ധിജയന്തി കൊണ്ടാടാൻ അനുവദിക്കണം? ലീഗിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ഹിന്ദിയിലും, ഇംഗ്ലീഷിലും, മലയാളത്തിലും, തമിഴിലും ഉള്ള പത്രങ്ങളുടെ ഗാന്ധിജയന്തി വിശേഷാൽപ്രതികൾ പരിശോധിച്ചാൽതന്നെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്നും അതിൻെറ നേതാക്കന്മാൎക്കും ആസാദ് ഗവർമ്മെണ്ടു് എന്തു സ്ഥാനമാണു കല്പിച്ചുകൊടുത്തിരുന്നതെന്നു കാണാവുന്നതാണു്. അതിന്നും പുറമെ ദേശീയസേനയിലെ ഓരോ വിഭാഗത്തിനും ഗാന്ധി ബ്രിഗേയിഡ്, നെഹ്റു ബ്രിഗേയിഡ് എന്നീ പേരുകൾ കൊടുത്തതും മററു നേതാക്കളെ മാനിക്കാഞ്ഞിട്ടാണോ? എന്തിന്നേറെ, ഗാന്ധിജിയുടെ 75–ാമത്തെ ജന്മദിനം പ്രമാണിച്ചു നേതാജി തന്നെ ചെയ്ത പ്രക്ഷേപണിപ്രസംഗത്തിൽ മഹാത്മാവിൻെറ അപദാനങ്ങളെ കീർത്തിച്ചതുപോലും കെ. പി. കെ. വിട്ടുകളഞ്ഞല്ലോ. കോൺഗ്രസ്സിൻെറ ചരിത്രം ക്രോഡീകരിച്ചുകൊണ്ടു ബോസു ചെയ്ത പ്രസംഗത്തിൻെറ ഒരു ഭാഗം താഴെ തർജ്ജിമചെയ്തു ചേൎക്കുന്നു.

"...അതി സൂക്ഷ്മമായ ഈ മാനസിക പരിവർത്തനഘട്ടത്തിലാണു ഗാന്ധി നിസ്സഹകരണപ്രസ്ഥാനവും സത്യാഗ്രഹവും ഉൾക്കൊള്ളുന്ന തൻെറ ദിവ്യ ആയുധവുമായി പ്രത്യക്ഷനായതു്. സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയെ സുകരമാക്കുവാൻ ദൈവം അനുഗ്രഹിച്ചയച്ച ഒരു ദിവ്യപുരുഷനെപ്പോലെയാണു് ആ മഹൽഗുരുവിൻെറ ആഗമനമുണ്ടായതു്. .... .... .... കഴിഞ്ഞ ഇരുപതുകൊല്ലക്കാലമായി മഹാത്മാഗാന്ധിയും അദ്ദേഹത്തെ അനുകരിക്കുന്ന നമ്മളും സ്വാതന്ത്ര്യത്തിനുവേണ്ടി അനവരതം പ്രയത്നിച്ചു വരികയാണു്. 1920-ൽ ആ പുതിയ ആയുധവുമായി മഹാത്മാഗാന്ധി പ്രത്യക്ഷപ്പെട്ടിരുന്നില്ലെങ്കിൽ ഇന്നും ഇന്ത്യയുടെ നിസ്സഹായത സ്വാതന്ത്ര്യപന്ഥാവിൽ വിലങ്ങടിച്ചു കിടന്നേനെ എന്നു പറഞ്ഞാൽ അതു് അതിശയോക്തി കലരാത്ത ഒരു വാസ്തവം മാത്രമാണു്. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ അദ്ദേഹത്തിൻെറ സേവനം അമൂല്യവും അതുല്യവുമാണു്.......ലോകചരിത്രത്തിൽ മഹാത്മാഗാന്ധിയോടു താരതമ്യപ്പെടുത്താവുന്ന വല്ലവരുമുണ്ടെങ്കിൽ അതു തുർക്കിയെ രക്ഷിച്ച കെമാൽ പാഷാ മാത്രമാണു്." പൂർവ്വേഷ്യയിൽ നടന്ന പരമാർത്ഥങ്ങളേയും ഈ വക പ്രസ്താവനകളേയും കണക്കാക്കാതെ മുദ്രാവാക്യങ്ങളുടേയും പൊതുയോഗത്തിൻെറയും മേൽ കൊണ്ടുവന്ന നിയന്ത്രണത്തെ ദുർവ്യാഖ്യാനം ചെയ്തതു തികച്ചും അവിവേകമായിപ്പോയി. മുദ്രാവാക്യങ്ങളേയും പൊതുയോഗങ്ങളേയും നിയന്ത്രിച്ചിട്ടെങ്കിൽ അതിൻെറ ഉദ്ദേശം ഞാൻ പറഞ്ഞുകൊടുക്കാം. മുസ്ലീം ലീഗിൻെറയും, മററുപാർട്ടികളുടേയും വായ് മൂടിക്കെട്ടാനും, സമുദായത്തിൻെറയും പാർട്ടിയുടേയും പേരിൽ ദേശീയസേനയിൽ ഭിന്നിപ്പുണ്ടാകാതിരിപ്പാനും മാത്രമാണു് ആ നിയന്ത്രണംകൊണ്ടുദ്ദേശിച്ചിരുന്നതു്. ശ്രീ. കെ. പി. കെ. തന്നെ ദേശീയപക്ഷത്തിൻെറ പേരിൽ ഉശിരുകൊണ്ടു് ആദ്യകാലത്തു് ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുമ്പോൾ മുസ്ലീം സഹോദരങ്ങൾ അവരുടെ കൊടി കുത്തി പ്രസംഗിച്ചതിനെ തുടർന്നുണ്ടായ അടികലശലും മററും, മററും അതിൽ നല്ലപോലെ പങ്കെടുത്ത കെ. പി. കെ. മറന്നുപോയതു് ഉപായമാണു്.

'നേതാജി'യെന്ന പദവും 'ജയ്ഹിന്ദ്' എന്ന പദവും ബോസു ജർമ്മനിയിൽനിന്നു വരുമ്പോൾ കീശയിലിട്ടുകൊണ്ടുവന്നതാണെന്നാണു് മേനോൻെറ മറെറാരു വാദം. 'ഹറവും' 'ഡ്യൂച്ചും' ജനിച്ച നാട്ടിലൂടെ കടന്നുപോന്ന ബോസ് എന്നുള്ളതാണു് ഈ വാദത്തിൻെറ അടിസ്ഥാനം. ഇൻഡിപെൻഡൻഡ് 'ലീഗ്' പൊതുജനങ്ങളുടെ അഭ്യർത്ഥനയുടെ ഫലമായി ഒരു മഹായോഗം വിളിച്ചുകൂട്ടി. അന്നത്തെ യോഗത്തിൽ തീരുമാനിച്ചതനുസരിച്ചാണു 'നേതാജി, എന്ന സ്ഥാനപ്പേർ നൽകിയതു്. അതല്ലെന്നു സ്ഥാപിക്കുവാൻ തെളിവൊന്നും കാണിക്കാതെ "ശരിയല്ലെന്നു,, [illegible] പറഞ്ഞു്

(ശേഷം കവർ 2-[illegible]ജിൽ)

## എ. ഐ. സി. സി. IV

# പാർശ്വവീക്ഷണം

പിറേറന്നു— സെപ്റ്റംബർ 24-ാനു- രാവിലെ 9 മണിക്ക് എ. ഐ. സി. സി വീണ്ടും സമ്മേളിച്ചപ്പോൾ, സദസ്സു മുഴുവൻ ഉൽക്കണ്ഠാഭരിതമായിരുന്നു. പണ്ഡിററ് പന്തിന്റെ പ്രമേയം പരാജയപ്പെട്ടാൽ ഇടക്കാലഗവൺമെൻറിൽനിന്നു കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം രാജിവെയ്ക്കുമെന്നൊരു കിംവദന്തി പ്രചരിച്ചിരുന്നു. സോഷ്യലിസ്റ്റുകക്ഷിയുടെയും, മൌലാനാ ആസാദിന്റെയും കഠിനമായ എതിർപ്പും, വാദപ്രതിവാദത്തിന്റെ ഗതിയും ആ പ്രമേയത്തെ പരാജയത്തിലേക്കാണു വഴി തെളിച്ചിരുന്നത്. അങ്ങനെ ആശങ്ക നിറഞ്ഞ അന്തരീക്ഷത്തിൽ രണ്ടാം ദിവസത്തെ വാദപ്രതിവാദം തുടങ്ങി.

പ്രമേയത്തെ എതിർത്ത് ഒന്നു രണ്ടു പ്രസംഗം കഴിഞ്ഞപ്പോഴേയ്ക്കും കാററു മാറി വീശി; ഇൻഡ്യയിലെ മികച്ച പ്രാസംഗികന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടാവുന്നവർ— പുതിയ രാഷ്ട്രപതിയായ ദാദാകൃപലാനി, ബോംബെ പ്രോവിൻഷ്യൽ കോൺഗ്രസ്സ് കമ്മിററി പ്രസിഡൻറായ ശ്രീ. എസ്. കെ. പാട്ടിൽ ആദിയായവർ- പ്രമേയത്തെ അനുകൂലിച്ചു. കൃപലാനിജിയുടേയും മിസ്സസ് സുചേതാകൃപലാനിയുടേയും ഇടയിലായിട്ടാണു് എനിക്കു് ഇരിപ്പിടം കിട്ടിയതു്. വളരെയധികം കേട്ടുപരിചയമുണ്ടായിരുന്നെങ്കിലും കൃപലാനിജിയുമായി അടുത്തു പരിചയപ്പെടുവാൻ അന്നേ എനിക്കു ഭാഗ്യം സിദ്ധിച്ചുള്ളു. തലയോടുമുഴുവൻ പരന്നുകിടക്കുന്ന നെററി, കഴുത്തുവരെ, നമ്മുടെ നാട്ടുമ്പുറത്തുകാരുടെമട്ടിലുള്ള 'പപ്പ്ച്ചൂൻ, തലമുടി, ഗരുഡന്റെ, കൊക്കുപോലെയുള്ളമൂക്ക്, ഇടുങ്ങിയ കണ്ണ്, ഒട്ടിയ കവിൾത്തടം, വൃത്തികെട്ടമീശ, രേഖമാത്രങ്ങളായ അധരോഷ്ഠങ്ങൾ, നീണ്ടുമെലിഞ്ഞ കഴുത്ത്, എടുത്തുപിടിച്ചുനിൽക്കുന്ന ചെവി, ആറടിപൊക്കവും, ഒരു വേട്ടിയുടെ ആകൃതിയുമുള്ള ശരീരം, കീറിപ്പറിഞ്ഞ പരുക്കൻ ഖദർ ജുബ്ബാ, മുഷിഞ്ഞനിറത്തിലുള്ള പാളസ്സാറ്, പഴകിയ പാപ്പാസ്സ് – ഇത്രയുമായാൽ കൃപലാനിജിയായി. ഒട്ടുമേ അനാകർഷകമായ ഒരു വിഗ്രഹമായിട്ടാണു് എനിക്കു തോന്നിയതു്. ആചാര്യ കൃപലാനി എന്നു് അദ്ധ്യക്ഷൻ പേരുവിളിച്ചപ്പോൾ ഉറക്കത്തിൽനിന്നെന്നപോലെ അദ്ദേഹം എഴുന്നേററു. മൈക്രോഫോണിന്റെ മുമ്പിലെത്തിയതോടെ ആളാകപ്പാടെ ഒന്നു മാറിപ്പോയി. ആത്മാർത്ഥതയുടെ തിരതല്ലുന്ന ജേസ്സ്; പ്രതിപക്ഷത്തെ വെല്ലുവിളിക്കുന്ന സ്വരം; ഉറച്ച ആത്മവിശ്വാസത്തിന്റെ ഹൃദയത്തിൽനിന്നുള്ള ഒരു വെള്ളച്ചാട്ടമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

മിക്കവരും, ദക്ഷിണേന്ത്യയിൽനിന്നുള്ളവർപോലും ഹിന്ദുസ്ഥാനിയിൽ കടിച്ചുപിടിച്ചെങ്കിലും പ്രസംഗിക്കുമ്പോൾ, ഒന്നാംതരം ഹിന്ദുസ്ഥാനിക്കാരനായ കൃപലാനിജി ഒരു വെള്ളക്കാരന്റെ ഇംഗ്ളീഷിലാണു സംസാരിച്ചതു്. സദസ്സിലുള്ളവരെല്ലാം സംഗതി മനസ്സിലാക്കണമെന്നു തനിക്കു നിർബന്ധമുള്ളതുകൊണ്ടാണു് ഇംഗ്ലീഷിൽ സംസാരിക്കുന്നതെന്നു് അദ്ദേഹം തുറന്നു പറയുകയും ചെയ്തു.

അദ്ദേഹത്തിന്റെ വാദമുഖം ഇതായിരുന്നു: ഇപ്പോഴത്തെ ഘടനയനുസരിച്ചു പ്രവർത്തകക്കമ്മിററി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടു ഭാരം കോൺഗ്രസ്സ് പ്രസിഡൻറിനുള്ളതാണു്. അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിനുണ്ടു്. കോൺഗ്രസ്സ് ഭരണഘടനയെപ്പററിയുള്ള അജ്ഞതകൊണ്ടാണു പ്രമേയത്തെ എതിർത്തവർ അങ്ങനെ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു പ്രവർത്തകക്കമ്മിററിയെ തെരഞ്ഞെടുക്കുന്നതിൽ വേണ്ടത്ര ഔചിത്യം അടുത്ത രാഷ്ട്രപതി പ്രദർശിപ്പിച്ചുകൊള്ളുമെന്നു സമാധാനിച്ചാൽ മതി.

ഈ പ്രസംഗം ചെയ്യുമ്പോൾ അടുത്ത രാഷ്ട്രപതി കൃപലാനിജി തന്നെ ആയിരിക്കുമെന്നു് അദ്ദേഹത്തിനും സദസ്സിൽ മിക്കവർക്കും അറിയാമായിരുന്നു. എല്ലാവരും കരഘോഷം മുഴക്കി. സഹോദരി സുചേതമാത്രം ഒരു മോഹനസ്വപ്നത്തിൽ മുഴുകിയിരിക്കയായിരുന്നതുകൊണ്ടു കരഘോഷം മുഴക്കാൻ മറന്നുപോയി.

പിന്നീടു വളരെ വാദപ്രതിവാദമൊന്നുമുണ്ടായില്ല. പണ്ഡിററ് പന്ത് മറുപടി പ്രസംഗം തുടങ്ങി.

പന്ത്ജി പ്രസംഗിച്ചുകൊണ്ടിരിക്കെ പ്രസംഗവേദിയിൽ പെട്ടെന്നൊരിളക്കം; എല്ലാവരും എഴുന്നേററുനിന്നു. രാഷ്ട്രപതിപോലും സ്വസ്ഥാനത്തുനിന്നു കുതിച്ചൊരു ചാട്ടം; കഥയെന്തെന്നറിയാതെ സദസ്സാകെ സംഭ്രമിച്ചു. അപ്പോൾ ഗാന്ധിജി മനംമയക്കുന്ന പുഞ്ചിരിയും തൊഴുകൈയുമായി സദസ്യന്മാരുടെ നടുവിൽ നിൽക്കുന്നു. ഹാളിന്റെ പിറകിൽക്കൂടി, ആരോരുമറിയാതെയുള്ള ഗാന്ധിജിയുടെ ദർശനം വളരെ നാടകീയമായിരുന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. സദസ്സിന്റെ മുഴുവൻശ്രദ്ധ ഗാന്ധിജിയിൽ കേന്ദ്രീകൃതമായി. എ. ഐ. സി. സി. യെപ്പോലെയുള്ള ഒരു രാഷ്ട്രീയ സംഘടനയുടെ കാര്യക്ഷമമായ നടത്തിപ്പിനു ഗാന്ധിജിയെപ്പോലെയുള്ള ഒരമാനുഷ നേതാവിന്റെ സാന്നിദ്ധ്യം വലിയൊരു പ്രതിബന്ധമാണെന്നുപോലും എനിക്കപ്പോൾ തോന്നി.

പ്രമേയം വോട്ടിനിടുന്നതിനു മുമ്പായി അദ്ധ്യക്ഷൻ ഒരു ലഘുപ്രസംഗം ചെയ്തു. പന്ത്ജിയുടെ അഭിപ്രായത്തെ ആദരിച്ചു മൂലപ്രമേയംതന്നെ വോട്ടിനിടാമെന്നു പ്രസിഡൻറ നിർദ്ദേശിച്ചപ്പോൾ സദസ്യരിൽ പലരും എതിർത്തു. ഭേദഗതികൾ ആദ്യം വോട്ടിനിടണമെന്നു് അവർ നിർബന്ധിച്ചു. അവസാനം ജവഹർലാൽജി ഇഴങ്ങിക്കൊടുക്കേണ്ടിവന്നു. ഭേദഗതികൾ തള്ളിപ്പോയി. മൂലപ്രമേയം വോട്ടിനിട്ടപ്പോൾ 80 പേർ എതിരായി കൈപൊക്കി. പ്രസംഗവേദിയിൽ പലരും, പ്രവർത്തകസമിതി അംഗങ്ങളിൽ പലരും പ്രമേയത്തിനെതിരായി വോട്ടുചെയ്തു. വോട്ടെടുത്തുകഴിഞ്ഞിട്ടും സൌന്ദര്യം തികഞ്ഞ ഒരു വാമഹസ്തം പ്രസംഗവേദിയിൽ പൊക്കിപ്പിടിച്ചിരുന്നതു ശ്രീമതി കമലാദേവിയായിരുന്നു. പ്രമേയത്തിനനുകൂലമായി 155 കൈ പൊങ്ങി. അതുവരെ നിശ്ചേഷ്ടനായിരുന്ന സർദാറും, രാജാജിയും, രാജൻബാബു പോലും ഊർജ്ജിതമായി കയ്യുയർത്തിയെന്നു എടുത്തു പറയേണ്ടിയിരിക്കുന്നു.

വലതുപക്ഷക്കാർ സന്തുഷ്ടരായി; വളർന്നു വരുന്ന വാമപക്ഷശക്തികണ്ടു സോഷ്യലിസ്ററുകളും സമാധാനിച്ചു. അങ്ങനെ ആ രംഗം മംഗളമായി പര്യവസാനിച്ചു.

പന്തിന്റെ പ്രമേയം പരാജയപ്പെട്ടിരുന്നെങ്കിൽ പ്രസംഗിക്കാൻ തയ്യാറായി വന്ന ഗാന്ധിജി ഒരക്ഷരം പോലും ഉരിയാടാതെ, വന്ന വഴിയേതന്നെ അപ്രത്യക്ഷനാകുകയും ചെയ്തു.

പിന്നീടുള്ള നടപടികൾ മഹാസമ്മേളനങ്ങളിലെ കൃതജ്ഞതാപ്രകടനങ്ങൾപോലെ വിരസങ്ങളായിരുന്നു. എ. ഐ. സി. സി. യിലേക്ക് ഓരോ പ്രോവിൻസിൽനിന്നുമുള്ള സംഭാവനയെപ്പററി സർദാർജി എന്തൊക്കെയോ അട്ടഹസിച്ചു. ഏഴോളം അനൗദ്യോഗിക പ്രമേയങ്ങൾക്കു നോട്ടീസുകൊടുത്തിരുന്നതെല്ലാം പ്രവർത്തകസമിതിയുടെ ആലോചനയ്ക്കു സമർപ്പിക്കാൻ നിശ്ചയിച്ചു. അവസാനം ജവാഹർലാൽജി ചെയ്ത ഉജ്ജ്വലമായ ഉപസംഹാര പ്രസംഗം പോലും അക്ഷമയോടുകൂടിയാണു സദസ്സു ശ്രവിച്ചതു്. ബംഗാളിലെ കൂട്ടക്കൊലയിൽ മരിച്ചവരുടെ സ്മരണക്കായി എല്ലാവരും എഴുന്നേററു മൌനമാചരിക്കാൻ അദ്ധ്യക്ഷൻ ആവശ്യപ്പെട്ടപ്പോൾ, അതുവരേയും ശബ്ദായമാനമായിരുന്ന രാംജാസ് കോളേജും പരിസരവും ഈ പ്രപഞ്ചം മുഴുവൻതന്നെ നിശ്ശബ്ദമായി.

വനിതാ വാളണ്ടിയർമാരുടെ മധുരമേദുരമായ വന്ദേമാതരഗാനത്തോടും "ജയഹിന്ദ്" ഘോഷങ്ങളോടുംകൂടി ഈ എ. ഐ. സി. സി. യോഗം അവസാനിച്ചു.

★

FOR

Neat Printing
Prompt Execution
Moderate Charge

**Please go to:-**

THE CHAKRAVALAM PRESS,
Kottayam. (Travancore)

# അമേരിക്കൻ കോൺഗ്രസ്

## 80-ാമത്തെ പൊതുതെരഞ്ഞെടുപ്പ്

ഇക്കഴിഞ്ഞ ചൊവ്വാഴ്ച മൂന്നരക്കോടിയിലധികം അമേരിക്കൻ ജനത അവരുടെ 80-ാമത്തെ ദേശീയ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തു.

അമേരിക്കൻ കോൺഗ്രസ്സ് ആദ്യമായി വിളിച്ചുകൂട്ടിയതു് 1789-ൽ ആണ്. അടുത്ത ജനുവരിയിൽ സമ്മേളിക്കുന്ന പുതിയ കോൺഗ്രസ്സിൻെറ സ്വഭാവം നിർണ്ണയിക്കുന്നതു് ഈ തെരഞ്ഞെടുപ്പായിരിക്കും.

കോൺഗ്രസ്സുകാരുടെ തെരഞ്ഞെടുപ്പു മാത്രമാണിതു്. പ്രസിഡൻറ് തെരഞ്ഞെടുപ്പ് ഇനി 1948 നവംബറിൽ മാത്രമേ നടക്കുകയുള്ളു.

അമേരിക്കയിലെ അധോമണ്ഡലത്തിൽ- House of Representatives എന്നാണതിനു പേര്-ആകെ 435 അംഗങ്ങളാണുള്ളതു്. ഓരോ അംഗത്തിൻെറയും കാലാവധി രണ്ടുകൊല്ലമാണ്.

ഉപരിമണ്ഡലമായ സെനററിൽ അംഗങ്ങളുടെ കാലാവധി 6 വർഷമാണ്. ഈ രണ്ടുകൊല്ലം കൂടുമ്പോഴും മൂന്നിലൊരുഭാഗം സെനറ്റർമാർ തെരഞ്ഞെടുക്കപ്പെടുന്നു. ആകെ 96 സെനറ്റർമാരാണുള്ളതു്. അതിൽ മരണം, രാജി മുതലായ കാരണങ്ങളാൽ 36 സെനറ്റർമാരുടെ തെരഞ്ഞെടുപ്പു നടന്നു.

79-ാം കോൺഗ്രസ്സിൽ ഡിമോക്രാററിക്ക് കക്ഷിക്ക 237-ഉം റിപ്പബ്ലിക്കൻ കക്ഷിക്ക 192-ഉം മററു കക്ഷികൾക്കു 2-ഉം ഉൾപ്പെടെ 431 അംഗങ്ങളുണ്ട്. 4 ഡിമോക്രാററിക്ക് സീററുകൾ ഒഴിവായിരിക്കയും ചെയ്യുന്നു.

സെനററിൽ ഡിമോക്രാററിക്ക് കക്ഷിക്ക 56-ഉം റിപ്പബ്ലിക്കൻസിനു 39-ഉം പ്രോഗ്രസ്സീവു കക്ഷിക്ക ഒരു സീററുമാണുള്ളതു്.

ദിവംഗതനായ പ്രസിഡൻറ് റൂസ്‌വെൽട്ടിൻെറ "ന്യൂഡീൽ" ആവിർഭാവിപ്പതിനു ശേഷം, കഴിഞ്ഞ 14 വർഷമായി ഡെമോക്രാററിക്ക് കക്ഷിക്കാണു സെനററിലും ഹൌസിലും ഭൂരിപക്ഷം. അക്കാലത്തുതന്നെയാണു മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ മി: റൂസ്‌വെൽട്ടുതന്നെ മൂന്നുപ്രാവശ്യം പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടതും. 1944-ൽ വൈസ്പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ട്രൂമാൻ കഴിഞ്ഞകൊല്ലം പ്രസിഡൻറായതിനു ശേഷം ആദ്യമായി നടക്കുന്ന പൊതുതെരഞ്ഞെടുപ്പാണ് ഇതു്. പ്രസിഡൻറ് ട്രൂമാൻെറ ഉദ്യോഗ കാലാവധി കഴിയുന്നതിനു മുമ്പു കോൺഗ്രസ്സിൻെറ ആധിപത്യം പ്രതിപക്ഷ ഭൂരിപക്ഷത്തിനായിരിക്കും; അഥവാ ഡെമോക്രാററിക്ക് ഭൂരിപക്ഷമുള്ള സെനററും റിപ്പബ്ലിക്കൻ ഭൂരിപക്ഷമുള്ള ഹൌസും അദ്ദേഹം ദർശിക്കേണ്ടിവരും. രണ്ടാമതു പറഞ്ഞതും അഭൂതപൂർവ്വമല്ല. കഴിഞ്ഞ 50 വർഷത്തിനകം ടാഫ്ററ്, വിൽസൺ, ഹൂവർ എന്നീ പ്രസിഡൻറന്മാരുടെ ഉദ്യോഗകാലാവധി കഴിയുന്നതിനു മുമ്പ്, സെനററിൽ നാമമാത്രമായ ഭൂരിപക്ഷമുണ്ടായിരുന്നുവെങ്കിലും പ്രതിപക്ഷ ഭൂരിപക്ഷമുള്ള ഹൌസിനെ അവർ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്.

തെരഞ്ഞെടുപ്പുഫലം എന്തായാലും ഗവമ്മെൻറിൻെറ എക്സിക്യൂട്ടീവിൽ യാതൊരു മാററവും 1946-ൽ ഉണ്ടാകുന്നതല്ല. ട്രൂമാൻ പ്രസിഡൻറായി തുടരും. എല്ലാ ഗവമ്മെൻറു മെംബർമാർക്കും സ്വസ്ഥാനത്തു തുടരുകയും ചെയ്യാം. എങ്കിലും 1948-ൽ പ്രസിഡൻറിൻെറ നില അപകടത്തിലാകും. ആ പരമാർത്ഥത്തിൻെറ പശ്ചാത്തലത്തിൽ ഇപ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന സെനറ്റർമാരും പ്രതിനിധികളും ഏതൊരു കക്ഷിയിൽപെടുന്നുവെന്നുള്ള പ്രശ്നം പ്രധാനമാണ്. പൊതുജനാഭിപ്രായമായിരിക്കും ഇതുവഴി പ്രതിബിംബിച്ചുകാണുക.

തെരഞ്ഞെടുപ്പുഫലത്തെപ്പററി എന്തെങ്കിലും ദീർഘദർശനം ചെയ്യുന്നതു് ഈ അവസരത്തിൽ അസാദ്ധ്യമാണ്. ഒന്നാമതായി, യുദ്ധാനന്തരമുള്ള ആദ്യത്തെ പൊതുതെരഞ്ഞെടുപ്പാണിതു്. ഒരു പരിവർത്തനത്തിനു വോട്ടർമാർ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. ആഭ്യന്തരപ്രശ്നങ്ങളെപ്പററി ഡെമോക്രാററിക്ക് കക്ഷിക്കും റിപ്പബ്ലിക്കൻ കക്ഷിക്കും തമ്മിൽ വലുതായ അഭിപ്രായഭിന്നതയുണ്ട്. എന്നാൽ അമേരിക്കയുടെ വിദേശനയത്തെ സംബന്ധിച്ചിടത്തോളം അവർ ഏകാഭിപ്രായക്കാരാണെന്നുള്ളതു് എടുത്തുപറയേണ്ടിയിരിക്കുന്നു.

★

---

# അമ്മയും മക്കളും

### (അമ്പലപ്പുഴ കെ. ശ്രീധരക്കുറുപ്പ്)

അഴലിൻ നിഴൽപ്പാടിൽ കണ്ണുനീർ തൂകിത്തൂകി-
യുഴലും 'ബംഗാളു'ത്തോടമ്മ, ഭാരതമോതി
"മകളെ! കരയാതെ നിൻ കണ്ണീർ കാണുമ്പൊഴെ-
ന്നകതാർ തകരുന്നിതാശയും പ്രതീക്ഷയും
തോരാതെ നീ വാർക്കുമീ കദനാശ്രുവിന്നത്യ-
മോരാതെ സമാധാനമെങ്ങനിയ്ക്കോതുന്നോമനെ!
ചോരയാൽ, കണ്ണീരിനാ ലെഴുതപ്പെട്ടെന്നോ നിൻ-
ജീവിത ഗ്രന്ഥത്തിലെ താളുകളോരോന്നും ഹാ!
ആറരക്കോടിയാർജ്ജിച്ചൊരീ ശോഭനമുഹൂർത്തത്തി-
'ലാററംബോംബി'ട്ടെന്നപോൽ പൊടിയുന്നൊന്നാത്മാവു്
എത്രപേരുടുക്കാതെ, യുണ്ണാതെ കഷ്ടപ്പെട്ടു-
ന്നത്രനിൻ ഗ്രാമങ്ങളിൽ നിസ്സഹായകരായി
എത്രപേരൊടുങ്ങാത്ത ദുസ്സഹ ദുഃഖത്തിനു
പാത്രരായ് നിരാധാരരായതാ കേഴുന്നല്ലോ!
സ്നേഹഗായകനായ നിന്മകൻ 'രവീന്ദ്ര'ൻെറ
മോഹന മുരളിയിൽ നിന്നുമാറിയൊലിച്ചതാം;
സ്നിഗ്ദ്ധസുന്ദരമായ സമത്വ സൌഹാർദ്ദങ്ങളാം
മുഗ്ദ്ധഭാവനയോടെ വിരിയും ഗാനങ്ങളെ;
ഇനിയും പഠിച്ചില്ലെന്നല്ലയോ ചൊല്ലുന്നതി-
വിനതൻ ഹുംകാരത്തിലൂടെ നിന്നുടെ പുത്രർ
അമ്മതൻ ദാസ്യം തീർക്കാൻ നീറൊന്നുമ്പൊരിയില്ലെത്ര-
നിമ്മലത്യാഗൈകാഗ്രവീരകേസരികളെ;
അവർതൻ നഷ്ടത്തിലൂടന്നു നേടിയ നേട്ട-
മഖിലം നശിപ്പിക്കാനിന്നിവർ തുടങ്ങുന്നു.
കരയാൻ മാത്രം നമ്മൾക്കമ്മയും മകളുമായ്
കഠിനം വിധാതാവെ! കഠിനം തവ വിധി!
കരയാതെൻ മകളെ! നിൻ കണ്ണീർ കാണുമ്പൊഴെൻ
ഹൃദയം ദ്രവിക്കുന്നു ...,ഗദ്ഗദം തടകയായ്.
തായ തൻ സമാശ്വാസവാക്കുകൾ ഗദ്ഗദത്തിൽ
താഴവെ വിങ്ങിപ്പൊട്ടിക്കരഞ്ഞുപോയീ പുത്രി.
നാലഞ്ചുനിമേഷങ്ങൾ കഴിഞ്ഞു തന്നെപ്പുണ-
ന്നാലോലം കണ്ണീർ വാർക്കുമമ്മയോടോതി മകൾ,
"കരയാതിരിക്കുന്നതെങ്ങനെ,യെന്മക്കൾ തൻ-
കുരുതിക്കളം കാൺകെ ഞാനമ്മേ! ......,,പൊട്ടിപ്പോയി

.... .... ....

കവിയും മനുഷ്യനാണിന്നിയും വിവരിക്കാൻ
കവിയും വികാരോഗ്രശോകമൂകതമാത്രം.

## ഗ്രന്ഥവിഹാരം

# നിഴലുകൾ

(ഗ്രന്ഥകർത്താ:-ചങ്ങമ്പുഴ കൃഷ്ണപിള്ള എം. ഏ., പ്രസാധകർ—പ്രബോധിനി പ്രസിദ്ധീകരണശാല, തിരുവനന്തപുരം. വില 12 അണ, പേജ് 8-1-19=27)

ദിനപാഠകന്മാർക്കു സുപരിചിതനായ ഒരു ഗ്രന്ഥകാരന്റെ കൃതികൾക്ക് അവതാരികയുടെ ആവശ്യമേ ഇല്ല; എപ്പോഴും, തികഞ്ഞ ആസ്വാദ്യതയോടെ അവർ അത് ആദരിക്കുമെന്ന് കവിക്ക് ആത്മവിശ്വാസമുള്ളപ്പോൾ; അതില്ലാത്തിടത്തോളം കാലം തീർച്ചയായും അവതാരിക അവരുടെ പ്രകടനപത്രികയായിട്ടെങ്കിലുംകൂടിയേ കഴിയൂ. നിഴലുകളുടെ അവതാരികാകാരൻ മി. പുത്തിമാന എസ്സ്. പരമേശ്വരൻപിള്ളയും പരോക്ഷമായിട്ടെങ്കിലും അതു സമ്മതിക്കുന്നുണ്ട്. "ആ സാഹിത്യകൃതിക്ക് അനുയോജ്യമായ ഒരു പശ്ചാത്തലത്തിന്റെ സൃഷ്ടി സാധിച്ച് സഹൃദയലോകത്തിന്റെ ആസ്വാദനത്തിന് ആ കൃതിയെ കൂടുതൽ വിധേയമാക്കുക,, എന്നതാണ് അദ്ദേഹം അവതാരികകൊണ്ട് അർത്ഥമാക്കുന്നത്. ആ സാഹിത്യസൃഷ്ടിക്ക് കവി നൽകുന്ന പശ്ചാത്തലമല്ല; അവതാരകൻ സാധിച്ചുകൊടുക്കുന്ന പശ്ചാത്തലമാണ് സഹൃദയലോകം ആസ്വാദനത്തിന് ആശ്രയിക്കേണ്ടതെന്നു ശാഠ്യം വരുമ്പോൾ, അനുവാചകരെപ്പറ്റിയുള്ള അജ്ഞതയോടെ അവരുടെ കലാബോധത്തെ ചോദ്യം ചെയ്യുന്നതായി തോന്നിപ്പോകുന്നു. വായനക്കാർക്ക് ഒരു സ്വാതന്ത്ര്യമില്ലെന്നാണ് അദ്ദേഹം ധരിച്ചു വെച്ചിരിക്കുന്നതും. സൃഷ്ടിപരമായ ഒരു നിരൂപണമാണെന്ന് അദ്ദേഹം അവകാശപ്പെടുന്ന ആ അവതാരിക വെറും ഖണ്ഡനപരമായ ഒരു വൈതാളികഗാനമായിപ്പോയില്ലേ എന്ന് എഴുതിയപ്പോൾ തോന്നിയില്ലെങ്കിലും, ശാന്തമായിരുന്നു വായിക്കുമ്പോൾ മനസ്സിലാകും. ചങ്ങമ്പുഴയെ കണ്ണടച്ചു ശ്ലാഘിക്കുന്ന ഒരു മനോഭാവം മാത്രം അതിൽ നിഴലിക്കുന്നു.

ഇനി ഇതിലെ കവിതകൾ, പതിന്നാലുവരികൾ നീളം വിവിധവൃത്തങ്ങളിൽ എഴുതിയ പൂതെൺപതു ഗീതികകൾ; പത്രപംക്തികളിൽ പരസ്യപ്പെടുത്തിയപ്പോൾ ചിലതിനെല്ലാം പേരിട്ടിരുന്നെങ്കിലും പുസ്തകരൂപത്തിലായപ്പോൾ വെറും നമ്പരുകൾ മാത്രം ആയി അവശേഷിച്ചു. ചങ്ങമ്പുഴയുടെ കാവ്യകലയുടെ ജീവൻ വിഷാദാത്മകതയാണെങ്കിൽ, അതായിരിക്കണമല്ലോ നിഴലുകളിലും അദ്ദേഹം ഉദ്ദേശിക്കുന്ന അംഗിയായ ഭാവം.

ഇതിനകം ഇരുപതിൽപരം കൃതികൾ ഇറക്കിയ ചങ്ങമ്പുഴയുടെ Latest ആണെന്നു തോന്നുന്നു ഈ സമാഹാരം. എഴുതുന്നതെല്ലാം, എഴുത്തുകളാണെങ്കിൽകൂടെ പുസ്തകരൂപത്തിൽ പുറത്തിറക്കി, തന്റെ സാഹിത്യനേട്ടങ്ങളെ പൊലിപ്പിച്ചു കാണിക്കാൻ അദ്ദേഹം ആവേശപ്പെടുന്നുണ്ട്. ആ പരമാർത്ഥം അറിയാവുന്നവർക്ക് ഈ പുസ്തകത്തിന്റെ ആവിർഭാവം ഒരു അതിശയമാകുന്നില്ല. ഒരു കവിതയോ കഥയോ എഴുതുമ്പോൾ, അവസാനം, വേണ്ടാത്ത പല വരികളും ആരും വെട്ടിക്കളയുന്നു. അത്ഭുതാപചത്തിയോ വൃത്തനിബന്ധനകളോ ഇണങ്ങാഞ്ഞിട്ടല്ല; സന്ദർഭത്തിനുചേരുന്ന സാരസ്യം ഇല്ലായ്മകൊണ്ട്. എന്നാൽ മി. ചങ്ങമ്പുഴ അതും തള്ളിക്കളയാൻ തയാറില്ല. ഗ്രന്ഥരൂപത്തിൽ ഇതുപോലെ ഇറങ്ങിയാൽ മാർക്കറ്റ് കിട്ടുമെന്ന പ്രതീക്ഷയുള്ളതുകൊണ്ട് – ആ പ്രതീക്ഷ പ്രസാധകന്മാർക്ക് ഉത്തേജനം കൊടുക്കുന്നു. സാഹിത്യകലയെയോർത്തുമാത്രം ഇതൊക്കെപ്പറഞ്ഞെങ്കിലും ആരുടെയും പരാജയത്തിൽ ഇതെഴുതുന്ന ആൾക്കു കൌതുകമില്ല. ചങ്ങമ്പുഴയുടെ കവിതകൾ പലതും വായിച്ചിട്ടുള്ളവർക്ക് ഒരു നിമിഷംകൊണ്ടു നിഴലുകൾ വായിച്ചുതീർക്കാം. കവിഭാഷയിൽ അവസാനമിതാണനുഭവപ്പെടുക:—

വിഷാദപൂർണ്ണമാം വിജനതമാത്രം
വിലാപപൂർണ്ണമാം വിവശതമാത്രം

—വെള്ളങ്കളം

—*—

# ശ്രീമത് ഭഗവദ്ഗീതാഹൃദയം

(പരിഭാഷകൻ: ടി. ആർ. ഗണപതി അയ്യർ, തൃശ്ശൂർ. വില രൂപാ ഒന്ന്.)

വിലക്കാട്ടു ശേഖരീപുരം വിദ്യാവിഭൂഷണ വിദ്യാവാചസ്പതി ഉപന്യാസകേസരി എസ്സ്. ആർ. ദൊരസ്വാമിശാസ്ത്രിയാർ എം. ഏ. തൃശ്ശൂർവച്ചു നടത്തിയ ഗീതോപന്യാസത്തിന്റെ മലയാള സ്വതന്ത്ര തർജ്ജമയാണീ പുസ്തകം. തമിഴിൽ നടത്തിയ പ്രസ്തുത പ്രസംഗം ലഘുവായ ഭാഷയിൽ വേണ്ട ഉപരകളോടുകൂടി മലയാളത്തിലേക്കു തർജ്ജിമ ചെയ്യാൻ പരിഭാഷകൻ വളരെ ബുദ്ധിമുട്ടി ശ്രമിച്ചിട്ടുണ്ട്. പ്രസ്താവനയിൽ കാണുന്നതുപോലെ ഒരു നവോത്ഥാനത്തിനു ഇന്ത്യ സന്നദ്ധമായിരിക്കുന്ന ഈ അവസരത്തിൽ ഗീതയ്ക്കുള്ള പ്രാധാന്യം സമുന്നതംതന്നെയാണ്. ഹിന്ദുമതത്തെപ്പറ്റിയും, പുരാണേതിഹാസങ്ങളെപ്പറ്റിയും അവജ്ഞ ജനിച്ചിട്ടുള്ള പലരും അവരുടെ അജ്ഞതയാലാണ് അവർ ആ വിധത്തിലായിത്തീർന്നതെന്ന് പ്രകൃതകൃതി വായിച്ചാൽ മനസ്സിലാകും. ഇന്ത്യയിൽ അങ്ങുമിങ്ങും നിരീശ്വരന്മാർ തലപൊക്കിവരുന്ന ഒരു കാലഘട്ടമാണിത്. അങ്ങനെയുള്ളവരുടെ പല സംശയങ്ങൾക്കും, അനാവശ്യ ചോദ്യങ്ങൾക്കും നിവാരണം വരുത്തുന്ന പല ഭാഗങ്ങളും ഈ ചെറു പുസ്തകത്തിലുണ്ട്. കർമ്മം, നിഷ്കാമകർമ്മം, ആത്മജ്ഞാനം, സന്യാസം, സാക്ഷാത്കാരം, ഭഗവത്ഭക്തി, സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം- എന്നീ പദികളെപ്പറ്റിയുള്ള വിവരണങ്ങളും, സംശയനിവാരണങ്ങളും വളരെ നന്നായിട്ടുണ്ട്. എന്നാൽ ചില ഭാഗങ്ങളിൽ, ഭാഷയെപ്പറ്റിയും, വ്യാകരണ നിയമത്തെപ്പറ്റിയും, പരിഭാഷകൻ ശ്രമിച്ചിട്ടില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഗൌരവതരമായ ചില സംഗതികൾ ക്രോഡീകരിച്ചു വരവേ അതിന്റെ അന്തസ്സിനും, ഗൌരവത്തിനും യോജിക്കാത്ത ചില ഉപമകൾ ഇതിൽ അങ്ങിങ്ങായി കാണുന്നുണ്ട്. ഏവംവിധങ്ങളായ ചില പോരായ്മകളൊഴിച്ചാൽ ഈ കൃതി ജനതാമദ്ധ്യത്തിൽ സമാരാദ്ധ്യമായിത്തന്നെ തീരും. അങ്ങനെയാവട്ടെ എന്നാശംസിക്കയും ചെയ്യുന്നു.

—വി. കെ. എം.

—o—

# പ്രഭാതം

[തിരുനാൾ വിശേഷാൽ പ്രതി–വില ഒന്നര രൂപാ]

മഹാരാജാവു തിരുമനസ്സിലെ തിരുനാൾ വാരം വിശേഷാൽപ്രതികളുടെ ഒരു കൊയ്ത്തുകാലമാണ്. പ്രസിദ്ധീകരണ കലയിൽ പ്രഥമസമ്മാനത്തിനുള്ള പരിശ്രമങ്ങൾ, തെല്ലൊരു കിടമത്സരബുദ്ധിയോടുകൂടിത്തന്നെ, പ്രസാധകന്മാർ നടത്താറുണ്ട്. തിരുനാൾ മഹോത്സവത്തോടനുബന്ധിച്ചുള്ള സാഹിത്യസദ്യയാണീ പ്രസിദ്ധീകരണങ്ങളെന്നു പൊതുവെ പറയാം. വിഭവങ്ങൾ പലതും പല രുചിഭേദങ്ങളോടുകൂടിയവയായിരിക്കുന്നതു കേവലം സ്വാഭാവികംതന്നെ. ഞങ്ങൾക്ക് ഏറ്റവും രുചിച്ചതു "പ്രഭാത" മാണെന്നു പറയാൻ സന്തോഷമുണ്ട്.

ഈ പ്രഭാതമഞ്ജൂഷ തിരുനാൾ ഘോഷയാത്രയെപ്പറ്റി ഇംഗ്ലീഷിലുള്ള ഒരു രസികൻ വിവരണത്തോടുകൂടിയാണ് ആരംഭിക്കുന്നത്. അത് ഇംഗ്ലീഷിൽ വേണ്ടിയിരുന്നില്ലെന്നു മാത്രം തോന്നി. വർണ്ണവിദ്വേഷം മൂത്തുവരുന്ന ഈ ഘട്ടത്തിൽ ഉള്ളൂർ 'ഇരുമ്പിന്റെ നൈരാശ്യവു'മായാണ് വെളിപ്പെട്ടിരിക്കുന്നത്. യുദ്ധരംഗത്തുനിന്നു തിരിച്ചെത്തിയ ഭടന്മാരോടു വള്ളത്തോൾ പറയുകയാണ്:—

"മരുകന്നകിൽകൊട്ടെടങ്ങി വിശപ്പത്തെ-
യെരിച്ചവിഴുമപ്പെരും പടയെന്നാൽ;
ഒരു യുദ്ധമുണ്ട്—വരുതിതൻയുദ്ധം—
മുറകി നിൽക്കുന്നു, ഭവാന്മാർ തൻ
നാട്ടിൽ

*  *  *

ദുഷ്ടിതി പത്തനത്തിൻ കഴുത്തുകൊ
ണ്ടുവാ-
നൊട്ടുക്കുമ്പയാം കുലായുധംതന്നേ.
പതറാതെ തോക്കപിടിച്ച കൈകൾക്ക
പതിർപോലെ കുണ്ടോട്ടതിലഘുവല്ലി?
അതു വിനാശക;—മിതോ വിധായകം!
ഹതിയല്ല, പാരിന്നിതം സൃഷ്ടിയത്രെ.

*  *  *

സുഭിക്ഷത്തിൻ മുള വളപ്പതു കൃഷി;
സുഖങ്ങൾ നെയ്തെടുപ്പതേ വ്യവസായം;
ഭവ്യങ്ങൾ നിരത്തലേ വണിക്ചര്യ;
ഇവ മൂന്നിലത്രേ നിലനിൽപ്പു ലോകം.

ആരുടേയോ തെററിദ്ധാരണ തീർക്കാൻവേണ്ടി, ഭാവരൂപങ്ങളും, രസരീതികളും ഒന്നുതന്നെ എന്നു സമർത്ഥിക്കാൻ ശ്രീ പി. കെ. പരമേശ്വരൻ നായർ ശ്രമിച്ചിരിക്കുന്നു. ശ്രീമതി ബാലാമണിയമ്മയുടെ മേഘശകലങ്ങൾ, "അമ്മ"യെഴുതിയ പേനകൊണ്ടു ചിത്രീകരിച്ചതല്ലെന്നു വ്യക്തം.

# വിലാസിനി

(വെള്ളാംകുളം)

അന്നൊരിക്കലെൻ പുല്ലുമാടത്തിൽ
വന്നിരുന്നു വിലാസിനി!
മേഘമാലാ പരീതശർവ്വരീ-
മേചകാകാശവീഥിയിൽ;
സഞ്ജനിതസൌദാമിനീരംഗ-
രഞ്ജിതരേഖ മാതിരി!
ജീവിതത്തിൽ പലേ തരത്തിലും
തോൽവി പററിയ ജീവനിൽ;
രോമഹർഷപ്രദായകാമല-
പ്രേമചുംബനം മാതിരി!
സാപലീനനിമിഷകങ്ങളിൽ
സ്വപ്നദർശനം മാതിരി!
അന്നൊരിക്കലെൻ പുല്ലുമാടത്തിൽ
വന്നിരുന്നു വിലാസിനി!
വന്നിരുന്നു കതിരൊളിയിട്ട
പൊന്നുഷസ്സന്ധ്യ മാതിരി!
പൊന്നുഷസ്സിൻ വിലാസ കൌതുകം
ചിന്നുമപ്രേമവിഗ്രഹം,
മന്ദമന്ദമൊളിഞ്ഞു നോക്കമെ-
ന്മന്ദകുഡ്മളരാജിയിൽ;
നൃത്തമാടീ മദാലസാകുലം
മുഗ്ദ്ധമന്ദസ്മിതാങ്കുരം!
പാരിജാതപരാഗപാംസുല-
പാരമുദ്രിതരേഖകൾ;
മുട്ടിമുട്ടി നിലത്തു ചുംബിച്ചി-
ട്ടൊട്ടു മാവിൻ തളിരുകൾ!
ദാഹമാർന്ന മുലകുടിക്കുമെൻ
“രോഹിണി” പൈക്കിടാവിനെ,
നക്കിനക്കിത്തുടച്ചു നില്ലുമാ-
“നന്ദിനി,,പ്പശു സസ്പൃഹം;
കണ്ണിമയ്ക്കാതെ നോക്കി നിന്നുപോയ്
കണ്ണിനേരമാ വിസ്മയം!
എല്ലാമൊക്കെ മറന്നു പുൽകിയെൻ
പുല്ലുമാടമരക്ഷണം;
താതകണപതപോവനോദിത-
ശാന്തനിർമ്മലസൌഭഗം!
പൂവിരിയുന്ന ശബ്ദഭംഗിയിൽ
താവുമാ രാഗഗീതകം;
ആസ്വദിച്ചു ഞാനോരലിൻമന്ദ-
ഹാസമർമ്മരലബ്ധിയിൽ!
പാടലാഭ പരന്നു പററിയ-
പാദമുന്നിയ പാടുകൾ,
രാജഹംസവധൂരാജിതാൽഫുല്ല-
രാഗരാജീവരാജികൾ;
കുങ്കുമമേ വിതറിനിന്നിതെ-
ന്നങ്കണാങ്കതലങ്ങളിൽ!
മഞ്ഞുതുള്ളിവിഭാതകാന്തിയിൽ
മാഞ്ഞുപോകുന്ന മാതിരി;
എന്തിനന്നൊരാ വിൺപ്രഭയിലെൻ
വ്യക്തിബോധം മറഞ്ഞുപോയ്!
മാത്രകൊണ്ടു കഴിഞ്ഞുകപ്പുമാ..
മാനസാനന്ദമാധുരി!
കാൽക്ഷണം കഴിഞ്ഞില്ല ദൂരെയാ-
ക്കാൽച്ചിലമ്പൊലി കേട്ടു ഞാൻ!

.... .... ....

.... .... .... ....

കാണുകില്ല ഞാനേതു;മന്നെന്തു-
കാരണം നീ കലമ്പുവാൻ?
ആറുമണ്ണുവിരിച്ച കല്ലുക-
ളേററ മുട്ടിയ കാരണം;
പാദപല്ലവമല്ലമെങ്കിലും
വേദനിച്ചോ വിലാസിനീ?*

* അച്ചടിച്ചുവരുന്ന “രാഗരോഷം,, എന്ന കാവ്യത്തിലേ ഒരു ഗീതം.
സർവ്വാവകാശവും കാവ്യകൃത്തിന്.

★

ശ്രീലക്ഷ്മണപ്പണിക്കർ ചാദിയുടെഭാവിയെപ്പററി അല്പം അവിഹിതമായിത്തന്നെ ആശങ്ക പ്രദർശിപ്പിക്കുന്നു. ശ്രീ ചങ്ങമ്പുഴ തമസ്സിൽ തപ്പിത്തടഞ്ഞു സുഖവും സ്വർഗ്ഗവും തേടി നടക്കുകയാണ്. പുരോഗമനത്തിന്റെ മന്നാന്തരമൊരു ഉദാഹരണമാണു ജി. ശങ്കരക്കുറുപ്പിന്റെ സാഹിത്യപരിവർത്തനം. അദ്ദേഹത്തിന്റെ കവിതാകാമിനി ഗദ്യത്തിന്റെ ഉടുപ്പിട്ടിരിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരോജസ്സുണ്ടതിന്. ദുർഗ്ഗേശനന്ദിനിയിലെ ഒരു രംഗത്തെ അധികരിച്ചുള്ള വെണ്ണിക്കുളത്തിന്റെ രാഗദേവതയ്ക്കു് അന്തഃപുരത്തിലെ ഒരപരിഷ്കൃതയുടെ മോടിയുണ്ടു്. വേദാന്തത്തേയും സയൻസിനേയും കൂട്ടിക്കുഴച്ചുകൊണ്ടുള്ള ഒരു കൊഴുക്കട്ടയാണു പുത്തേഴത്തു രാമൻമേനോന്റെ ലോകാന്തമോ വേദാന്തമോ? കൂട്ടിലായ കോകിലത്തോടു സ്വയം ഉപമിച്ചുകൊണ്ടുപാലാ നാരായണൻ എന്നു പാട്ടുമെന്നു എളുമായി അറിയിക്കുന്നു. നിരൂപണവും വ്യാഖ്യാനവും സംബന്ധിച്ചുള്ള കുട്ടിക്കൃഷ്ണമാരാരുടെ അഭിപ്രായം ഒന്നാന്തരമൊരു ലേഖനമാണ്. ഇങ്ങനെ തുടങ്ങിയാൽ ഇന്നു കേരളത്തിൽ പേരെടുത്തവരും പേരാഗ്രഹിക്കുന്നവരുമായ പലരുടേയും ലേഖനങ്ങളും കവിതകളും കഥകളുംകൊണ്ടു നിബിഡമാണീ പ്രഭാതമഞ്ജുഷ.

കവർ അത്യധികം കമനീയമായിട്ടുണ്ടെങ്കിലും കേരളക്കരയിലെ സുപ്രഭാതത്തേക്കാൾ, തമിഴ് നാട്ടിലെ ഉണക്കഗ്രാമത്തിന്റെ പ്രതീതിയാണുളവാക്കുന്നതെന്നു പറയാതിരിക്കാൻ വയ്യ. മികച്ച ആർട്ടുപേപ്പറിലുള്ള മഹാരാജാവു തിരുമേനിയുടെ കളർ ചിത്രം ഫ്രെയിംചെയ്തു സൂക്ഷിക്കത്തക്കവണ്ണം അത്ര ആകർഷകമായിട്ടുണ്ടു്. മററു രാജകുടുംബാംഗങ്ങളുടേയും സചിവോത്തമന്റേയും ചിത്രം ഈ പ്രസിദ്ധീകരണത്തെ അലങ്കരിക്കുന്നു.

ഈ ക്ലിപ്താ വിശേഷാൽപ്രതികളിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനം പ്രഭാതത്തിനാണെന്നു നിസ്സംശയം പറയാം.

-ക. പി.

## കൈപ്പററി

ഇക്ബാൽ–വക്കം എം. അബ്ദുൾക്കാദിർ
ബർൻടെ –എൽ. സി. ചെസക്ക്
സിന്താബാദ്–വേളൂർ എൻ. കെ. കൃഷ്ണൻകുട്ടി
മണിവേദി–കൃഷ്ണസാരസ്വതൻ നമ്പൂതിരി
തീഷ്ണഖഡ്ഗം–വിദ്വാൻ ജി. നീലകണ്ഠൻ
സുഭദ്ര – ,, നായർ, തൃശ്ശൂർ
ജയപ്രകാശ്–തെരുവത്തു് രാമൻ

★

# പണ്ഡിതരാജൻ

## ശ്രീ. രാമപ്പിഷാരടിയുടെ ചരമം

(എൻ. വി. കൃഷ്ണവാരിയർ, മദ്രാസ് സർവ്വകലാശാലാ റിസർച്ച് വിദ്യാർത്ഥി)

കൊച്ചിയിലെ പണ്ഡിതരാജൻകല്ലൂർ വലിയരാമപിഷാരടിയുടെ നിര്യാണം (ഒക്ടോബർ 23–ാംനു-) മൂലം ദക്ഷിണേന്ത്യയിലെ സംസ്കൃതപണ്ഡിതന്മാർക്കു് നികത്താൻ വയ്യാത്ത ഒരു നഷ്ടമാണു നേരിട്ടിരിക്കുന്നതു്. ശാസ്ത്രങ്ങളിൽ അപാരമായ പാണ്ഡിത്യംകൊണ്ടു് അദ്വിതീയസ്ഥാനം ആർജ്ജിച്ചിട്ടുള്ള പണ്ഡിതവരേണ്യന്മാരുടെ പരമ്പര ഇപ്പോൾ മിക്കവാറും അസ്തമിച്ചുവരികയാണ്. അവരുടെ കൂട്ടത്തിൽപെട്ട ഒരു അദ്വിതീയ പണ്ഡിതനായിരുന്നു ശ്രീ രാമപ്പിഷാരടി. ന്യായം, അലംകാരം, വ്യാകരണം എന്നീ വിഷയങ്ങളിൽ അത്യഗാധമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. കൊച്ചി തമ്പുരാക്കന്മാരുടെ അദ്ധ്യാപകനായി ആദ്യം നിയമിക്കപ്പെട്ട അദ്ദേഹം പിന്നീട് എറണാകുളം മഹാരാജാസ് കോളേജിലെ സംസ്കൃതലക്ചററായിരുന്നു. പെൻഷ്യൻ പററിയതിനുശേഷം അദ്ദേഹം തൃപ്പൂണിത്തുറയിൽ സ്ഥിരതാമസമാക്കി. അക്കാലത്തു പല സംസ്കൃത മഹാകാവ്യങ്ങൾക്കും അദ്ദേഹം വ്യാഖ്യാനമെഴുതിട്ടുണ്ട്.

സംസ്കൃതസാഹിത്യനിരൂപണത്തിലെ പ്രാമാണികഗ്രന്ഥമായ “ധ്വന്യാലോകലോചന,,ത്തിനു ശ്രീ. രാമപ്പിഷാരടി എഴുതീട്ടുള്ള വ്യാഖ്യാനം ഒരു സ്മാരകഗ്രന്ഥമാണെന്നുതന്നെ പറയാം.

കൊച്ചിയിലെ രാമവർമ്മ ഇളയതമ്പുരാനുമായി ആലോചിച്ചു “ശാകുന്തള,,ത്തിനു് അദ്ദേഹം എഴുതിയിട്ടുള്ള വ്യാഖ്യാനവും അതുപോലെതന്നെ ഒരു പ്രാമാണികഗ്രന്ഥമാണ്. പതിമൂന്നോളം നാടകങ്ങൾ, പല പല കാവ്യങ്ങൾ ന്യായശാസ്ത്രത്തിലും അലംകാരശാസ്ത്രത്തിലുമുള്ള നിരവധി പ്രാചീനഗ്രന്ഥങ്ങൾ എന്നിവയേയും അദ്ദേഹം വ്യാഖ്യാനിച്ചിട്ടുണ്ട്.

ഒരു വ്യാഖ്യാതാവെന്നുള്ളതിനേക്കാൾ, അന്യാദൃശശേഷിയുള്ള ഒരദ്ധ്യാപകൻ എന്ന നിലയിലാണു ശ്രീ രാമപ്പിഷാരടി പ്രസിദ്ധിനേടീട്ടുള്ളതു്. ഒരദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിനുള്ള സ്വാധീനശക്തിയും നിസ്സീമമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ പലരും സംസ്കൃതപണ്ഡിതന്മാരുടെ കൂട്ടത്തിൽ പേരെടുത്തിട്ടുള്ളവരാണ്.

—*—

# പ്രതികാരം

(എസ്. കെ. ആർ. കമ്മത്ത്)

നാലു റോഡുകൾ കൂട്ടിമുട്ടുന്ന പട്ടണത്തിലെ കവലയിൽ ആ വൃദ്ധനെ പകൽ സമയം മിക്കപ്പോഴും കാണാം. രാമുവിനെ അറിയാത്തവരായി ആ പട്ടണത്തിൽ ആരുമില്ല.

അൻപതോളം വയസ്സ് പ്രായംവരും. ഒരു കാലിനും ഒരു കൈയ്യും സ്വാധീനമില്ല. വടിയുടെ സഹായംകൊണ്ടാണു നടക്കുക. രാത്രികാലങ്ങളിൽ, അവിടത്തെ അമ്പലത്തിന്റെ മുമ്പിലുള്ള കളത്തട്ടിൽ ചെന്നു കിടക്കും. ശാന്തിക്കാരൻ പോററി ഉച്ചയ്ക്കുകിട്ടുന്ന പകർച്ചച്ചോററിൽ പകുതി അയാൾക്കു കൊടുക്കാറുണ്ട്.

കണ്ടാൽ തെണ്ടിയെപ്പോലെ തോന്നും. പക്ഷെ അയാൾ യാചിക്കുകയില്ല. ആ ജീവിതകാലത്തിനിടയിൽ അയാൾ യാചിച്ചിട്ടുമില്ല. അയാൾക്ക് എന്തോ ലോകത്തെ അറിയിക്കുവാനുണ്ട്. കേൾക്കുവാൻ ആളില്ലെന്നു മാത്രം. ആ കണ്ണുകളിൽ നിരാശയും ശോകവും നിറഞ്ഞിരിപ്പുണ്ട്. അധികനേരത്തെ മൌനത്തിനു ശേഷം ഒരു ശാപ വചനം ആ കണ്ഠത്തിൽനിന്നും വെളിയിലേക്കു് ഒരു ചാട്ടം ചാടും:-

"ഭഗവാനേ! എന്നെ ദ്രോഹിച്ച മുല്ലശ്ശേരി കുടുംബം നശിച്ചുപോവണേ!,,

രാത്രികാലങ്ങളിൽ, റോഡരികിലായി സ്ഥിതിചെയ്യുന്ന ആ ഇരുനിലക്കെട്ടിടത്തിന്റെ മുമ്പിലുള്ള ഗേററിനു വെളിയിൽനിന്നും ആ ശാപവചനം ഉയരും. ആ വീട്ടിലെ അംഗങ്ങളും നടുങ്ങിപ്പോകും. കഴിഞ്ഞ അനേകം വർഷക്കാലമായി അവർ അതു കേട്ടുവരികയാണ്.

ശനിയാഴ്ചതോറും വൈകുന്നേരം ആ വീട്ടിലെ സ്ത്രീകൾ അമ്പലത്തിൽ പോകാറുണ്ട്. വിലകൂടിയ വസ്ത്രങ്ങളും ധരിച്ച്, കഴുത്തുനിറയെ ആഭരണങ്ങളും അണിഞ്ഞ്, അവർ അങ്ങനെ പോകുമ്പോൾ ആ വൃദ്ധനും പിറകെ വിടും. അവരുടെ മുഖം വിളറുന്നതു കാണാം, ആ ശാപവചനം മുഴങ്ങുമ്പോൾ! അയാളുടെ കണ്ണുകളിൽനിന്നും അപ്പോൾ തീപ്പൊരി പാറുകയാണോ എന്നു തോന്നും. ആ ശരീരം വികാരംകൊണ്ടു വിറയ്ക്കും. അവർ ജീവച്ഛവങ്ങളാകും.

ഒരവസരത്തിൽ ആ വീട്ടിലെ പഴയ റിക്കാർഡുകളെല്ലാം എടുത്തു പരിശോധിക്കുന്നതിനിടയിൽ, കൃഷ്ണനു് മരിച്ചുപോയ പിതാവിന്റെ ഒരു ഡയറി കാണുവാനിടയായി. അയാൾ അതു കൌതുകത്തോടുകൂടി തുറന്നു് ഓരോ പേജും മറിച്ചുതുടങ്ങി. അൻപത്തൊന്നാം പേജിൽ ഇങ്ങിനെ എഴുതിക്കണ്ടു:-

'ഏക മകനായ രാമുവിനെ സംരക്ഷിക്കുവാനായി എന്നെ ഏല്പിച്ചിട്ട് വേലു ഇന്നു മരണമടഞ്ഞു.,,

കൃഷ്ണന്റെ കൈകൾ വിറച്ചു. അയാൾ ഡയറിയിലെ ആ കടലാസ്സ് അനേകം കഷണങ്ങളാക്കി കീറി കാററിൽ പറപ്പിച്ചു.

മുല്ലശ്ശേരി കുടുംബം ഒരു കാലത്തു് നിർദ്ധനാവസ്ഥയിൽ കഴിഞ്ഞതാണ്. കൃഷ്ണന്റെ പിതാവായ ഗോവിന്ദൻ അക്കാലത്തു് കൂലിവേലയെടുത്താണ് കുടുംബത്തെ പോററിപ്പോന്നതു്. അങ്ങനെയിരിക്കെ, ഏതുവിധമോ ഗോവിന്ദൻ പണക്കാരനായി. ഇന്നും ആളുകളുടെ ഇടയിൽ ആ സംഭവം അത്ഭുതത്തോടുകൂടി പറയപ്പെടാറുണ്ട്.

ആ നാട്ടിലെ ആളുകളെല്ലാം ബഹുമാനിക്കുന്ന മുല്ലശ്ശേരി കുടുംബത്തിന് എങ്ങിനെ ഒരു ശത്രു ഉണ്ടായി? അത് ഒരു നീണ്ട കഥയാണ്.

വേലുവിന്റെ ദീനം ഭേദപ്പെടുകയില്ലെന്നു് വൈദ്യൻ അഭിപ്രായപ്പെട്ടു. തനിക്ക് ഇനി യാതൊരു രക്ഷയും കിട്ടുകയില്ലെന്നു ബോദ്ധ്യമായതോടുകൂടി തന്റെ ഏക മകന്റെ ഭാവിയെപ്പററിയായി വേലുവിന്റെ വിചാരം. രാമുവിന് ചെറുപ്പമാണ്. അവനെ ഇനി ആരു നോക്കും? അതോർക്കുന്തോറും വേലുവിന്റെ കണ്ണുകളിൽനിന്നും ധാരധാരയായി കണ്ണുനീരൊഴുകി. അയൽവീട്ടുകാരനായ ഗോവിന്ദൻ അയാളെ ആശ്വസിപ്പിച്ചു:-

"നിങ്ങൾ ദുഃഖിക്കണ്ട. അവനു് ഞാനൊണ്ട്. സ്വന്തം മകനെപ്പോലെ ഞാനവനെ നോക്കിക്കൊള്ളാം.,,

ഒരുനാൾ വൈകുന്നേരം വേലു തന്റെ രഹസ്യസമ്പാദ്യമടങ്ങിയ ഒരു തകരപ്പെട്ടി മകനെക്കൊണ്ട് എടുപ്പിച്ചുകൊണ്ടുവന്നു. അതു് ഗോവിന്ദനെ ഏല്പിച്ചിട്ട് അയാൾ പറഞ്ഞു:--

ചെറുകഥ

"ചേട്ടാ ഇതിനകത്തു് അയ്യായിരം രൂപയൊണ്ട്. ഇതു് എന്റെ മകനുവേണ്ടി ചേട്ടൻ സൂക്ഷിച്ചുവയ്ക്കണം. ഇനി ഒരു കാര്യംകൂടി പറയാം. എനിക്കു കുറച്ചു കടമുണ്ട്. എണ്ണൂറായിരത്തോളം വരും. ഒരു നിലം വിററാൽ കടക്കാർക്കു കൊടുക്കാനുള്ളതു കിട്ടും. ബാക്കിയുള്ള നിലവും ഈ പുരയിടവും അന്യാധീനപ്പെടാതെ ചേട്ടൻ നോക്കിക്കൊള്ളണം.,, വേലു കണ്ണുനീർ തുടച്ചു.

ഗോവിന്ദൻ എല്ലാം മൂളിക്കേട്ടു. അയാൾ പെട്ടിയുമായി വീട്ടിലേക്കു പോയപ്പോൾ, വേലു മകനോടു് പറഞ്ഞു:-

"മോനേ, ഞാൻ ഈ ലോകത്തുനിന്നും പോകുവാം. ഇനി ചേട്ടൻ നിന്നെ നോക്കിക്കൊള്ളും. അയ്യായിരം രൂപാ ചേട്ടന്റെ കൈയിൽ കൊടുത്തിട്ടുണ്ട്. അതു് നിനക്കുള്ളതാ."

വേലുവിന്റെ ദീനം പിന്നെയും കൂടിക്കൂടിവന്നു. രണ്ടുനാളുകൾക്കുള്ളിൽ അയാൾ മരിക്കുമെന്നു് വൈദ്യൻ, ഗോവിന്ദനെ രഹസ്യമായി അറിയിച്ചു.

അന്നുകാലത്തു് വേലു വീണ്ടും ഗോവിന്ദനോടു് പറഞ്ഞു:-

"ചേട്ടാ, എന്റെ മോനെ രക്ഷിച്ചുകൊള്ളണെ. അവനു് ഇനി ചേട്ടനല്ലാതെ ആരുമില്ല.,, ആ വാക്കുകൾ ഗദ്ഗദം നിറഞ്ഞതായിരുന്നു.

വേലു അന്നുരാത്രി മരിച്ചു. രാമു, ഗോവിന്ദന്റെ വീട്ടിൽ താമസവുമായി.

ഗോവിന്ദൻ, വേലുവിന്റെ ഓരോ കടക്കാരെയും ചെന്നു കണ്ടു. അയാൾക്ക് അവരെ കൈകാര്യം ചെയ്യുവാൻ വിഷമമുണ്ടായില്ല. വേലുവിന്റെ വസ്തുക്കളെല്ലാം കോർട്ടു മുഖാന്തിരം ലേലംചെയ്യപ്പെട്ടു. കടക്കാർക്കു കൊടുക്കുവാനെ ലേലത്തുക തികഞ്ഞുള്ളു. ലേലം രഹസ്യമായിട്ടാണ് നടന്നതു്.

ഗോവിന്ദൻ ചില പ്രമാണികളോടു് പറഞ്ഞു നടന്നു:-

"വേലു, ധൂർത്തടിച്ച് കടമുണ്ടാക്കിയതിന്റെ ഫലമാണിതു. അവന്റെ മകനു് കേറിക്കിടക്കാൻകൂടി ഒരു ഇഞ്ചു പുരയിടം ഇല്ലാതായി. കഷ്ടം! ആ പയ്യന്റെ ഭാവിയെപ്പററിയോർക്കുമ്പോൾ എനിക്കു സങ്കടം തോന്നുന്നു.,,

നാളുകളും ആഴ്ചകളും മാസങ്ങളും ഓരോന്നായി കടന്നുപോയി. രാമു ആ വീട്ടിൽ അങ്ങനെ ജീവിച്ചു പോരികയാണ്. അവന് അവിടെ ഒരു വേലക്കാരനിൽ കവിഞ്ഞ സ്ഥാനമില്ല. കാലത്തു് സ്കൂളിൽ പോകുന്നതിനു മുമ്പു് അവനു് അവിടെ പല ജോലികളും ചെയ്തു തീർക്കാനുണ്ട്. തൊഴുത്തിൽ നിന്നും പശുവിനെ അഴിച്ച് പുല്ലു നിറഞ്ഞ സ്ഥലത്തു് കൊണ്ടു ചെന്നു കെട്ടുക, തൊഴുത്തിലെ ചാണകം വാരിക്കളഞ്ഞ് അവിടം ശുദ്ധിയാക്കുക, ഗോവിന്ദനു് കുളിക്കാൻ വെള്ളം കോരിയിടുക, അങ്ങനെ പലതും. അതിനെന്തിലെങ്കിലും വിഘ്നം വരുത്തിയാൽ ശകാരങ്ങളും കിഴുക്കും. വൈകിട്ട് സ്കൂളിൽനിന്നു വരുമ്പോഴും അവനെ കാത്തു് പല ജോലികളും ഇരിപ്പുണ്ടാകും.

രാമു ചിലപ്പോൾ സ്വയം ചോദിക്കും, അച്ഛൻ അയ്യായിരം രൂപാ കൊടുത്തിട്ടില്ലേ? അതു് തനിക്കുള്ളതല്ലേ? കൃഷ്ണനു് ധാരാളം ആഭരണങ്ങൾ പണിയിക്കാറുണ്ട്- മാലയും വളകളും മോതിരങ്ങളും മററും. തനിക്ക് ഒന്നും പണിയിച്ചു തരാത്തതെന്തു്? കൃഷ്ണൻ ദിവസവും പുതിയമുണ്ടും ഉടുപ്പും ധരിച്ചാണ്. സ്കൂളിൽ പോകുക. തനിക്ക് പഴയ മുണ്ടും ഉടുപ്പും. എങ്കിലും രാമു അതൊന്നും പുറത്തു പറയാറില്ല. ഗോവിന്ദനെ, അവന് അത്ര ഭയമാണ്.

രാമുവും കൃഷ്ണനും ഒരേ ക്ലാസ്സിലാണ് പഠിക്കുന്നതു്. കൃഷ്ണനോടു് സ്കൂളിലെ അദ്ധ്യാപകന്മാർ പൂർവ്വാധികം സ്നേഹം ഭാവിക്കുന്നതു് രാമു കണ്ടുതുടങ്ങി. ഒരു സന്ദർഭത്തിൽ മൂന്നാംക്ലാസ്സിലെ സാറ്, നാലാംക്ലാസ്സിലെ സാറിനോടു് ഇങ്ങനെ പറയുന്നതു് രാമു കേട്ടു:-

"കൃഷ്ണന്റെ അച്ഛനു് ഭാഗ്യം തെളിഞ്ഞുവെന്നാണ് തോന്നുന്നതു്,,

അക്കൊല്ലം രാമുവും കൃഷ്ണനും നാലാം ക്ലാസ്സിൽ നിന്നും ജയിച്ചു. ഗോവിന്ദൻ പറഞ്ഞു, ഇനി രാമു പഠിക്കേണ്ടെന്നു്. കൃഷ്ണനെ ഇംഗ്ലീഷ് പള്ളിക്കൂടത്തിലും ചേർത്തു.

രാമുവിനും പഠിക്കണമെന്നു് ആഗ്രഹമുണ്ട്. സന്ധ്യാസമയങ്ങളിൽ നിലവിളക്കിന്റെ അടുത്തിരുന്നു് കൃഷ്ണൻ ഇംഗ്ലീഷ് പുസ്തകം വായിക്കുമ്പോൾ രാമു അതു് ആർത്തിയോടെ കേട്ടുനിൽക്കും. ചില

(ശേഷം 14-ാം പേജിൽ)

# ദ്വിരാഷ്ട്രസിദ്ധാന്തത്തെപ്പറ്റി

(സുകുമാർ അഴീക്കോട്)

II

ഇസ്ലാമീയ സംസ്കാരത്തിന്റെ സാർവ്വത്രികവും പ്രത്യേകവുമായ സംപോഷണത്തിന്നാണ പാക്കിസ്ഥാൻ എന്നു പറഞ്ഞുകേൾക്കാറുണ്ട്.

അതെയോ? എന്താണീ സംസ്കാരം? ജനങ്ങളുടെ വൈജ്ഞാനികമായ വികാസത്താൽ ജാതമായ സാമാന്യൌന്നത്യമാണ സംസ്കാരമെങ്കിൽ, ഒരു സാധാരണനായ ഇന്ത്യാക്കാരനു സംസ്കാരത്തിന്നർഹതയില്ല. അഭ്യസ്തവിദ്യന്റെ സംസ്കൃതിയാണ വിവക്ഷിതമെങ്കിൽ, അവന്റെ സംസ്കാരപോഷണം വിഭജനത്താൽ സാദ്ധ്യമല്ല. അഥവാ, സംസ്കാരവും വിഭജനവും വിരുദ്ധധർമ്മികളത്രേ. വിശാലസാഹോദര്യമാണ സംസ്കാരത്തിന്റെ പ്രകാശപാരമ്യം. അപ്പോൾ ഇസ്ലാമീയസംസ്കാരത്തിന്റെ സംപുഷ്ടിക്കായി പാക്കിസ്ഥാനെ സൃഷ്ടിക്കുന്നതു്, മൌഢ്യമാണ്. മുസ്ലീംകളുടെ വിദ്യാഭ്യാസപരമായ പുരോഗമനമാണ തൽ സംസ്കാരത്തിന്റെ കീലം. ഒരുദാഹരണം കാട്ടാം —ഇന്ത്യയിലെ അണു പരിമാണമായ ഒരു വർഗ്ഗമത്രേ പാർസികൾ. ഇവിടെ ഏററവും പുരോഗതമായ സമുദായവും അതാണ്. ആ പുരോഗതി അവക്കു ലഭിച്ചതു് ഒരു 'സ്ഥാൻ' സൃഷ്ടിച്ചിട്ടല്ല; സ്വീയമായ ശക്തിയെ വർദ്ധിപ്പിച്ചിട്ടാണ. ആ സമുദായത്തെക്കാൾ അതി വിപുലവും പ്രബലവുമായ മുസ്ലീംസമൂഹം അവരിൽനിന്നൊരു പാഠം പഠിക്കട്ടെ എന്നല്ല, ഇസ്ലാം സംസ്കാരത്തിന്റെ ചൈതന്യത്തിന്നും സന്ദേശത്തിന്നും വിരുദ്ധമാണ പാക്കിസ്ഥാൻ എന്നു പ്രഫസർ ഹുമയൂൺ കബീർ എഴുതിയതു് എത്രയോ വാസ്തവമത്രേ. അവരുടെ ചരിത്രം പരാക്രമത്തിന്റെയും വികസനത്തിന്റെയും വർഗ്ഗീയ സങ്കലനത്തിന്റെയും ചരിത്രമാണല്ലോ; മറിച്ച് വിഭജനത്തിന്റെയും വിദ്വേഷത്തിന്റെയും ചരിത്രമല്ല. "സംസ്കാരം വികസനത്താൽ ജീവിക്കുന്നു." എന്നു ഹുമയൂൺ കബീർ 'Muslim Politics' എന്നഗ്രന്ഥത്തിൽ (പുറം 44–45) പ്രസ്താവിച്ചതു് പാക്കിസ്ഥാൻ വാദികൾ അനുസ്മരിച്ചാൽ നന്നു്.

പാക്കിസ്ഥാനാണ മുസ്ലീം ലീഗിന്റെ പരമലക്ഷ്യമെങ്കിൽ, അതു ലീഗിന്റെ അസ്ഥിവാരത്തെത്തന്നെ തല്ലിപ്പൊളിക്കുന്നതിനു തുല്യമാണ്. എങ്ങിനെയെന്നാൽ, ഇന്ത്യയിലെ സർവ്വമുസൽമാന്മാരും ലീഗിന്റെ പിന്നിൽ തിരക്കേണമെന്നു ജിന്ന പറയുന്നു; അതിന്റെ അത്ഥം പാക്കിസ്ഥാൻ ലഭിച്ചാൽ പാക്കിസ്ഥാനിലെ മുസ്ലീം ഭൂരിപക്ഷത്തിന്നും ഹിന്ദുസ്ഥാനിലെ മുസ്ലീം ന്യൂനപക്ഷത്തിന്നും ദുർഘടപ്രശ്നങ്ങൾ അസ്തംഗതമാവും എന്നാവണമല്ലോ. പക്ഷേ യഥാത്ഥമായി, പാക്കിസ്ഥാൻ കൊണ്ടു് മുസ്ലീം ന്യൂനപക്ഷത്തിനു ശ്രേയസ്സുളവാകുകയില്ല. അവർ, പിന്നെയും, ഭരണഘടനയിൽ രക്ഷാവ്യവസ്ഥകൾക്കു മററും കലഹം കൂട്ടേണ്ടിയിരിക്കുന്നു. അപ്പോൾ പാക്കിസ്ഥാനിലെയും ഹിന്ദുസ്ഥാനിലെയും ഭൂരിന്യൂനപക്ഷങ്ങൾക്കു വ്യതിരിക്തങ്ങളായ ചില ലക്ഷ്യങ്ങളാണുണ്ടാവേണ്ടതെന്നുവരുന്നു. എന്നിട്ടും ലീഗു പറയുന്നതു എല്ലാ മുസൽമാന്മാരും ലീഗിന്റെ പിന്നിൽ പാക്കിസ്ഥാൻ ലാഭാത്ഥം അണിനിരക്കണമെന്നാണ്.

മാത്രമല്ല— "അമുസ്ലീംകളെ ഇസ്ലാമിലേക്കോ, മുസ്ലീംങ്ങളെ മററു മതങ്ങളിലേക്കോ പരിവത്തനം ചെയ്യുവാൻ പാക്കിസ്ഥാൻഭരണം, നേരിട്ടോ അല്ലാതെയോ പ്രോത്സാഹനം നൽകുമോ? പുന: പരിവത്തനത്താൽ മുസ്ലീം ജനത ഒരു ന്യൂനപക്ഷമായിത്തീർന്നാൽ പാക്കിസ്ഥാന്റെ സ്ഥിതിയെന്താവും?" (1)

വേറൊരു വികടവും അപകടവും പാക്കിസ്ഥാനിലുണ്ടു്. പാക്കിസ്ഥാനിലെ വിഭിന്ന സംസ്ഥാനങ്ങളിൽ മതം മാത്രമേ ഒരു സമാനധർമ്മമായുള്ളു. ചുരുങ്ങിയതു് അഞ്ചു് വ്യത്യസ്തഭാഷകൾ അവിടെ സംസാരിച്ചു പോരുന്നു. കൂടാതെ, ഇന്ത്യൻ സൈന്യത്തിൽ പഞ്ചാബിനുള്ള സിംഹഭാഗം ആ സംസ്ഥാനത്തിന്റെ പ്രധാനഭാഗമായ സാമ്പത്തികാവലംബമാകുന്നു. (1930-ലെ കാനേഷുമാരിക്കണക്കുപ്രകാരം ഏകദേശം 58. 5ശതമാനം). പാക്കിസ്ഥാനിൽ പഞ്ചാബ് ഉൾപ്പെട്ടുകഴിഞ്ഞാൽ, പിന്നെ ഹിന്ദുസ്ഥാൻസേനയിൽ പഞ്ചാബികൾക്കു സ്ഥാനമുണ്ടാവില്ലല്ലോ. പാക്കിസ്ഥാനു് അത്രവലിയ സേനയെ പുലത്താനുമാവില്ല. അപ്പോൾ ഫലമോ, കുറെ പഞ്ചാബികളുടെ തൊഴിൽനാശം.

ബർമ്മ ഇന്ത്യയിൽനിന്നു വേർതിരിച്ചതുപോലെ പാക്കിസ്ഥാനും വേർതിരിക്കാം എന്നു മറെറാരു വാദമുണ്ടു്. പക്ഷേ, വിഭജനാനന്തരം ബർമ്മയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചോ? ഇല്ല. പാക്കിസ്ഥാന്റെയും ഗതി അതാവാമെന്നതാൽ ഉപകാരമായി.

ഇതര മുസ്ലീംരാഷ്ട്രങ്ങൾ പാക്കിസ്ഥാനെ സഹായിക്കുമെന്ന വിദൂരവിശ്വാസം നമ്മളെ പിഡ്ഡിയുടെ കിനാവിൻ സ്വർഗ്ഗത്തിലാണ്ണാനയിക്കുക! സുദൂരസ്ഥിതവും പരതന്ത്ര്യദുർബ്ബലവുമായ ഈജിപ്ത്, സാമ്പത്തികമായും സേനാപരമായും അശക്തമായ അഫ്ഘാനിസ്ഥാൻ, റഷ്യയുടെയും ബ്രിട്ടന്റെയും ചതുരംഗക്കരുവായ പേർസ്യ; ഓട്ടോമൻസാമ്രാജ്യത്തിന്റെ ദിവാസ്വപ്നം മട്ടുത്ത തുർക്കി – ഇവയെല്ലാം ഒരു സഹോദരരാഷ്ട്രമായ പാക്കിസ്ഥാനെ സഹായിക്കുമെന്നു കരുതുന്നതു് ഉറക്കത്തിലാണെങ്കിൽ കൊള്ളാം.. മതപരരാഷ്ട്രങ്ങളുടെ (Theocratic states) കാലം ഇരുപതാം ശതകമല്ല. അതു കഴിഞ്ഞുപോയി. (Vide Akhanda Hindustan by K. M. Munshi) നോക്കണം: മുസ്ലീംകളായ തുർക്കികൾക്കെതിരായി യുദ്ധംചെയ്തു സ്വാതന്ത്ര്യം നേടുവാനായി, കൃസ്ത്യാനികളായ ഇംഗ്ലീഷുകാരുടെ സഹായം സ്വീകരിക്കുവാൻ മുസ്ലീംകൾ തന്നെയായ അറബികൾ മടിച്ചിട്ടില്ല. അതു മറക്കരുതു നിങ്ങൾ. ഭാരതത്തിന്റെ വിസ്തൃതോത്സംഗത്തിൽനിന്നു വിട്ടാൽ, പാക്കിസ്ഥാൻ മഹാശക്തികളുടെ ചതുരംഗലീലയിലെ ഒരു നിസ്സഹായക്കരുവായിത്തീരും; തീർച്ചയാണതു്. (2)

പാക്കിസ്ഥാന്റെ സമ്പാദനം ഇന്ത്യയിലെ വർഗ്ഗീയപ്രശ്നത്തിന്നൊരു സമാധാനമേകുമെങ്കിൽ അതു സമ്മതിച്ചുകൊടുക്കാമായിരുന്നു. പക്ഷേ, അപ്പോൾ വർഗ്ഗീയപ്രശ്നം കൂടുതൽ കുടിലമാവാനാണിട. അൾസ്റററിന്റെ ചരിത്രം ഇവിടെ ഒരു പാഠമാണു നമുക്ക്. വിഭക്തമായ രണ്ടു രാജ്യങ്ങളിലും സുശക്തമായ ന്യൂനപക്ഷങ്ങളുണ്ടാവുന്നതിനാൽ വർഗ്ഗീയതയ്ക്കു് വൈപുല്യം കൂടുന്നു. അപ്പോൾ മററു വൻശക്തികൾ രാഷ്ട്രാന്തരാളത്തിൽ കൈകടത്തും; പിന്നീടാകെ പുറത്തവർ വലിക്കുകയുമില്ല.

പാക്കിസ്ഥാനിൽ തന്നെ, പ്രാദേശികമായി, അമുസ്ലീം ന്യൂനപക്ഷം ഭൂരിപക്ഷമായി വരുന്നുണ്ടു്. അങ്ങിനെ, സിക്കകേന്ദ്രമായ അംബാലാവിഭാഗം ഒരു ശിഖസ്ഥാനായും മാറേണ്ടിവരും. സിക്കുകാരെ പാക്കിസ്ഥാനിൽ ഉൾപ്പെടുത്താമെന്നു കരുതേണ്ടാ. ഹിന്ദുക്കളിൽ നിന്നു മുസ്ലീംകൾ ആവശ്യപ്പെടുന്നതത്രേ, സിക്കുകൾ മുസ്ലീംകളിൽ നിന്നാവശ്യപ്പെടുന്നതു്. സിക്കുകാരുടെ ആവശ്യം അനുവദനീയമല്ലെന്നാണ മുസ്ലീംകൾ പറയുന്നതെങ്കിൽ, അതേ ന്യായബലത്തോടെ ഹിന്ദുക്കളും പറയും; മുസ്ലീംകളുടെ ആവശ്യവും അനാശാസ്യമാണെന്ന്. ബങ്കാളിൽ കല്ക്കത്ത മറെറാരു ഹിന്ദുകേന്ദ്രമാണ് (ഹിന്ദുക്കൾ 1531512, മുസ്ലീംകൾ 79844). ഇതും പാക്കിസ്ഥാനിലുൾപ്പെടാതിരിക്കണം — ലീഗു ന്യായാനുസൃതമായിത്തന്നെ! കല്ക്കത്ത ഒഴികയാണെങ്കിൽ, പാക്കിസ്ഥാൻ വളരെ വിരള സമ്പത്താവുകയും ചെയ്യും.

പാക്കിസ്ഥാനിലെ പശ്ചിമോത്തരഘടകം ബങ്കാൾ വിഭാഗത്തിന്ന്, കരയിലൂടെ 800 നാഴിക അകലെയും, കടലിലൂടെ 2500 നാഴിക അകലെയും ആണ്. സാമ്പത്തികവും സൈനികവും ഭരണപരവുമായ സാദ്ധ്യതകൾക്കു് ഈ സുദൂരത എത്രയോ വിഘാതമത്രേ. എന്നതിനാൽ, യൂറോപ്പിലെ ഡാൻസിഗ്ഗിന്റെയും വിൽനയുടെയും യുദ്ധകഥകൾ ഇന്ത്യയിലാവത്തിക്കം എന്നും വരും.

പ്രതിഭൂതസിദ്ധാന്തം(Hostage Principle) അതായതു്, പാക്കിസ്ഥാനിലെ ഹിന്ദു ന്യൂനപക്ഷത്തിന്റെ രക്ഷ ഹിന്ദുസ്ഥാനിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ രക്ഷയ്ക്കു് ആനുപാതികമായിരിക്കുമെന്നതിലെ തത്വം—വർഗ്ഗീയപ്രശ്നത്തിന്നു കച്ചിത്തുരുമ്പായി നില്ക്കും എന്നു ആശ്വസിക്കയും വേണ്ട. എന്തെന്നാൽ, പകരത്തിനു പകരമാണ് വിഭക്തരാഷ്ട്രങ്ങളിലെ ന്യൂനപക്ഷങ്ങളെങ്കിൽ അവരുടെ ജീവിതം ഉരലാം അസുഖപ്രദമായിരിക്കും; അതിലേറെ ആ വ്യ ലക്ഷണനാശം അംഗീകരിച്ച രാഷ്ട്രങ്ങൾ

(1) See the queries of 'One-Nation wala' in the Bombay Chronicle dated 13 th January 1946.

(2) "ചെങ്കൊടിയും ചന്ദ്രക്കലക്കൊടിയും" എന്ന ശീർഷകത്തിൽ ഈ ലേഖകൻ 1946 ജൂലായി 21-ാനു-ത്തെ ചക്രവാളത്തിൽ പ്രസിദ്ധീകരിച്ച പ്രബന്ധം കാണുക.

# മാടവും മേടയും

(പി. എൻ. ഭാർഗ്ഗവിയമ്മ ബി. ഏ.)

ഒററപ്പഴക്കത്താൽ ജീർണ്ണിച്ചൊരില്ലത്തിനോ-
ടേലപ്പുരദ്വയം ശാന്തമായി
ഓതുകയാണു തന്നരികേ മിന്നുന്ന
സൗധ കോടിപ്രകാരം:—
"നവ്യ പരിഷ്കാര മോടിപ്പകിട്ടിനാൽ
ദിവ്യമെന്നാണല്ലോ നിന്റെ ഭാവം.
മുമ്പിലെൻ പ്രാകൃതരൂപം പാർത്തല്ലയോ
വെൺകളി പൂശിച്ചിരിക്കുന്നു നീ?
ഇന്നലെയുള്ളിന്നു വിയത്തില്ലയന്നു നീ
മന്നിലെ വാഴ്ചകളെന്തറിഞ്ഞു?
അന്നെട്ടു നാളായ് നീ കണ്ടതുമാ നവ്യ—
ദമ്പതിമാരുടെ ലീലമാത്രം.
നിത്യവും സന്തോഷ മാധ്വീലഹരിയിൽ
മഗ്നനായ് നില്ക്കുന്നോനല്ല മർത്ത്യൻ
സംതൃപ്തിയുണ്ടാകയില്ലില്ലവനു നിൻ.
ശൃംഗങ്ങളാം വിണ്ണിനെച്ചുംബിച്ചാലും
താരകശോഭിയാം വൈദ്യുതദീപങ്ങൾ
പോരാ തൻ നേത്രം തെളിച്ചുകാട്ടാൻ
രാപകൽ വീശുന്ന പങ്കകൾ പോരായതാം.
താപത്തെയെല്ലാം തണുപ്പിക്കുവാൻ.
ചാരത്തുകാണും കുളിർ വാരിധാരയാൽ
തീരാതൃഷ്ടാഹമവനു തെല്ലും.
വിസ്തൃതമായ ജനാലകൾ പോരായീ—
വിശാലപ്രകൃതി വെളിപ്പെടുത്താൻ.
കണ്ടവളാണു ഞാൻ കാമ്യങ്ങളാം ചില
വിണ്ടല സ്വപ്നങ്ങളപ്പോഴപ്പോൾ.
ഉള്ളിൽത്തൻ തുള്ളി തുളിച്ചു പൊന്നുണ്ണിക—
ളുല്ലാസത്തിന്റെ മലക്കങ്ങൾ.
നല്ല മനോഹര ഗാനലഹരിയിൽ
നല്ലാർമണികൾ മയക്കിയെന്നെ.
എത്രവിവാഹമഹോത്സവ വേളയിൽ?
പുത്തനാം പൂന്തുകിൽ ചാർത്തിനാൾ ഞാൻ.
മന്നിലെത്തുന്ന മഹാബലിക്കായെത്ര
പൊന്നപ്പൂച്ചെണ്ടുകൾ കാഴ്ചവച്ചു.
എന്തിനതൊക്കെയുമോർമ്മിപ്പൂ ഹാ! കഷ്ടം!
ചിന്തിച്ചാലൊന്നിനുമന്തമില്ല
നിത്യവിപര്യയ വിസ്മയാകീർണ്ണമാം
മർത്ത്യജനിയെത്ര ശോചനീയം!
ഉററവക്കുണ്ടാം വിപത്തിനു സാക്ഷിയായ്
നില്പതാണോർത്താൽ മഹാദുരിതം—
കാലത്തിൻ ക്രൂരമാമാഘാതമേററേററി-
ക്കോലംകെട്ടു വശംകെട്ട ഞാൻ
ഹന്ത! കഠോരമരണങ്ങളെത്രയെ—
ന്നന്തരംഗത്തെ ശിഥിലമാക്കി.
വീറിപ്പുകയുകയാണു ഞാൻ തീരാത്ത
ദാരിദ്ര്യവഹ്നിയിലൊട്ടുനാളായ്
കീറക്കരിന്തുണിയല്ലാതെ വേറൊന്നു
മാറിയുടപ്പാൻ നിവൃത്തിയില്ല.
ആടലിൻ തോരാത്ത കണ്ണീരൊലിച്ചുള്ള
പാട്ടുകളെന്നിൽ പതിഞ്ഞുപോയി.
കാററും മഴയുമീ ശുഷ്കിച്ചകൂടിനെ
മാററിമറിക്കുവാൻ മത്സരിപ്പൂ
മണ്ണിലുണ്ടായ ഞാനിപ്പോഴോ പിന്നീടോ
മണ്ണു കൂമ്പാരമായ് വീണുപോകും.
അത്ഭുതം തോന്നിയെന്നാലും നിരാശയാൽ
വാർദ്ധക്യം പൂണ്ട പറഞ്ഞു സൗധം
"ഇത്രയും ക്ലേശം സഹിപ്പാനോ ഹാ മർത്ത്യ—
നിത്രവിചിത്രമായ് ത്തീർത്തതെന്നെ?",
പ്രത്യുത്തരമൊന്നും കിട്ടാതെയന്നവർ
നിശ്ശബ്ദചിന്തയിൽ മഗ്നരായി.

---

അസംസ്കൃതന്മാരും മൃഗീയന്മാരുമാണെന്ന ല്ലാതെ ലോകം വിധിക്കുമോ?

പാകിസ്ഥാനിൽ ഐസ്ലാമികനിയമമാണോ നടപ്പിലുണ്ടാവുക? അതിനാണവർ വിഭജനമെന്ന കേൾക്കുന്നുണ്ട്. എന്നാൽ അമുസ്ലീങ്ങൾ അവിടെ ഉൾപ്പെട്ടിരുന്നാലും (ഇല്ലാതെ വരില്ല) ഇസ്ലാം നിയമത്തിന്റെ സാകല്യപ്രവർത്തനത്തിനവിടെ സാംഗത്യമില്ല. അപ്പോൾ ചോദ്യം ഉയരുന്നു. പിന്നെയെന്തിനീ വിഭജനം?

വർഗ്ഗീയമായ ഐകരൂപ്യം സാധിക്കുവാനായി ചിലർ ജനവിനിമയം (Exchange of Population) സൂചിപ്പിക്കാറുണ്ട് (3). അവർ പ്രഥമലോകയുദ്ധാനന്തരം ഇക്കിയും ഗ്രീസും തമ്മിലുണ്ടായ ജനവിനിമയത്തെ ദൃഷ്ടാന്തമായി കാട്ടുന്നു. പക്ഷേ, ആ രണ്ടു രാജ്യങ്ങളിൽ കുടിയേറിപ്പാർത്ത ജനങ്ങളെയായിരുന്നു വിനിമയം ചെയ്തത്. ഇന്ത്യയിലാവട്ടെ ശതാബ്ദങ്ങളായി ഒരേ സ്ഥലത്തു ജീവിച്ചു മരിച്ചവരുടെ സന്തതികളെയാണു വിനിമയം ചെയ്യേണ്ടത്. ഇവിടെയതെങ്ങനെ സാധ്യമാകും? മദ്രാസിലെ മലയാളിയായ മാപ്പിള പഞ്ചാബിലെത്തിയാൽ ഭാഷ തന്നെ മാറി. തൊഴിൽ മാറും, കാലാവസ്ഥ മാറും സാഹചര്യങ്ങൾ സർവ്വവും മാറും ഈദൃശസന്ദർഭങ്ങളിൽ ജനത എവിടെ പുരോഗമിക്കുവാനാണ്? എന്നു മാത്രമോ, 1300000 ഗ്രീക്കുകാരുടേയും 400000 തുർക്കികളുടേയും വിനിമയത്തിനുതന്നെ ഗ്രീസ്സിനുമാത്രം 10000000 പവൻ ചിലവുണ്ടായിരുന്നു എന്നും ഓർക്കണം. (4) ഇന്ത്യയിലാണെങ്കിൽ ഏകദേശം 6 കോടി ജനങ്ങളെ മാറേണ്ടിവരും. അതിനാവേണ്ട കോടാനുകോടിരൂപാ സ്വതേ ദരിദ്രമായ പാകിസ്ഥാൻ ഭരണകൂടത്തിന് എവിടെനിന്നാണു ലഭിക്കുക?

പാകിസ്ഥാന്റെ സാമ്പത്തികസാദ്ധ്യതകൾ ഏററവും പരിമിതമത്രെ. ഇന്ത്യയിലെ ധാതുവസ്തുക്കളിൽ 5. 4 ശതമാനം മാത്രമേ പാകിസ്ഥാനു ലഭിക്കുകയുള്ളവെന്ന് ഇന്ത്യയുടെ ധാതുവസമ്പത്തും രാഷ്ട്രീയഭാവിയും' എന്ന ഗ്രന്ഥത്തിൽ (India's Mineral Wealth and Political Future by C. H. Behre) ഒരു വിദഗ്ദ്ധൻ കണക്കാക്കിയിരിക്കുന്നു. അപ്പോൾ ന്യായമായി ലിഗിനോടു നമുക്കു ചോദിക്കാം: 'എന്തിനു വിഭജിച്ചു വിഷമിക്കണം, ഏകോപിച്ചു സുഖിക്കുവാൻ സാധിക്കുമ്പോൾ?'

കേന്ദ്രത്തിൽ മുസ്ലീങ്ങൾ ഒരു ന്യൂനപക്ഷമായിരിക്കും എന്ന ഭീതിയാണു മിക്കപേരെയും പാകിസ്ഥാനിൽ ദാഹിലടച്ചുകൂട്ടുവാൻ പ്രേരിപ്പിക്കുന്നത്. ഈ ഭീതി അനാവശ്യമത്രെ. സ്വാതന്ത്ര്യാനന്തരം ഒരു സോഷ്യലിസ്റ്റ് ഭരണഘടനയിലധിഷ്ഠിതമാവുമെന്നതു അസന്ദിഗ്ദ്ധമായിരിക്കെ സാമാന്യജനങ്ങൾക്കു ചൂഷണത്താലുള്ള ഭീതി വേണ്ട. പിന്നെ, ന്യൂനപക്ഷമോ ഭൂരിപക്ഷമോ എന്ന പ്രശ്നം ഉത്ഭവിക്കുന്നതേയില്ലല്ലോ.

വിഭജനത്തിന്റെ ധനപരമായ പ്രത്യാഘാതങ്ങൾ കൊടിയവയാകുന്നു. പാകിസ്ഥാനിലുൾപ്പെടുന്ന സിന്ധ്, ബലൂചിസ്ഥാൻ, അതിർത്തിസംസ്ഥാനം എന്നിവ ഇന്ത്യയിലെ ചേതസംസ്ഥാനങ്ങൾ (Deficit Provinces) ആണ്. അതിനാൽ കേന്ദ്രം സിന്ധിനും അതിർത്തി സംസ്ഥാനത്തിനും 105 ലക്ഷം വീതം രൂപയും ബലൂചിസ്ഥാനിനു ഭരണച്ചെലവാകമാനവും സഹായധനമായി നൽകി വരുന്നുണ്ട്. പാകിസ്ഥാൻ സ്ഥാപിതമായാൽ ഈ ധനസഹായം വിരമിക്കും. വിഭജനാനന്തരം പാകിസ്ഥാന്റെ നികുതി വരുമാനം പകുതിയായി കുറഞ്ഞു പോകുമെന്നു ഡോക്ടർ അംബേദ്ക്കർ കണക്കാക്കിയിരിക്കുന്നു (5). ധനം ഏതായാലും അത്യാവശ്യമാണെന്നിരിക്കെ, ബ്രിട്ടനല്ലാതെ ആരാണു പാകിസ്ഥാനെ സഹായിക്കുക? പക്ഷേ ആ ധനസഹായം പാകിസ്ഥാനെ, ഈജിപ്തിനെയെന്നപോലെ, നാമമാത്രമായ സ്വതന്ത്രദേശമാക്കാനാണിട. അതില്ലാതായി, അന്താരാഷ്ട്രീയവാണിജ്യത്തിൽ ഒരു പരരാഷ്ട്രമായ

(ശേഷം 20-ാംപേജിൽ)

(3) 'Muslim Problem in india, -Dr Lati.

(4) 'Survey of International Affairs' - Vol. I, P. 259.

(5) 'Thoughts on Pakistan' -P. 65.

# പ്രതികാരം

(11-ാംപേജിൽനിന്നു തുടർച്ച)

പ്പോൾ കൃഷ്ണൻ അവനോട് ഇംഗ്ലീഷിൽ ചില ചോദ്യങ്ങൾ ചോദിക്കാറുണ്ട്:—

“വാട്ടീസ് യുവർ നെയിം? ഹൗ ഓൾഡ് ആർ യൂ?,,

രാമു മിഴിച്ചുനിൽക്കുകയേ ഉള്ളു. കൃഷ്ണൻ അവനെ പരിഹസിച്ചു ചിരിക്കും.

ആ വീട്ടിൽ രാമുവിൻെറ ജീവിതം കൂടുതൽ കൂടുതൽ യാതനാമയമായി. രണ്ടുനേരത്തെ കഞ്ഞിവെള്ളത്തിനുവേണ്ടി അവൻ തൻെറ കഴിവിലും കൂടുതൽ ജോലി എടുക്കണം. രാവിലെ പായിൽനിന്നും എണീററാൽ രാത്രി വീണ്ടും പായിൽ ചെന്നുകിടക്കുന്നതുവരെ അവന് ഒരു നിമിഷത്തെ വിശ്രമം പോലും കിട്ടുകയില്ല.

രണ്ടുവർഷം മുമ്പ് മകനെ അവസാനമായി നോക്കി കണ്ണടച്ച അച്ഛൻ ഇന്ന് മകനെ കണ്ടാൽ തിരിച്ചറിയുമോ എന്നു സംശയമാണ്. രാമുവിൻെറ ശരീരം അത്രമാത്രം ശോഷിച്ചുപോയി. മുഖത്തെ പ്രസാദം എങ്ങോ ഓടിയൊളിച്ചു. ആ കണ്ണുകൾ നനയാത്ത നേരമില്ല.

കൃഷ്ണൻ ഓരോ ക്ളാസ്സിലും ജയിച്ചു ജയിച്ച് ഉയരുകയാണ്. പണക്കാരുടെ മക്കളും മററുമാണ് അവൻെറ ഇപ്പോഴത്തെ കൂട്ടുകാർ. ചില നാൾ വൈകിട്ട് അവൻ സ്ക്കൂളിൽനിന്നും വരുമ്പോൾ കൂട്ടുകാരും കൂടെയുണ്ടാവും. ഗോവിന്ദന് മകൻെറ കൂട്ടുകാരോട് വലിയ സ്നേഹമാണ്. അവരെല്ലാം പണക്കാരുടെ മക്കളാണ്. വീട്ടിൽ വരുമ്പോഴെല്ലാം ഗോവിന്ദൻ അവക്ക് കാപ്പിയും പലഹാരവും കൊടുക്കും. അവർ കാപ്പികുടിക്കുമ്പോൾ രാമുവിനെ അവിടെയെങ്ങും കാണരുതെന്നാണ് ഗോവിന്ദൻെറ ആജ്ഞ. അവന് മാന്യതയില്ല. അവരെല്ലാം കാപ്പി കുടിച്ചു പൊയ്ക്കഴിയുമ്പോൾ ഉച്ഛിഷ്ടം വല്ലതുമുണ്ടെങ്കിൽ ഒരു പങ്ക് അവനു കിട്ടും.

രാമുവിന് പതിനേഴു വയസ്സുപ്രായമായി. അവൻെറ ചിന്തകൾക്കും പ്രായത്തിനനുസരിച്ച വളർച്ചയുണ്ടായി. ആ വീട്ടിലെ പട്ടിക്കുംതന്നെക്കാൾ സ്ഥാനമുണ്ടെന്ന് അവനു മനസ്സിലായിത്തുടങ്ങി. ആ ചുററുപാടുകളിൽനിന്നും അകന്നു മാറുവാൻ അവൻ ആഗ്രഹിച്ചു.

ഒരു നാൾ വൈകുന്നേരം ചന്തയിൽനിന്നു മടങ്ങിവരുന്ന വഴിക്ക് റോഡരുകിൽനിന്നു രണ്ടുപേർ സംസാരിക്കുന്നതു രാമു കേട്ടു. അവർ അവനെപ്പററിയാണ് സംസാരിക്കുന്നത്.

ഒരാൾ പറയുകയാണ്:— “അതെല്ലാം രഹസ്യമായിട്ടാണു നടന്നത്. ഏതായാലും ആ രാമുവിനെ അയാൾ ദ്രോഹിച്ചു. അവനെ നോക്കണം. കീറിയ മുണ്ടുടുത്ത് ഒരു തെണ്ടിച്ചെറുക്കനെപ്പോലെയല്ലേ അവൻ പോകുന്നത്.,,

“കഷ്ടം! അവനെ അയാൾ ദ്രോഹിച്ചു കളഞ്ഞല്ലോ; വേലുവിൻെറ വസ്തുക്കൾ അത്ര കുറഞ്ഞ തുകയ്ക്കു ലേലത്തിൽപോയ കാലത്തുതന്നെ അതിലേതോ കള്ളത്തരമുണ്ടെന്നു ഞാൻ സംശയിച്ചതാണ്.,,

“ആ മനുഷ്യൻ ഭയങ്കരനാണ്. അയാൾ പറിച്ച പണിയെല്ലാം എനിക്കും ചുരുക്കം ചില ആളുകൾക്കും മാത്രമേ അറിയാവൂ. വേലുവിൻെറ വസ്തുക്കളുടെ ഇനത്തിൽ അയാൾക്കു പതിനയ്യായിരമാണു കിട്ടിയത്.,,

രാമുവിൻെറ ശിരസ്സിനുള്ളിൽ ഒരു പുതിയ വെളിച്ചം വീശി. അവൻ അവരുടെ അടുത്തു ചെന്നു. അവന് അതു മുഴുവനും കേൾക്കണം.

“നിങ്ങൾ രണ്ടുപേരും എന്നെപ്പററിയല്ലേ സംസാരിക്കുന്നത്?,,

രാമുവിൻെറ വിനയപൂർവ്വമായ ചോദ്യം അവരിൽ അനുകമ്പയുണ്ടാക്കി. ഒരാൾ പറഞ്ഞു:— “അതെ അനിയാ. സംസാരിച്ചത് മററൊന്നുമല്ല; ഗോവിന്ദൻ അനിയനെ ദ്രോഹിച്ചതിനെപ്പററിയാണ്.,,

ഇതരൻ അതിനെത്തുടർന്നു പറഞ്ഞു:— “അനിയൻെറ അച്ഛൻെറ വസ്തുക്കളിൽനിന്നു കിട്ടിയ ലാഭംകൊണ്ട് അയാൾ പണക്കാരനായി. അത്രേയുള്ളു.,,

രാമു നടന്നു. അതു പരമാർത്ഥമാണോ? അവൻ ചിന്തിക്കുകയാണ്. അവൻെറ സ്മരണകൾ പിറകിലേക്ക് ഓടി പാഞ്ഞു. അച്ഛൻ പലപ്പോഴും ഗോവിന്ദന് നാലും അഞ്ചും രൂപാ കടംകൊടുക്കുന്നത് അവൻ അനുകണ്ടിട്ടുണ്ട്. അച്ഛൻ ചിലപ്പോൾ അവനോടു പറയുമായിരുന്നു:— “മോനേ! അയാൾ പണമില്ലാത്ത ഒരു സാധുവാ. അയാളെ നമ്മൾ സഹായിക്കണം.,,

തൻെറ അച്ഛൻെറ മരണത്തിനുശേഷമാണ് അയാൾ പുര പണിയിച്ചതെന്നു രാമുവിന് അറിയാം. അക്കാലത്തു തന്നെയാണ് അയാൾ വീട്ടുകാർക്ക് ആഭരണങ്ങൾ പണിയിച്ചതും. അപ്പോൾ ആ പണമെല്ലാം? രാമുവിൻെറ ഹൃദയത്തിൽ ശോകം വ്യാപിച്ചു, അതെല്ലാം തൻെറ അച്ഛൻെറ പണമാണെന്ന് അവനു മനസ്സിലായി.

ഒരു നാൾ സന്ധ്യക്കു ഗോവിന്ദൻ വീട്ടിലെ തിണ്ണയിൽ ഇരിക്കുമ്പോൾ രാമു അടുത്തു ചെന്നു. കഴിഞ്ഞ കുറേ നാളുകളായി അവൻ ഒരു നിശ്ചയത്തിലെത്തിയിരിക്കുകയാണ്.

“എനിക്ക് ഒരുകാര്യം പറയാനൊണ്ട്,, രാമു പയ്യെപ്പറഞ്ഞു.

“ഉം?,, ഗോവിന്ദൻ ഗൗരവത്തിൽ മൂളിച്ചു.

“ഞാൻ ഇവിടെനിന്നും പോകുവാ.,,

ഗോവിന്ദൻ അവനെ തുറിച്ചുനോക്കി.

“എന്തിനാടാ, തെണ്ടാനോ?,,

“എനിക്ക് ഒരു തൊഴിലുനോക്കി ജീവിക്കണം.,,

ഗോവിന്ദൻ പരിഹാസത്തോടെ പൊട്ടിച്ചിരിച്ചു.

“എന്തു തൊഴിലാണെടാ? മോഷണമാണോ?,,

അതു ഗൌനിക്കാതെ രാമു പറഞ്ഞു:— “ഒരു കച്ചവടം. അന്ന് അച്ഛൻ തന്ന രൂപാ എനിക്കു കിട്ടണം.,,

ഗോവിന്ദൻെറ പരിഹാസഭാവം മാറി. അയാളുടെ കണ്ണുകളിൽക്കൂടി തീപ്പൊരികൾ പാറി.

“ഏ, നായേ! ഏതു രൂപയുടെ കാര്യമാണെടാ നീ പറയുന്നത്?,,

“എൻെറ അച്ഛൻ ഏല്പിച്ചത്. ഞാനാണ് അന്നു പെട്ടി എടുത്തു തന്നത്.,,

ഗോവിന്ദൻ ചാടി എണീററു. അയാൾ കോപംകൊണ്ടു വിറച്ചുതുടങ്ങി.

“ച്ഛീ, തെമ്മാടി! എൻെറ കഞ്ഞിയും കുടിച്ചു വളർന്ന നീ ഇത്രക്കും വളർന്നോടാ? ഇറങ്ങെടാ എൻെറ വീട്ടിൽനിന്നും—,,

രാമു ഇളകിയില്ല. അവൻെറ ഹൃദയത്തിലൂടെയും ചില വികാരങ്ങൾ തിളച്ചു പൊങ്ങുകയാണ്.

അവൻ പറഞ്ഞു:— “എൻെറ അച്ഛൻെറ വസ്തുക്കൾ വിററു ലാഭമുണ്ടാക്കിയതും പോരാഞ്ഞിട്ട് ഇനി അച്ഛൻ തന്ന രൂപയുംഅപഹരിക്കുവാനാണു ഭാവിക്കുന്നതെങ്കിൽ അത് എൻെറ വായിൽമണ്ണിടുന്നതിനു തുല്യമാണ്. ഈശ്വരനെയോർത്ത് ആ രൂപാ എനിക്കു തരണം. ഞാൻ ജീവിച്ചുകൊള്ളട്ടെ.,,

ഗോവിന്ദൻെറ കോപത്തിന് അതിരില്ലാതായി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് ആ വീട്ടിൽനിന്നും രാമുവിൻെറ നിലവിളി പൊങ്ങി.

* * *

രാമുവിൻെറ ഹൃദയത്തിലെ വ്രണം ഇന്നും ഉണങ്ങിയിട്ടില്ല. തൻെറ ജീവിതസുഖങ്ങൾ അപഹരിച്ച ആ കുടുംബത്തോട് - തൻെറ കയ്യും കാലും തല്ലിയൊടിച്ചു തന്നെ പെരുവഴിയിലേക്കു തള്ളിയ ആ കുടുംബത്തോടു പകരം ചോദിക്കുവാൻ ഈശ്വരനോടപേക്ഷിച്ച്, വേദന നിറഞ്ഞ ജീവിതവും പേറി, ആ വൃദ്ധൻ അങ്ങനെ കഴിയുകയാണ്.

ശ്രീധരി ആയുർവ്വേദ വൈദ്യശാല

H. O. കൂത്താട്ടുകുളം Br. പിറവം, കോട്ടയം.

പലവിധത്തിൽ ഉണ്ടാകുന്ന വയററുവേദനകൾക്കും, വീക്കം, ഗ്രന്മൻ, അടിവയർവീർപ്പ്, പ്ലീഹ, വീക്കം, വൃദ്ധി, വിദ്രധി, വിളർച്ച, കാമില എന്നിവക്കും സർവ്വവിധമായ കുക്ഷിരോഗങ്ങൾക്കും കൈകണ്ട സിദ്ധൗഷധം

# തിന്ത്രിണീകൽപം

ഫലം സുനിശ്ചിതം. വില റ. 1-ക്ക് 8. ക. മാത്രം.

N. B. ആയുർവേദവിധിപ്രകാരം പാകപ്പെടുത്തിയിട്ടുള്ള എല്ലാ ഔഷധങ്ങളും ഹെഡാഫീസിലും ബ്രാഞ്ചുകളിലും എപ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്.

വൈദ്യൻ - എൻ. ത്രിവിക്രമൻ നമ്പൂതിരി.

# യുനെസ്കോ
## ശാശ്വതസമാധാനത്തിന്

(കബീർ)

ഒക്ടോബർ 28-ാംനു- മുതൽ നവംബർ അവസാനംവരെയുള്ള കാലം ഐക്യരാഷ്ട്രങ്ങളിലെല്ലാം "Unesco Month" എന്ന പേരിൽ ആഘോഷിക്കപ്പെടുന്നു. അതിന്റെ ആഗമം, ഉദ്ദേശം, പരിധി മുതലായവ വിവരിക്കുന്നതാണ് ഈ ലേഖനം.

"യുദ്ധം ആരംഭിക്കുന്നതു മനുഷ്യരുടെ മനസ്സിലായതുകൊണ്ടു, സമാധാനത്തിന്റെ സംരക്ഷണക്കോട്ടകളും മനുഷ്യരുടെ മനസ്സിൽതന്നെ നിർമ്മിക്കേണ്ടിയിരിക്കുന്നു. ലോകത്തിലെ വിവിധജനതകൾ തമ്മിലുള്ള വിഭിന്നതകളാണു പലപ്പോഴും മഹായുദ്ധങ്ങളായി പൊട്ടിപ്പുറപ്പെട്ടിട്ടുള്ളത്. ജനങ്ങൾക്കു തമ്മിൽത്തമ്മിലുള്ള ആശങ്കകളുടേയും അവിശ്വാസങ്ങളുടേയും പൊതുവായ നിദാനം മററുള്ളവരുടെ ജീവിതചര്യകളേയും രീതികളേയുംപററിയുള്ള അജ്ഞതയാണെന്നു മനുഷ്യരാശിയുടെ ചരിത്രത്തിൽ എവിടെ നോക്കിയാലും കാണാം.

മനുഷ്യസമുദായത്തിന്റെ ഏററവും ഭയങ്കരമായ പാരമ്പര്യങ്ങളിൽ ഒന്നാണ് അത്. യുദ്ധത്തെപ്പററി പ്രസിദ്ധപ്പെട്ടിട്ടുള്ള പല മഹാഗ്രന്ഥങ്ങളുടേയും സാരാംശം മേലുദ്ധരിച്ച വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. യുനെസ്കോ (United Nations' Educational, Scientific and Cultural Organisation) യുടെ ഘടനയിലെ പീഠികയും അതാണ്. ഐക്യരാഷ്ട്രങ്ങളുടെ ഏററവും പുതിയ സൃഷ്ടിയാണ് യുനെസ്കോ. വളരെ വിപുലമാണ് അതിന്റെ പരിപാടി—യാതൊരഭിപ്രായ ഭിന്നതയുമില്ലാത്ത ഒരു പരിപാടിയാണത്. ഈ ആഴ്ച യുനെസ്കോയുടെ പൊതു സമ്മേളനം പാരീസിൽ കൂടുമ്പോൾ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവ സംബന്ധിച്ച് പല പ്രദർശനങ്ങളും വാദപ്രതിവാദങ്ങളും നടക്കുന്നതാണ്.

യുനെസ്കോയുടെ ഉപദേഷ്ടാക്കളിൽ ഇൻഡ്യാക്കാർക്കും അദ്വിതീയമായൊരു സ്ഥാനമുണ്ട്. സർ രാധാകൃഷ്ണൻ, രാജകുമാരി അമൃതകൌർ എന്നിവരും വേറെ മൂന്നുപേരും ഇൻഡ്യയുടെ പ്രാതിനിദ്ധ്യം വഹിക്കുന്നു. ആധുനികഭാരതത്തിലെ അമ്പതോളം എണ്ണച്ഛായച്ചിത്രങ്ങളും ഭാരതീയജീവിതത്തേയും സംസ്കാരത്തേയും ചിത്രീകരിക്കുന്ന ഇരുപതോളം സിനിമാപടങ്ങളും അവിടെ പ്രദർശിപ്പിക്കപ്പെടുന്നതായിരിക്കും.

യുനെസ്കോ ആവിർഭവിച്ചിട്ടു കേവലം 11 മാസമേ ആയുള്ളു. പരസ്പരധാരണയും സഹിഷ്ണുതയുംകൊണ്ടേ ലോകസമാധാനം സ്ഥാപിതമാകയുള്ളുവെന്നു മഹായുദ്ധം വെളിപ്പെടുത്തിയതിന്റെ ഫലമായി സാൻഫ്രാൻസിസ്കോയിൽ വച്ചു ബ്രിട്ടനും ഫ്രാൻസും കൂടിയാണ് ഈ ആശയം ഉന്നയിച്ചത്. അതനുസരിച്ചു 1945 നവംബർ 1-ാംനു- ആരംഭിക്കത്തക്കവണ്ണം യുനെസ്കോ സമ്മേളനം ലണ്ടനിൽ വിളിച്ചുകൂട്ടാൻ നിശ്ചയിച്ചു. ഇൻഡ്യ ഉൾപ്പെടെ 44 രാജ്യങ്ങളുടെ പ്രതിനിധികളും അന്തർ ദ്ദേശീയ സംഘടനകളുടെ 6 സന്ദർശകന്മാരും അതിൽ സംബന്ധിച്ചിരുന്നു. അന്നത്തെ സമ്മേളനം 16 ദിവസം നീണ്ടുനിന്നു. അന്നാണ് വാസ്തവത്തിൽ യുനെസ്കോ രൂപമെടുത്തത്.

കഴിഞ്ഞ ജൂൺ മാസത്തിൽ യു. എൻ. ഓ. ജനറൽ അസംബ്ലിയുടെ ഇക്കണോമിക്-സോഷ്യൽ കൌൺസിൽ പ്രസിഡന്റായ സർ എ. രാമസ്വാമി മുതലിയാരും യുനെസ്കോയുടെ നെഗോഷ്യേഷൻ ഡലിഗേഷൻ ചെയർമാൻ എം. രോഗറും സെഡോയും ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു യു. എൻ. ഓ. ജനറൽ അസംബ്ലിയുടെ അംഗീകരണം യുനെസ്കോയ്ക്കു നൽകിക്കൊണ്ടുള്ള ഒരു ഉടമ്പടിയായിരുന്നു അത്. അതിൽ യുനെസ്കോയുടെ രൂപവൽക്കരണത്തിനു നിദാനമായി പറയുന്ന സംഗതികൾ ഇവയാണ്:—

"മനുഷ്യരുടെ മാന്യത, സമത്വം, പരസ്പര ബഹുമാനം എന്നീ ജനാധിപത്യതത്വങ്ങൾ നിഷേധിക്കുകയും തൽസ്ഥാനത്ത് അസമത്വത്തിന്റെയും വർണ്ണവ്യത്യാസങ്ങളുടേയും തത്വങ്ങളെ അജ്ഞതയും മുൻവിധിയും വഴിയായി പ്രചരിപ്പിക്കുകയും ചെയ്തതുകൊണ്ടാണ് ഇപ്പോൾ അവസാനിച്ച ഈ മഹായുദ്ധമുണ്ടായതുതന്നെ. മനുഷ്യന്റെ മാന്യതയ്ക്കു സംസ്കാരത്തിന്റെ വിപുലമായ പ്രചരണവും നീതിക്കും, സ്വാതന്ത്ര്യത്തിനും, സമാധാനത്തിനുംവേണ്ടിയുള്ള വിദ്യാഭ്യാസവും അനിവാര്യങ്ങളാകുന്നു. പരസ്പരസഹായബുദ്ധിയോടുകൂടി ഏതൊരു രാഷ്ട്രവും നിർവ്വഹിക്കേണ്ട മഹത്തായ ഒരു കടമയാണത്.

"ഗവമ്മെന്റുകളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥകളെ മാത്രം അടിസ്ഥാനമാക്കിയുള്ള സമാധാനം



# മറവി

## വിദ്യാർത്ഥികളുടെ വൈരി

(എൻ. ശങ്കരൻനായർ ബി. ഏ.)

മറവിയാണു വിദ്യാർത്ഥിയുടെ പ്രധാന ശത്രു. മറവി എന്നാൽ എന്താണ്? നാം ഏതെങ്കിലും ഒരു സംഗതി പഠിക്കുമ്പോൾ നമ്മുടെ തലച്ചോറിന്റെ ഘടനയിൽ ചില വ്യതിചലനങ്ങൾ ഉണ്ടാകയും ഒരു രേഖ പതിയുകയും ചെയ്യുന്നു. ഇതിനെ "ഓർമ്മരേഖാ' എന്നു വിളിക്കാം. കാലപ്പഴക്കത്താൽ ഈ ഓർമ്മരേഖ മാഞ്ഞുപോകുന്നു എന്നും, അതുകൊണ്ടാണു മറവിയുണ്ടാകുന്നത് എന്നും വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ, ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്, പുതിയ ഓർമ്മരേഖകൾ പഴയ രേഖകളെ പിന്നിൽത്തള്ളി പ്രഥമസ്ഥാനം കൈക്കലാക്കുന്നതിനാലാണ് പണ്ടു പഠിച്ചിട്ടുള്ള കാര്യങ്ങൾ നമ്മുടെ തലച്ചോറിൽ ഇരിക്കാത്തതും അവയെ നാം മറന്നുപോകുന്നതും എന്നാണ്. അങ്ങിനെ പുതിയ പുതിയ രേഖകൾ ഉണ്ടാകുംതോറും പഴയവയുടെ ശക്തിയും പ്രാമാണ്യവും ക്ഷയിച്ചു ക്ഷയിച്ചു വരുന്നു.

ഒരാഴ്ചയ്ക്കു മുമ്പു നാം പഠിച്ച ഒരു കാര്യം നാം മറന്നുപോയി എങ്കിൽ അതിന്റെ കാരണം, അതു പഠിച്ചതിനുശേഷം ഒരാഴ്ച കഴിഞ്ഞുപോയി എന്നല്ലാ. ആ ഒരാഴ്ചയ്ക്കുള്ളിൽ നാം പഠിച്ചതായ പുതിയ കാര്യങ്ങൾ അതിനെ പിന്നിലാക്കി അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു എന്നതാണ്.

പഴയ രേഖയെ പുതിയതു മറച്ചു കളയുന്നു എന്നുതന്നെയല്ലാ, പുതിയതിനെ ചിലപ്പോൾ പഴയതും മറയ്ക്കാറുണ്ട്. അതിനാൽ, തലച്ചോറിൽ ഓർമ്മരേഖകൾ തമ്മിലുണ്ടാകുന്ന സമ്മേളനവും സംഘട്ടനവും മത്സരവും കൊണ്ടാണ് മറവി ഉണ്ടാകുന്നത്.

പാഠ്യവിഷയത്തിൽ താല്പര്യക്കുറവ്, വിവിധപാഠ്യവിഷയങ്ങൾ തമ്മിലുള്ള മത്സരം എന്നിവയും മറവിക്കു കാരണഭൂതങ്ങളാണ്. ചിലപ്പോൾ, നാം ഏതെങ്കിലും ഒരു വിഷയം പഠിക്കുമ്പോൾ, മറ്റു കൂടുതൽ ഹിതകരങ്ങളായ വിഷയങ്ങളിലുള്ള താല്പര്യം അതുമായി ഇടപെടുകയും അതിനു ബാധകമായിത്തീരുകയും ചെയ്യുന്നു.

പരീക്ഷയ്ക്കു പഠിക്കുന്നതായ ഒരു കുട്ടിക്ക്, അവൻ പഠിക്കുന്ന കാര്യങ്ങൾ മറന്നുപോകാതെ ഓർത്തുകൊണ്ടിരിക്കുവാനുള്ള മാർഗ്ഗം എന്താണ്? മറവി (മറക്കൽ)യുടെ പ്രവർത്തനം പഠിച്ചുകഴിഞ്ഞാലുടനേതന്നെയാണു കൂടുതൽ ശക്തിയായിക്കാണുന്നത്. കാലാന്തരത്തിൽ മറവിയുടെ ശീഘ്രഗതി മന്ദീഭവിച്ചു കാണുന്നു. അതിനാൽ ഏതെങ്കിലും ഒന്നു പഠിച്ചുകഴിഞ്ഞാലുടൻ തന്നെ അത് ആവർത്തിച്ചു പഠിക്കണം. ഈ പ്രകാരമുള്ള ആവർത്തനം പെട്ടെന്നു മറന്നുപോകുന്നതിനെ തടയുന്നു. ആകയാൽ പകൽ പഠിക്കുന്നതു രാത്രിയിലും, രാത്രിയിൽ പഠിക്കുന്നതു രാവിലെയും ആവർത്തിച്ചു പഠിക്കുന്നതു പ്രയോജനകരമാണ്.

ഉച്ചരിക്കപ്പെടുന്നതോ എഴുതപ്പെടുന്നതോ ആയ പദങ്ങൾ മനസ്സിൽ പതിയുമ്പോൾ തലച്ചോറിൽ ചില രേഖകൾ ഉണ്ടാകുന്നു എന്നു പറഞ്ഞല്ലോ. ചില രേഖകൾ വളരെ അസ്പഷ്ടമായേ പതിയുന്നുള്ളു, എന്നാൽ ചിലതു വളരെ സ്പഷ്ടവും ശുദ്ധവുമായി പതിയുന്നതിനാൽ അവ ഒരിക്കലും മാഞ്ഞുപോകാതെ എപ്പോഴും ഓർമ്മയിൽ ഇരിക്കുന്നു. അതിനാൽ എന്തെങ്കിലും ഒന്നു പഠിക്കുമ്പോൾ വളരെ ശ്രദ്ധപതിപ്പിച്ച് അതു മനസ്സിലാക്കാൻ ശ്രമിക്കുന്നതു നല്ലതാണ്. ഓർമ്മരേഖയുടെ ശക്തി ആവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ പഠിത്തം അധികമായിപ്പോകുന്നതാണ് കുറഞ്ഞുപോകുന്നതിനേക്കാൾ നല്ലത്. "പേരിനു,, പഠിച്ചതുകൊണ്ടായില്ലാ, ഒരു തെറ്റും കൂടാതെ "കാണാപ്പാഠം" പറയത്തക്കവണ്ണം പഠിക്കണം. സാമാന്യമായി പഠിക്കുന്നവൻ ജയിക്കുമായിരിക്കാം; എന്നാൽ അധികം പഠിക്കുന്നവന് ഒരിക്കലും തോൽവി ഉണ്ടാകയില്ല.

ഏതെങ്കിലും ഒരു ആശയം ഹൃദയത്തിൽ പതിയുന്നത് അതിലുണ്ടാകുന്ന താല്പര്യവും അതിനെപ്പററിയുണ്ടാകുന്ന ബോധവും അനുസരിച്ചിരിക്കും. അതിനാൽ അതിലുള്ള താൽപ്പര്യം വർദ്ധിപ്പിച്ചാൽ അതു കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാവുന്നതും ഓർമ്മിച്ചിരിക്കാവുന്നതുമാണ്. ഇതിനുള്ള ഒരു മാർഗ്ഗം പഠനവിഷയത്തെ ഏതെങ്കിലും ഒരു ലക്ഷ്യത്തോടോ ആദർശത്തോടോ ബന്ധിപ്പിക്കയെന്നതാണ്. ചിലർ പരീക്ഷയേതന്നെ അന്ത്യലക്ഷ്യമായി ഗണിക്കുന്നു. മററു ചിലർ അതിനെ അവരുടെ ആത്മാഭിമാന വർദ്ധനവിനോ ആദായവർദ്ധനവിനോ ഉള്ള ഒരു പടിയായി കരുതുന്നു. സുസംഘടിതമായ രീതിയിൽ ഏതു വിഷയവും പഠിക്കയും ഓരോ വിഷയത്തെപ്പററിയുമുള്ള ആശയങ്ങൾ അന്യോന്യബന്ധമുള്ള രീതിയിൽ ഘടിപ്പിച്ചു പഠിക്കയും ചെയ്താൽ അതു ഹൃദിസ്ഥമാക്കുന്നതിനു വിഷമമില്ല.

ഒരു പേജു നോട്ടു പഠിക്കാനുണ്ടെന്നു വിചാരിക്കുക. അതിനു രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്ന്, മുഴുവനും ആദ്യന്തം അനേകം പ്രാവശ്യം വായിക്കുക, മുഴുവൻ ഹൃദിസ്ഥമാകുന്നതുവരെ ആവർത്തിച്ചു വായിക്കുക. മറെറാരു മാർഗ്ഗം, അതിനെ പല ഭാഗങ്ങളായി ഭാഗിച്ച് ഓരോ ഭാഗവും പ്രത്യേകമായി പഠിക്കുക. ഇതിൽ ഏതാണു നല്ലത്? ദൃഷ്ടിനോട്ടത്തിൽ രണ്ടാമത്തേതാണു കൂടുതൽ നല്ലതെന്നു തോന്നാം. എന്നാൽ വിദഗ്ദ്ധാഭിപ്രായം, മുഴുവനും കൂടി ഒന്നായി പഠിക്കുന്നതിനെ അനുകൂലിക്കുന്നു.

പദ്യങ്ങൾ ഹൃദിസ്ഥമാക്കുന്ന കാര്യത്തിലും ഈ തത്വം പ്രായോഗികമാണ്. ഒരു പരീക്ഷകൻ ഒരേ പദ്യത്തിൽനിന്ന് 240 വരികൾ വീതമുള്ള രണ്ടു ഭാഗങ്ങൾ എടുത്ത്, ഒന്നു മുഴുവനായും, മറേറതു ചെറുഭാഗങ്ങളായും "കാണാതെ പഠിക്കുന്നതിനു,, ശ്രമിച്ചു. ആദ്യത്തേത്, മുഴുവനും പ്രതിദിനം മൂന്നു പ്രാവശ്യംവീതം വായിച്ചു പഠിക്കുന്നതിനു 348 മിനിററു വേണ്ടിവന്നു, രണ്ടാമത്തേത്, ദിനം പ്രതി 30 വരിവീതം പഠിക്കുന്നതിന് 431 മിനിററ് എടുത്തു. അങ്ങിനെ, രണ്ടാമത്തെ രീതിക്ക് 83 മിനിററ്, അതായത് 20 ശതമാനം കൂടുതൽ സമയം വേണ്ടിവന്നു.

എന്നാൽ ഇത് എപ്പോഴും പ്രായോഗികമല്ല. പഠനവിഷയത്തിന് ഐക്യവും ഐകരൂപ്യവും ഉണ്ടെങ്കിലേ ഈ മാർഗ്ഗം സഫലമാകയുള്ളു. വിവിധരീതിയിലുള്ള രണ്ട് അദ്ധ്യായങ്ങൾ ഒന്നിച്ചു പഠിക്കുവാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല. അങ്ങിനെയുള്ളപ്പോൾ ഓരോ അദ്ധ്യായവും പ്രത്യേകം പഠിക്കയാണു വേണ്ടത്. അതുപോലെ, പഠിക്കാനുള്ള ഭാഗത്തിന്റെ ദൈർഘ്യവും ഇതിനു ബാധകമായിത്തീർന്നേക്കാം. അപ്പോൾ അതിനെ സ്വയം പരിപൂർണ്ണങ്ങളായ ഭാഗങ്ങളായി വേർതിരിച്ചു പഠിക്കയാണു നല്ലത്.

ഒരു നിശ്ചിതഭാഗം ഒരു നിശ്ചിതസമയത്തിനുള്ളിൽ പഠിച്ചുതീർക്കേണ്ടതായുണ്ടെന്നു വിചാരിക്കുക. ദിവസേന അരമണിക്കൂർവീതം എട്ടുദിവസംകൊണ്ടു പഠിക്കയോ അല്ലെങ്കിൽ ഒരേ ദിവസം തന്നെ തുടരെ നാലുമണിക്കൂർ കൊണ്ടു പഠിക്കയോ ചെയ്യാം എന്നുവയ്ക്കുക. ഇതിൽ ഏതാണു കൂടുതൽ നല്ലത്. ആദ്യത്തേതാണെന്നുള്ളതിൽ സംശയമില്ല.

ഭാവനാരീതിയനുസരിച്ച് പഠനരീതി വിവിധ വ്യക്തികളിൽ വിഭിന്നമായിരിക്കുന്നു. ചിലർ, പഠിക്കാനുള്ളതിനെ മനസ്സിൽ സങ്കല്പിച്ചു പഠിക്കുന്നു. മററു ചിലർക്ക് എഴുതിയിരിക്കുന്ന അക്ഷരങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനേക്കാൾ ഇഷ്ടം അവ വായിച്ചുകേൾക്കുന്നതാണ്. ഈ വ്യത്യാസമനുസരിച്ച്, നോക്കി മനസ്സിൽ സങ്കല്പിക്കയോ, കേട്ടു മനസ്സിലാക്കുന്നതിനായി അനേകപ്രാവശ്യം ഉറച്ചു വായിക്കയോ, അവരവരുടെ വാസനപോലെ ചെയ്തുകൊള്ളണം. ചില കുട്ടികൾ നോക്കി മനസ്സിലാക്കയേയുള്ളു. എന്നാൽ ചിലർ മററുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കത്തക്കരീതിയിൽ "വെടി പൊട്ടിച്ചു,, വായിക്കുന്നു. ഇതിനെ തടയുന്നതു തെററാണ്. ഉറച്ചുവായിച്ചു പഠിക്കുന്നതിൽ പല ഗുണങ്ങളുണ്ട്. നോക്കി മനസ്സിലാക്കുന്നതിനേക്കാൾ അതുകൂടുതൽ ഉന്മേഷദായകവും പ്രോത്സാഹനകരവുമാണ്. കണ്ണും കാതും ഒരുപോലെ ... പ്രവൃത്തോന്മുഖമാകുന്നു. എത്രമാത്രം പഠിച്ചുകഴിഞ്ഞു എന്നും ഇനി

---

ലോകത്തിലെ ജനതയുടെ മുഴുവൻ ഏകകണ്ഠവും ആത്മാർത്ഥവും ശാശ്വതവുമായ പിൻതുണ നേടാൻ കഴിവുള്ള സമാധാനമായിരിക്കുകയില്ല. അതുകൊണ്ട് ഒരിക്കലും പരാജയപ്പെടാത്ത സമാധാനം ആയിരിക്കണമെങ്കിൽ അതു മനുഷ്യരാശിയുടെ ബുദ്ധിപരവും ധാർമ്മികവുമായ സൗഹൃദതയിൽ അധിഷ്ഠിതമായിരിക്കണം.''

ഈ ഉദ്ദേശത്തോടുകൂടി സ്ഥാപിതമായ യുനെസ്കോ ഇപ്പോൾ പാരീസിൽ സമ്മേളിച്ചുകൊണ്ടിരിക്കുകയാണ്; ആണ്ടുതോറും ഓരോ രാഷ്ട്ര തലസ്ഥാനങ്ങളിൽ അതു സമ്മേളിക്കുകയും ചെയ്യും.

★

# കേരള ബാലമണ്ഡലം

പ്രിയ ബാലസുഹൃത്തുക്കളെ,

ബാലമണ്ഡലത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചുകാണുന്നതിൽ വ്യാകുലം പ്രദർശിപ്പിച്ചുകൊണ്ടു പല മണ്ഡലാംഗങ്ങളും എനിക്കെഴുതീട്ടുണ്ട്; ഞാനതിൽ സന്തോഷിക്കുന്നു. മണ്ഡലപ്രവർത്തനം മന്ദീഭവിച്ചതിലല്ല, ബാലസുഹൃത്തുക്കൾക്ക് ഈ പ്രവർത്തനത്തിൽ ഇത്രയേറെ ഔത്സുക്യമുണ്ടല്ലോ എന്നോർത്ത്. എന്തായാലും ബാലമണ്ഡലത്തിന്റെ പ്രവർത്തനം കുറെക്കൂടി ഊർജ്ജിതപ്പെടുത്തുന്നതിന് ഉദ്യമിക്കാൻ ഞാൻ ഇപ്പോൾ സന്നദ്ധനാണെന്നു നിങ്ങളോട് ഉറപ്പു പറഞ്ഞുകൊള്ളുന്നു.

അതിന് ആദ്യമായി മണ്ഡലസുഹൃത്തുക്കൾ താഴെ പറയുന്ന കാര്യങ്ങൾ നിവ്വഹിക്കേണ്ടിയിരിക്കുന്നു.

1 രജിസ്റ്റർചെയ്ത മണ്ഡലങ്ങൾ കഴിയുംവേഗം പൊതുയോഗംകൂടി, ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരമടങ്ങിയ റിപ്പോർട്ട്, പ്രസിദ്ധീകരണത്തിനായി എനിക്കയച്ചുതരിക.

2. ബാലമണ്ഡലം രൂപവൽക്കരിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്റർചെയ്തു കഴിഞ്ഞിട്ടില്ലാത്തവ, രജിസ്ട്രേഷന് അപേക്ഷിക്കുക.

3. ബാലമണ്ഡലം രൂപവൽക്കരിച്ചിട്ടുപോലുമില്ലാത്ത സ്ഥലങ്ങളിൽ മണ്ഡലം രൂപവൽക്കരിക്കുക.

4. ബാലമണ്ഡലത്തിന്റെ പ്രവർത്തനങ്ങളിൽ അപ്പഴപ്പോൾ നേരിടുന്ന പ്രതിബന്ധങ്ങളും പ്രയാസങ്ങളും എന്നെ അറിയിക്കുക; അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ആവുംവിധം ഞാൻ ഈ പംക്തികളിൽ നിർദ്ദേശിച്ചുകൊള്ളാം.

5. ബാലമണ്ഡലത്തിന്റെ ഉൽക്കർഷത്തിന് ഉപയുക്തമെന്നു നിങ്ങൾക്കു തോന്നുന്ന നിർദ്ദേശങ്ങൾ എഴുതി അറിയിക്കുക.

നിയമാവലി

കേരള ബാലമണ്ഡലത്തിന്റെ നിയമാവലി അച്ചടിച്ചു തയ്യാറായിട്ടുണ്ട്. ഓരോ അംഗവും അതു വായിച്ചു നോക്കി വല്ല ഭേദഗതിയും അതിൽ വരുത്തണമെന്നു തോന്നുന്നുണ്ടെങ്കിൽ ആ വിവരം അറിയിക്കുക. നാലുചക്രത്തിന്റെ അഞ്ചൽ സ്റ്റാമ്പോ മൂന്നണയുടെ പോസ്റ്റൽ സ്റ്റാമ്പോ അയച്ച് ആവശ്യപ്പെട്ടാൽ നിയമാവലി നിങ്ങൾ ഓരോരുത്തർക്കും ഞാൻ അയച്ചുകൊള്ളാം.

രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്

കമനീയമായി അച്ചടിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ബാലമണ്ഡലങ്ങൾക്കും ഒരുരൂപാ ഫീസടച്ചാൽ ഇവിടെനിന്നയച്ചുകൊടുക്കുന്നതാണ്.

ബാലമണ്ഡലത്തിൽ ഇതുവരെ അംഗങ്ങളായി ചേർന്നുകഴിഞ്ഞിട്ടുള്ളവർ താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ എന്നെ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു.

1. മുഴുവൻ പേരു.
2. വയസ്സ്.
3. ഏതു വിദ്യാലയത്തിൽ, എത്രാംക്ലാസ്സിൽ പഠിക്കുന്നുവെന്ന്.
4. ഏതു ബാലമണ്ഡലത്തിലെ അംഗമാണെന്ന്.
5. സാഹിത്യസംബന്ധമായി എന്തെങ്കിലും പരിശ്രമം നടത്തുന്നുണ്ടോ, എന്നും ഏതു സുകുമാരകലയിലാണ് അഭിരുചി എന്നും.

ബാലമണ്ഡലത്തിൽ അംഗങ്ങളായ ചേർന്നിട്ടുള്ളവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

മത്സരപ്പരീക്ഷ

മണ്ഡലാംഗങ്ങളുടെ വിജ്ഞാനത്തിനും വിനോദത്തിനുമായി ആഴ്ചതോറും ഓരോ പ്രശ്നം പ്രസിദ്ധപ്പെടുത്തുന്നതും അതിനു കിട്ടുന്ന ആദ്യത്തെ അഞ്ചു ശരിയായ ഉത്തരത്തിനു സമ്മാനമായി ഓരോ ഫോട്ടോ അയച്ചുകൊടുക്കുന്നതുമാണ്.

ബാലമണ്ഡലാംഗങ്ങളുടെ ബ്ലോക്കയച്ചുതന്നാൽ സൌജന്യമായി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. ഫോട്ടോയും ബ്ലോക്കുണ്ടാക്കുന്നതിനുള്ള ചാർജ്ജും അയച്ചുതന്നാൽ ബ്ലോക്കുണ്ടാക്കുന്നതിനും ഏർപ്പാടുചെയ്തുകൊള്ളാം.

ബാലമണ്ഡലത്തിൽ പൂർവ്വാധികം ഔത്സുക്യം പ്രദർശിപ്പിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടു,

നിങ്ങളുടെ സ്വന്തം

കാര്യദർശി

---

യും എത്രമാത്രം പഠിക്കാനുണ്ടെന്നും വിദ്യാർത്ഥികൾ മനസ്സിലാക്കാൻ സാധിക്കുന്നു.

പൊതുവേ, പരീക്ഷയ്ക്കു ജയിക്കുവാൻ പഠിക്കുന്ന വിദ്യാർത്ഥികൾക്കു നൽകുവാനുള്ള ഉപദേശം ഇതാണ്: പഠിക്കുവാനുള്ളത് ഒരേദിവസംതന്നെ ഉടനെ അനേകം പ്രാവശ്യം വായിക്കുന്നതിനു പകരം, അനേകദിവസം ഒന്നോ രണ്ടോ പ്രാവശ്യംവീതം വായിക്കുക, പരിപൂർണ്ണങ്ങളല്ലാത്ത ചെറുഭാഗങ്ങളായി പഠിക്കുന്നതിനു പകരം സമ്പൂർണ്ണങ്ങളായ മുഴുഭാഗങ്ങളായി പഠിക്കുക, ഉറച്ചുവായിക്കുക, ക്ഷീണിച്ചിരിക്കുന്ന സായാഹ്നങ്ങളിൽ പഠിക്കുന്നതിനുപകരം ഉന്മേഷത്തോടുകൂടിയിരിക്കുന്ന പ്രഭാതവേളയിൽ പഠിക്കുക, സായാഹ്നത്തിലോ രാത്രിയിലോ പഠിച്ചു തീരുമെങ്കിൽ അടുത്ത രാവിലെ ആവർത്തിച്ചു പഠിച്ച് അതിനെ മനസ്സിൽ ഉറപ്പുവരുത്തുകയും ചെയ്യുക. ഈ പ്രകാരം ചെയ്താൽ മറവി എന്ന വിദ്യാർത്ഥിവൈരിയെ അകററിനിർത്താൻ സാധിക്കുന്നതാണ്.

★

---

# ശോകഗാനം

(ജോർജ്ജ് പി. കണ്ണോത്ത, VI ഫാറം വിദ്യാർത്ഥി)

["Mary Jone's Bron on 1919 April 24 Died on 1944 May 23rd"]

സിംഗപ്പൂരിൽ കടൽത്തീരത്തിനടുത്തു സ്ഥിതിചെയ്തിരുന്ന ഒരു ശവക്കോട്ടയിൽ, അനേകശതം ശവകുടീരങ്ങളുടെ മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു കുടീരത്തിലെ ലിഖിതങ്ങളായിരുന്നു അതു്. ആ വിജനപ്രദേശത്തിന്റെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു കടൽ അലറുന്നു. ദിനകരഭഗവാൻ അങ്കാരശ്മികൾ ചത്തിക്കൊണ്ടു പടിഞ്ഞാറേക്കടലിൽ പതിതസ്നാനം കഴിഞ്ഞു. കടൽക്കാക്കകൾ കൂട്ടം കൂടി ആ ശവക്കോട്ടയുടെ മദ്ധ്യത്തിൽക്കൂടി പറന്നു. ഉഗ്രതരമായ പടിഞ്ഞാറൻകാററ് പല്ലാകുഴലൂതി. പ്രപഞ്ചത്തിരയുടെ യവനികക്കുള്ളിൽ മറഞ്ഞ അനേകായിരങ്ങളുടെ ആത്മാവിനെ തണുപ്പിക്കുവാൻ എന്നപോലെ മന്ദമാരുതൻ ശവക്കോട്ടയിൽക്കൂടി ചുററിത്തിരിഞ്ഞു. കോടീശ്വരൻ മുതൽ പട്ടിണിപ്പാവംവരെ ഈ മായാപ്രപഞ്ചത്തിൽ ജീവിച്ചിരുന്ന സഹോദരീസഹോ

(ശേഷം കവർ 3-ാംപേജിൽ)

---

# പൊൻപുലരി

(മംഗലത്തു രാമചന്ദ്രൻനായർ, കോട്ടയം.)

പൌരസ്ത്യദിങ്മുഖം വീണ്ടും പ്രസന്നമായ്
പൌരസ്വാതന്ത്ര്യപ്പുലർവേള പുൽകയാൽ
ഭാരതമേദിനി തിൻ പാരതന്ത്ര്യമാം
ഘോരാന്ധകാരമകററുവാനിന്നിതാ
ഇപ്പുലർവേളയിൽ പൊൻകതിർ വർഷിച്ചു.
നിൽപൂ ഹാ മന്ത്രിസഭാഹപയഭാസ്വാൻ
അന്തരീക്ഷത്തിങ്കലെല്ലായിടത്തുമൊ-
രന്തരാനന്ദം തുളുമ്പുന്നു ഇന്ദിലം
അന്തരംഗത്തിലുദിച്ചുയർന്നീടിന-
ചിന്തകളൊക്കെ ച്ചിറകു വിരിക്കയായ്
പാരവശ്യത്തിൻ പരിക്ഷീണമാം മുഖം
പാരം വിളർത്തു പടിഞ്ഞാറു കണ്ടിടാം
ഭാരതം—പാരിനെയക്രമരാഹിത്യ—
ഭാരതം കേൾപ്പിച്ച വിശ്വവിദ്യാലയം
ആരെയും കോൾമയിർകൊള്ളിക്കുമാദർശ—
മാരെയും 'ബുദ്ധ'നാക്കിടും പ്രബോധനം
എന്നിവ ലോകത്തിനേകുവാൻ പ്രാപ്തയാം—
ണിന്നിവാം വീണ്ടു ഭാരതധാത്രിയാം
അന്നത്തെയാർഷഭൂവിനു സംഘർഷയാ-
യുന്നതാദർശമുയർത്തിപ്പിടിക്കയായ്
നീങ്ങുന്നിന്നീടുന്ന സൌവർണ്ണകാന്തിയും—
ള്ളാണുകൊണ്ടാടപ്പെട്ടിടട്ടെയീബ്ഭാരതം.

★

കൃഷിവിഷയങ്ങൾ

# നെല്ലും അരിയും

## (വി. ററി.)

ഗോതമ്പും മെയിസും കഴിഞ്ഞാൽ ലോകത്തിലെ ഭക്ഷണസാധനത്തിൽ മൂന്നാമത്തെ നില നെല്ലരിക്കാണുള്ളതു്. ഏഷ്യായിലാണ് ലോകത്തിൽ മറെറവിടെയുമുള്ളതിലും കൂടുതൽ നെൽക്കൃഷിയുള്ളതെങ്കിലും, അതതു സ്ഥലത്തുള്ളവരുടെ ഭക്ഷണത്തിനാവശ്യമുള്ളതിൽ കൂടുതൽ ഉൽപ്പാദിക്കുവാൻ മിക്ക രാജ്യങ്ങൾക്കും കഴിവില്ലാതാണിരിക്കുന്നതു്.

ലോകത്തിലാകെ ഉണ്ടാകുന്ന നെല്ലിൽ മൂന്നിൽ രണ്ടുഭാഗവും ഇൻഡ്യയിലും ചൈനയിലുമാണ് ഉണ്ടാകുന്നതെങ്കിലും അതതു സ്ഥലത്തെ ആവശ്യത്തിനു തികയാതെ കഴിഞ്ഞ പത്തു വർഷങ്ങളിലായി, പ്രതിവർഷം 2500,000 ടൺ നെല്ലു് ഇറക്കുമതി ചെയ്തുകൊണ്ടാണിരുന്നിട്ടുള്ളതു്.

നമ്മൾക്കു നെല്ലു നൾകിക്കൊണ്ടിരിക്കുന്ന രാജ്യങ്ങൾ പ്രധാനമായി ബർമ്മായും, പിന്നീടു സയാമും ഇപ്പോൾ ചൈനയുമാണ്. ബർമ്മായിൽ ഉണ്ടായിക്കൊണ്ടിരുന്ന നെല്ലിൽ പകുതിയിലധികവും ഇൻഡ്യയിലേക്കു കയററി അയച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്.

ബർമ്മായിലെ ജനസംഖ്യയിൽ ഭൂരിഭാഗത്തിൻെറയും തൊഴിലും, ആദായമാർഗ്ഗവും, നെൽക്കൃഷിയും അതു കയററി അയയ്ക്കലും, അരിയാക്കുന്ന വ്യവസായവും, തന്നെയാണെന്നു പറയാം.

ഇൻഡ്യയിലെ മൊത്തം ഭൂമിയിൽ 36 ശതമാനവും, കാർഷികഭൂമിയിൽ ശരാശരി 18 ശതമാനവും ഭക്ഷണസാധനങ്ങൾ കൃഷിചെയ്തുവരുന്നു.

ബംഗാൾ, മദ്രാസ്, ബീഹാർ എന്നീ പ്രോവിൻസുകളിലാണു നെൽക്കൃഷി അധികമായി ചെയ്തുവരുന്നതു്. ബംഗാളിൽ 21000,000 ഏക്കർ സ്ഥലത്തോളം നെൽക്കൃഷി ചെയ്യുന്നുണ്ടു്.

ഇപ്പോൾ കിട്ടിയിരിക്കുന്ന സ്ഥിതിവിവരക്കണക്കുവച്ചു നോക്കിയാൽ 29000,000 ടൺ നെല്ലു് ഇൻഡ്യയിലുണ്ടാകുന്നുണ്ടു്. ഇതിൽ 88 ശതമാനം ബ്രി. ഇൻഡ്യയിലും 12 ശതമാനം നാട്ടുരാജ്യങ്ങളിലുമാണ്. ലോകത്തിൽ ആകെക്കൂടെ നോക്കിയാൽ, നെല്ലു് വിളയുന്നതിൽ രണ്ടാമത്തെ സ്ഥാനമാണ് ഇൻഡ്യയ്ക്കുള്ളതെങ്കിലും പ്രതിവർഷം അനേകകോടി രൂപായ്ക്കുള്ള നെല്ലു് നമ്മൾ വാങ്ങിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഏകദേശമായ കണക്കിൻപ്രകാരം 1325,00000 രൂപായ്ക്കുള്ള നെല്ലു് നാം വിലയ്ക്കുവാങ്ങിക്കൊണ്ടാണിരിക്കുന്നതു് ബർമ്മായിലെ കൃഷി 1940 വരെയുള്ള 10 വത്സരത്തിനിടയ്ക്കു 4,850,000 ടൺ നെല്ലു പ്രതിവർഷം ബർമ്മായിൽ കൃഷിചെയ്തുണ്ടാക്കിക്കൊണ്ടിരുന്നു. അതിൽ 17 ശതമാനം അവരുടെ ഭക്ഷണത്തിനും വിത്തിനുമായി ഉപയോഗപ്പെടുത്തി, ബാക്കി കയററി അയച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ഈ നിലയ്ക്കു തകരാറുണ്ടാകുമ്പോൾ നാം പട്ടിണി കിടക്കേണ്ടതായി വരുന്നു. ഇൻഡ്യയിൽ അധികം നെല്ലുണ്ടാകുന്ന ബംഗാളും ഈ ക്ഷാമബാധയിൽനിന്നും വിനിർമ്മുക്തമാകുന്നില്ല. ബ്രിട്ടീഷിൻഡ്യയെ അപേക്ഷിച്ചു നാട്ടുരാജ്യങ്ങളുടെ സ്ഥിതി ഭക്ഷണസാധനങ്ങളുടെ ഉല്പാദനവിഷയത്തിൽ കേവലം പരിതാപകരമാണ്. നാട്ടുരാജ്യഭരണാധികാരികൾ, അവിടത്തെ പ്രജകളുടെ പ്രാഥമിക ആവശ്യങ്ങളേയും, അവകാശങ്ങളേയും, പരിരക്ഷിക്കുന്നതിന് ഏകോപിച്ചു്, ഇനിയും പുതിയ പദ്ധതി രൂപവൽക്കരിച്ചു പ്രവർത്തിക്കാതെ, ഏതു തരത്തിൽ ഇൻഡ്യാഭരണസംബന്ധമായി, ബന്ധിപ്പാലും, അതുറപ്പായി തീരുകയില്ല. തെക്കേ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിലെ പ്രധാനഭക്ഷണസാധനം നെല്ലരിതന്നെയാണല്ലോ. ഈ നാട്ടുരാജ്യങ്ങൾ ഏകോപിച്ചു്, ഒരു പദ്ധതി ഉണ്ടാക്കാൻ ഇതുവരെ മുതിർന്നു കാണുന്നില്ല ഐക്യകേരളത്തെ സ്വപ്നം കാണുന്നവരും ഐക്യകേരളത്തിനുവേണ്ടി പ്രക്ഷോഭണം മുഴക്കുന്നവരും കേരളീയരുടെ ഭക്ഷണദാരിദ്ര്യത്തെ നീക്കംപോക്കുണ്ടാക്കാൻ ഐക്യപ്പെട്ട ഒരു പദ്ധതി ഉണ്ടാക്കണമെന്നുള്ള നിർദ്ദേശം ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവിതാംകൂറിലെ കന്നുകാലികൾ


"ആകൃതിവലിപ്പത്തിലോ പ്രകൃതിഗുണത്തിലോ ഏററം താണപടിയിൽ നിൽക്കുന്ന കന്നുകാലികൾ തിരുവിതാംകൂറിലേപ്പോലെ മറേറതെങ്കിലും രാജ്യത്തിൽ ഉണ്ടോ എന്ന കാര്യം സംശയമാണ്. മററു സ്ഥലങ്ങളെ അപേക്ഷിച്ചു കേവലം, സംഖ്യയിൽ ഇവിടത്തെ കന്നുകാലികൾക്കു കുറവൊന്നുമില്ല. പാണ്ടിദേശവുമായി നോക്കുമ്പോൾ നമ്മുടേ കാളകളേക്കാൾ ദയനീയമായ സ്ഥിതിയാണു പശുക്കൾക്കുള്ളതു്. ഇവിടെയുള്ള പശുക്കളിൽ 60 ശതമാനത്തിൽ കൂടുതൽ പാൽ കിട്ടാത്തവയാണെന്നു ഒരു കണക്കു കാണുന്നു. ഇവിടെയുള്ള പശുക്കളിൽ 50 ശതമാനവും വളമോ ചാണകമായി മാറുന്നതിനുള്ള ഉപകരണമായി ഉപയോഗപ്പെടുന്നവ മാത്രവുമാണ്. അതിനാൽ പാലിനുള്ള ദാരിദ്ര്യവും വിലയും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. അരിക്ഷാമമുള്ള ഇക്കാലത്തു സുലഭമായി പാലു കിട്ടാനുള്ള വല്ല സൌകര്യവും വർദ്ധിപ്പിച്ചിരുന്നെങ്കിൽ അതു് ആശ്വാസകരമാകുമായിരുന്നു.

നമ്മുടെ പട്ടണങ്ങളിലെ ക്ഷീരക്ഷാമം താരതമ്യേന ഇൻഡ്യയിലെ മററു പട്ടണങ്ങളെ അപേക്ഷിച്ചു ഗുരുതരമാണ്.

തലസ്ഥാനനഗരിയായ തിരുവനന്തപുരം പട്ടണത്തിൽ ഉള്ള ചായക്കടകളിൽ ആവശ്യത്തിനു പാൽ കിട്ടുന്നില്ല. ബോംബേ, കൽക്കട്ടാ, മുതലായ വലിയ പട്ടണങ്ങളിൽ ഇവിടെ ലഭിക്കുന്ന കണക്കിൻപടി മൂന്നിരട്ടി പാൽ കിട്ടുന്നുണ്ടു് എന്നു കണക്കുകൊണ്ടു കാണാം.

കന്നുകാലി വളർത്തൽ സംബന്ധിച്ചുള്ള, ന്യൂനതകൾ ചൂണ്ടിക്കാണിച്ചു കൃഷിഡിപ്പാർട്ടുമെൻറു പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കയും നല്ല തരം പശുക്കളുടെ സംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കയും, ചെയ്യേണ്ടതു ഗവർമ്മെൻറിൻെറ കടമയാണ്.

★



ട്യൂഡർ-ബ്രിട്ടീഷ് സബ്മറീൻ

# ദിനക്കുറിപ്പുകൾ

(തൈയ്യാട്ട്)

ചിങ്ങം 22.

നാളെ ഓണമാണ്—തിരുവോണം. എനിക്ക നല്ലപോലെ ഓൎമ്മയുണ്ട്. എവിടെച്ചെന്നാലും ഓക്കം!

സ്വന്തം വീട്ടുകളിൽ പോകുന്ന ചില സ്നേഹിതന്മാർ എന്നേയുംകൂടെ വിളിച്ചു. എന്റെ ശോകസങ്കലിതമായ പരിതസ്ഥിതി അറിഞ്ഞവരാണ് അവർ. അടുത്തടുത്ത മുറികളിൽ ഞങ്ങൾ ഓരോരുത്തരും താമസിക്കുന്നു. ഔദ്യോഗിക കാൎയ്യംപ്രമാണിച്ചു അന്യസ്ഥലത്തു വന്നവരാണ്. അവരുടെ സഹവാസം തകൎന്നിടിഞ്ഞ എന്റെ അന്തരംഗത്തിനു കുറെ സാന്ത്വനം നല്കി. പല ജോലിക്കാരായ ഞങ്ങൾ രാത്രിയാകുമ്പോൾ ഒന്നിച്ചുകൂടും. അന്യോന്യം പരിചയങ്ങളും പരാതികളും പറഞ്ഞു ഞങ്ങൾ സമയംകഴിക്കും. മിക്കവാറും ഊണും ഉറക്കവും ഒന്നിച്ചെന്നുതന്നെ പറയാം.

ഓണമവധിയെ അക്ഷമയോടെ കാത്തിരുന്ന അവർ ധൃതിവച്ചു സ്വജനങ്ങളെ പ്രാപിക്കുവാൻ വെമ്പുകയാണ്! കോപ്പാട്ടുകൾ വാങ്ങുവാനും, കുഞ്ഞുങ്ങൾക്ക സാമാനങ്ങൾ തിരഞ്ഞെടുക്കുവാനും, വഴിച്ചിലവിനും ഓണസ്സാമാനത്തിനും പണം ശേഖരിക്കുവാനും അവൎക്ക് എല്ലാം തിടുക്കം. ഞാനാകട്ടെ ലോകംവെറുത്ത യോഗിയെപ്പോലെ അവ കണ്ടു പുഛിക്കുംമട്ടിൽ ബാഹ്യമോദങ്ങൾക്ക വിദൂരനായി വൎത്തിച്ചു. എന്നാൽ എന്റെ ഉള്ളുനീറുന്ന പരമാൎത്ഥം അവരിൽ ഒന്നു രണ്ടുപേൎക്കെങ്കിലും അറിയാമെന്നും തീൎച്ചയാണ്! ഒരാൾ, എല്ലാവരിലും ഒടുക്കം യാത്രയായ ഒരു ജ്യേഷ്ഠസഹോദരൻ തന്നെയെന്നു കരുതാവുന്ന മിത്രം എന്നോടു പറഞ്ഞു!

'എന്താ, നമുക്ക പൊയ്ക്കളയാം. ഓണം കഴിഞ്ഞു തിരിച്ചുവരാം'

അദ്ദേഹത്തിന്റെ സഹൃദയത്വത്തിനു ഞാൻ അതീവ നന്ദിപ്രകടിപ്പിച്ചു മറുപടി പറഞ്ഞു—'വേണ്ട, ചേട്ടാ, ചേട്ടൻ പോയിവരണം. ഈ യാത്രയുടെ അസൌകൎയ്യത്തിലും മററും ഞാൻ ബുദ്ധിമുട്ടുന്നില്ല—ഇവിടെ ഇങ്ങിനെ കഴിയാം'

യഥാൎത്ഥത്തിൽ ഞങ്ങൾ രണ്ടുപേരുടേയും കണ്ണുകൾ അന്നേരം നിറഞ്ഞു തുളുമ്പി! അദ്ദേഹം വീണ്ടും പറഞ്ഞു— 'നാളെയും അടുത്തദിവസവും ഹോട്ടൽ ഒന്നും കാണുകയില്ലല്ലോ; എങ്ങനെ ഊണുകഴിക്കും?'

'എങ്ങനെയായാലും കഴിച്ചുകൊള്ളാം.'— എന്റെ സമാധാനം കേട്ട അദ്ദേഹം പിന്നെയും നിൎബന്ധിക്കാതെ പിരിഞ്ഞു.

ഞാൻ ഈ വാടകശാലയിൽ തനിച്ചായി. എന്റെ ചിന്തകൾ മൂടുപിടിച്ചു തിരുവിതാംകൂറിന്റെ വടക്കെ അററംമുതൽ രാമനഗരിവരെ പത്തുനൂററമ്പതു മൈൽ പറന്നുതുടങ്ങി. ഈ പരപ്പാണ്ട ലോകത്തു എന്നെ സ്നേഹിക്കുവാൻ ആരുമില്ലല്ലോ!— ഞാൻ ഹതഭാഗ്യനാണ്. എനിക്കും ഭാൎയ്യയുണ്ട്! പക്ഷെ നാവാകുന്ന മനുഷ്യരെ മയക്കുന്ന രൂപമല്ലാതെ ഹൃദയം ദൈവം കൊടുത്തില്ലേ?

* * *

സുമതീ! നീ ഓൎക്കുമോ കഴിഞ്ഞ നമ്മുടെ ഓണം. അന്നു നാം 'ത്രിവേണി'യിലായിരുന്നു. നീ കൊച്ചു കുടുംബിനി, വീട്ടു വൃത്തിയാക്കിയും സദ്യവട്ടത്തിനു ശ്രമിച്ചും എത്ര ഉത്സാഹം കാട്ടി! കുഞ്ഞിനും എനിക്കും നല്ല ശരീരസുഖമില്ലാഞ്ഞിട്ടും നീ രണ്ടുകൂട്ടം പ്രഥമനുണ്ടാക്കിയില്ലേ!

നിനക്ക് അന്നു ഓണപ്പുടവയും പണവും പഴക്കുലയും വീട്ടിൽ നിന്നും അച്ഛൻ, ഒററമകൾക്ക കൊടുത്തയയ്ക്കുമെന്നു പ്രതീക്ഷിച്ചു നീ രണ്ടുമൂന്നു ദിവസം ഇരുന്നു. ഒടുവിൽ നിരാശകൊണ്ടു കരഞ്ഞു. എന്നെ ആക്ഷേപിക്കുകയായിരിക്കും ആ വക കൊടുത്തയയ്ക്കുന്നത് എന്നു പാവമായ നിന്നെ അനന്തരം കപടതന്ത്രംകൊണ്ടു സമാധാനിപ്പിച്ച അമ്മയോടൊത്തു നീ ഈ ഓണത്തിനു ഉല്ലാസമായി കഴിയുകയല്ലേ! ഞാനോ വെറുക്കപ്പെടുകയും ചെയ്തു. നിനക്കു നാളെപരിപ്പും വലിയപൎപ്പടവും പാലടയും ഉണ്ടിരിക്കുക. എനിക്ക നാളത്തെ തിരുവോണത്തിനു മൂന്നാലു നേന്ത്രപ്പഴവും പച്ചവെള്ളവും കിട്ടും! നീ ബഹു കേമമായി വിഷു കഴിച്ചില്ലേ! അതുപോലെ രണ്ടുവിളിപ്പാടകലത്തല്ലാതെ നിന്നെ ഓൎത്തു തപ്പിക്കുന്ന എന്നെ നീ 'തിരുവോണത്തിനില്ലാത്തതു തീക്കൊള്ളിക്കോ, എന്നു പഴമൊഴി ചൊല്ലുള്ള ഈ സന്ദൎഭത്തിൽ ചിന്തിക്കുന്നില്ലെങ്കിൽ പരിതാപത്തിനവകാശമെന്ത്!


തന്നത്താൻ വില വിററ നിന്റെ വീട്ടിലെ പുറംതിണ്ണയിൽ ഞാൻ ചുരുണ്ടു കിടന്നില്ല. നിങ്ങളുടെ കൈകഞ്ഞൊടിപ്പിന് ഒത്തു തുള്ളിച്ചാടിയതുമില്ല!

അവിടത്തെ ശിലാതളിമത്തിന്റെ കാൎക്കശ്യത്തിൽ എന്റെ കുഞ്ഞും വളൎന്നു വരികയോ? എന്റെ ലാളനയേൽക്കുവാൻ എനിക്ക ഓണക്കളി കാണുവാൻ ഇതുപോലിനിയും എത്ര ഓണനിലാവുകൾ കഴിയണം! —ഇവിടെ അടുത്തൊരു ബ്രാഹ്മണശിശുവുണ്ട്. ആ അരുമക്കുഞ്ഞു എന്റെ മുറിയിൽ ഓടിവരും; കഷ്ടിച്ചു ഒന്നരവയസ്സായതേയുള്ളു. ആ പിഞ്ചിന്റെ പിതാവു മരിച്ചുപോയി!— ദൈവം വരുത്തിവച്ച അത്യാഹിതം. മനുഷ്യരുടെ കഷ്ടംകൈ അതിലുമെത്ര അതിശയിച്ചതു്! ആ കുഞ്ഞ് എന്നോടു കൊഞ്ചിക്കളിക്കുമ്പോൾ, ഇവിടുള്ള പുസ്തകങ്ങൾ എടുത്തു വിതറുമ്പോൾ ഞാൻ ഓൎമ്മിക്കും, യാഥാൎത്ഥ്യത്തിന്റെ കശ്മല ചാരുത്വം, കെട്ടുകഥകളെ കവിഞ്ഞ് ഹൃദയ സ്പൃക്കെന്ന്,

ഓമനേ! നിന്നെ ഞാൻ ചെറുതിലേ കണ്ടു ആശകൊണ്ട് നഗരനതാംഗികൾക്ക പിടികൊടുക്കാത്ത എന്റെ സാമൎത്ഥ്യം കുഗ്രാമകന്യകയായിരുന്ന നിന്നെ പ്രണയിച്ചു. എന്റെ പ്രാണസൎവ്വസ്വമായി നിന്നെ ഞാൻ വിശ്വസിച്ചു. ഞാൻ നിന്നെ ഒന്നുകൊണ്ടും കബളിപ്പിച്ചിട്ടില്ല. എന്റെ പരമാൎത്ഥത പക്ഷെ കാഞ്ചനക്കൊതിപിടിച്ചവൎക്ക യോജ്യമല്ലായിരിക്കാം. എന്റെ ബന്ധം കൊണ്ടു അഭിമാനിയ്ക്കാനല്ലാതെ നിനക്ക് ഇപ്പോഴും സംഗതി വന്നിട്ടില്ല. നിരാശയിൽ നീറി തരംകെട്ടു പോയെങ്കിലും അലങ്കോലമല്ലാത്ത പ്രവീണത, പട്ടിണിയാവാത്ത ജീവനം, എല്ലാത്തിലും ഉപരിയെന്നു വിവേകികൾ ഘോഷിക്കുന്ന ഹൃദയനേൎമ്മ— പിന്നെ ഭൎത്തൃബന്ധുക്കളാരും ഏററുമുട്ടുവാനില്ലാത്ത പൂൎണ്ണ സ്വാതന്ത്ര്യം —ഏതൊരു കുമനിക്കും വിട്ടെറിയാവുന്ന അനാകൎഷകത്വങ്ങളല്ല ഇവ. വൈവാഹികത്വത്തിൽനിന്നുത്ഭൂതമാകുന്ന സന്താനങ്ങളുടെ യോഗ്യതയിലായിരിക്കണം കുലജനങ്ങളുടെ ചിന്ത. അക്കാൎയ്യത്തിലും നീ അനുഗ്രഹീതയാണ്.

ഭൎത്തൃഹിതം അനുസരിക്കുന്നവളാണ് മനസ്വിനി. പുരാതനനിഷ്ഠകൾ വലിച്ചെറിയുന്നെങ്കിൽകൂടി സയുക്തികമായിരിക്കണം. ദാമ്പത്യത്തിന്റെ മഹനീയവശങ്ങൾ നിന്നിൽനിന്നും മറച്ചുപിടിച്ചു നിന്നെ അപഥത്തിൽ സഞ്ചരിക്കാൻ പുവിരിക്കുന്നവർ നിനക്കും കുഞ്ഞുങ്ങൾക്കും മുൾക്കുഴി ചമയ്ക്കാതിരിക്കട്ടെ! പണത്തിന്റെ തകിടംമറിച്ചിലിൽ ലോകമെത്രയെത്ര വഞ്ചിക്കപ്പെട്ടിട്ടില്ല. നിന്നെക്കൊതി കാട്ടി അകന്നകന്നുപോകുന്ന അതിന്റെ കിലുക്കം ഭാവിയിൽ നിനക്ക മനശ്ശാന്തി

(ശേഷം:22-ാംപേജിൽ)



# ദ്വിരാഷ്ട്ര സിദ്ധാന്തത്തെപ്പററി

(13-ാംപേജിൽനിന്നു തുടർച്ച)

പാക്കിസ്ഥാൻ ഏററവും ആധമ്യം വഹിക്കുന്ന സ്ഥാനം കൈക്കൊള്ളേണ്ടിയുംവന്നു.

വിഭക്തരാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ കലക്കത്തിൻെറ വിത്തുകളാണ്. അങ്ങിനെ അഞ്ചാംപത്തി പ്രവർത്തനങ്ങളും മററും വിരളമായിരിക്കയില്ല. കാററിനെ അടക്കാൻ കൊടുങ്കാററിൻെറ സഹായം തേടുന്നതു ബുദ്ധിപൂർവ്വകമല്ല. അൾസ്റ്റർ, ഐസരിയാ, ബാൾക്കൻ പ്രദേശം എന്നിവടങ്ങളിലെല്ലാം വിഭജനം അനുഭവിച്ചതുപോലെ ഇന്ത്യയിലും പാടില്ലേ എന്നൊരു ചോദ്യം. ശരി ശരി; അൾസ്റ്ററിൻെറ കഥയെന്താണിന്ന്? 1848 മുതൽ ബാൾക്കൻ പ്രദേശങ്ങളിലുണ്ടായ യുദ്ധങ്ങൾക്കു പ്രധാനഹേതുവെന്തായിരുന്നു? അവിടങ്ങളിലെ വിഭജനം വിഭജനത്തിൻെറ വിപത്തുകളെയാണു ലോകത്തിനു പഠിപ്പിച്ചതു്. ആ വഴിയിലൂടെ ചരിക്കാതിരിക്കുന്നതാണിന്ത്യക്കു നല്ലതു്; വിഭജനം വിനാശത്തിലേക്കാണു കുതിക്കുന്നതു്.

ഇന്ത്യയിലെ ഹിന്ദുക്കളും അനേകം മുസ്ലീംകളും നാട്ടുരാജാക്കന്മാരും സിക്കുകാരും എതിർക്കുന്ന പാക്കിസ്ഥാൻ അവരുടെ സമസ്താഭിമാനങ്ങൾക്കും പ്രതിലോമമായി ഇന്ത്യയിൽ സ്ഥാപിച്ചു കിട്ടേണമെന്നു പറയുന്ന ജിന്ന, ഇന്ത്യയിലെ 24 ശതമാനം മുസ്ലീംകളിലൊരു വിഭാഗത്തിൻെറ അഭിപ്രായം ഇന്ത്യയുടെ കാലാകാലം പോരുന്ന വിധിയെ സൃഷ്ടിക്കേണമെന്നു കരുതുന്ന ലീഗും, ലോകമാന്യമായ പ്രജാധിപത്യസിദ്ധാന്തത്തിൻെറ ശവശരീരത്തിന്മേലാണിന്നാകുന്നു ഈ ചേഷ്ടകൾ കാട്ടുന്നതെന്നാക്കും പറയാം. അതൊക്കെ നല്ലതിന്നല്ല. പാക്കിസ്ഥാൻ അനുവദിച്ചാൽത്തന്നെ, രാഷ്ട്രീയവിഭജനചക്രത്തിൻെറ ചംക്രമണം നിൽക്കുകയില്ല. അതാ വരുന്നു, പിന്നാലെ കൊടിയുമേന്തി രാമസ്വാമിനായ്ക്കരുടെ ദ്രാവിഡസ്ഥാനം സിക്കുകാരുടെ ശിഖസ്ഥാനവും മററും മററും മററും — ദൈവം ഇവർക്കു നല്ലതു തോന്നിക്കട്ടെ.

മുസ്ലീം ന്യൂനപക്ഷത്തിനു ഹിന്ദുസ്ഥാനിൽ ജീവിക്കാൻ സമ്മതിക്കാമെങ്കിൽ, ഹിന്ദു ന്യൂനപക്ഷത്തിനെന്തുകൊണ്ടു പാക്കിസ്ഥാനിൽ പുലർന്നുകൂടാ?—ഈയൊരു ചോദ്യം ചില ലീഗുപക്ഷപാതികൾ പുറപ്പെടുവിക്കാറുണ്ട്. ഇതിനുത്തരം എളുതാണ്. പാക്കിസ്ഥാനും ഹിന്ദുസ്ഥാനും സൃഷ്ടിക്കപ്പെടുന്നതു ഹിന്ദുക്കളുടെ നിർബ്ബന്ധത്താലല്ലല്ലോ. ലീഗുകാരുടെ ന്യായം ബഹു വിചിത്രം—രാമൻ ആത്മഹത്യചെയ്യുന്നതുകൊണ്ടു കൃഷ്ണനും ആത്മഹത്യചെയ്യണമെന്ന ഭ്രാന്തവിചാരത്തിൻെറ വിലയുള്ളൂ അവരുടെ നിലയ്ക്കു്.

ഒരൊററ ചോദ്യം പാക്കിസ്ഥാൻവാദികളോട്— അഖിലേന്ത്യയിലെ ഹിന്ദുകേന്ദ്രഭരണ ഭയത്താൽ തങ്ങൾക്കു പാക്കിസ്ഥാൻ കിട്ടേണമെന്നവകാശപ്പെടുന്ന മുസ്ലീംകളോട്, പാക്കിസ്ഥാനിലെ മുസ്ലീംകേന്ദ്രഭരണഭയത്താൽ ഹിന്ദുക്കൾ അവിടെ ഒരു ചെറിയ ഹിന്ദുസ്ഥാൻ അവകാശപ്പെട്ടാൽ, അവർ അതനുവദിക്കുമോ? ലീഗുന്യായപ്രകാരം അവരതു് അനുവദിക്കേണ്ടിവരും. അനുവദിക്കയാണെങ്കിൽ, പാക്കിസ്ഥാനിലുള്ള ഹിന്ദുസ്ഥാനിലെ മുസ്ലീംകൾക്കും ഒരു മുസ്ലീംസ്ഥാൻ അനുവദിക്കേണ്ടിവരും. പിന്നെ ഹിന്ദുക്കൾക്ക്; ഇങ്ങിനെ ഇതെവിടെയാണവസാനിക്കുക. മറിച്ചു് അങ്ങിനെയൊരു ഹിന്ദുസ്ഥാൻ പാക്കിസ്ഥാനുള്ളിൽ അനുവദിക്കാതിരിക്കുകയാണെങ്കിൽ, അതേ ന്യായം ഇന്ത്യയിൽ പാക്കിസ്ഥാൻ പാടില്ലാതാക്കാനും പ്രയോഗിക്കാം. ലാഹോർ പ്രമേയത്തിൽ പ്രസ്താവിച്ചതുപോലെ, ന്യൂനപക്ഷങ്ങൾക്കു സർവ്വവിധ സംരക്ഷണങ്ങളും ഭരണഘടനയിലുൾപ്പെടുത്തി പാക്കിസ്ഥാൻ ഭരിക്കുമെന്നാണെങ്കിൽ, അഖിലേന്ത്യയിലും മുസ്ലീം ന്യൂനപക്ഷത്തിനു സർവ്വവിധ സംരക്ഷണങ്ങൾ ഉണ്ടാകുമെന്ന സമാധാനംകൊണ്ടു ജിന്നായുടെ ലീഗു തൃപ്തിപ്പെടട്ടെ.

ഇരുഭാഗവും കുടുക്കുള്ള ഇത്തരം വിവാദരജ്ജുക്കളിലാണു ജിന്നായുടെ നിപുണനേതൃത്വത്തിൽ ഇന്ത്യൻ മുസ്ലീം ലീഗ് തലകൊണ്ടിട്ടുള്ളതു്.

എത്രയേറെ വിശദീകരണങ്ങൾ പാക്കിസ്ഥാനെ പരാമർശിച്ചു ലീഗിൻെറ ഔദ്യോഗികവക്താവായ ജിന്ന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ഇന്നും അതൊരു സുനിശ്ചിതരൂപത്തിൽ നമുക്കു ലഭിക്കാത്തതിനാൽ തൽസംബന്ധമായ ചർച്ചക്കു് വലിയ വിഷമമുണ്ടാവുന്നുവെന്ന രാജൻ ബാബുവിൻെറ അഭിമതം ശ്രദ്ധേയമാണു്. അനേകം പാക്കിസ്ഥാൻ സ്കീമുകൾ ഇന്നു നിലവിലുണ്ടു്. (കുറച്ചുദാഹരണങ്ങൾ:—

Choudhary Rahmat Ali's Scheme; Dr Latif's Scheme of Hindu and Muslim culturally Autonomous zones; Sikandar Hyat Khan's Scheme of seven zones; Pakistan Caliphate Scheme of Maulana Abdul Wadood; Feroz Khan Noon's Five Dominions Plan; 'A Punjabee's Scheme of a Confedaracy of India; The Aligharh Plan of Dr. Zaffar-ul-Hasan and Dr. M. A. H. Quadri)

### ദേശത്തിൻെറ പേരിൽ

"എന്നെ ഇല്ലാതാക്കുക, രാജ്യത്തെ ഭാഗിക്കുന്നതിനു മുമ്പേ. ഔറംഗസീബിൻെറ കാലത്തു മുഗളർ പോലും ചെയ്യാനോരാത്ത ഒരു കെട്ടതിക്കാണു നിങ്ങളിന്നു മുതിരുന്നതു്." ഗാന്ധിജിയുടെ താക്കീതു് ദേശത്തിൻെറ പേരിൽ വിസ്മരിക്കൊല്ലേ!

ശശവിഷാണപ്രായമായ ഈ ദ്വിരാഷ്ട്രസിദ്ധാന്തം ഇന്ത്യൻ രാഷ്ട്രീയാന്തരീക്ഷത്തിൽ ഉയർത്തിയ കെട്ടതായ വിക്ഷോഭോതങ്ങൾ സ്വാതന്ത്ര്യസമരത്തിൻെറ സുനിർവ്വഹണത്തിൽ എത്രയെത്ര അസുഖചലനങ്ങൾ വരുത്തിയില്ല! ഭാവിചരിത്രകാരൻ കറുപ്പുമഷിയിലാവിരിക്കാം ജിന്നയുടേയും ലീഗിൻേറയും ഈ വൈകൃത്യങ്ങൾ കുറിക്കുക. ജർമ്മൻ നേതാവായിരുന്ന അഡോൾഫ് ഹിററ്ലർ നോർഡിക്കുവർഗ്ഗത്തിൻെറ സാംസ്കാരികമേധാവിത്വത്തെ പ്രചരണായുധമാക്കി ജർമ്മൻ ജനതയെ വിനാശത്തിലേക്കുന്മുഖമാക്കിയതിനൊപ്പം ജിന്നയുടെ പ്രവർത്തനങ്ങളെയെണ്ണാം — അത്ര പ്രാമാദികവും വിനാശകരവുമാണതു്.

ഈ വിദ്വിഷ്ടവികലവിശ്വാസത്തെ എങ്ങിനെ നശിപ്പിക്കാം?

രാജാജി പറയുന്നു: "നാം നമ്മുടെ ശക്തികളെ വർഗ്ഗം, വിശ്വാസം, സമുദായം ഇവയെ മുറിച്ചുകൊണ്ടുള്ള ഒരു പൊതുലക്ഷ്യത്തെ സൃഷ്ടിക്കുവാൻ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു."

ടാഗോർ എഴുതുന്നു: "മനോഭാവത്തിൻെറയോ കലാപത്തിൻെറയോ മാററത്തോടെ ഒരുപരമം ദർശിച്ചേക്കാം. നമ്മുടെ ഇന്നത്തെ മാനസികഘടനയിൽ വൈരുദ്ധ്യങ്ങളും വിഘാതങ്ങളും നിലീനമാണ്. ജീവിതത്തിൻെറ ഏതു തുറയിലും സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ ഇവകളെ കടന്നു കളയണം. കൂട്ടിൽ പാറിനിന്നുകൊണ്ടു ചിറകുകളെ മറന്നുപോകുന്ന മാമൂൽച്ചട്ടങ്ങൾ മാററിമറിക്കപ്പെടേണ്ടിയതേ. ഹിന്ദുമുസ്ലീം ഐക്യം സാമയികപൂർണ്ണതയെ കാത്തുനിൽക്കുകയാകുന്നു."

അപ്പോൾ ഇതിൻെറ ഏകനിവാരണം നമ്മിൽത്തന്നെ നിലകൊള്ളുന്നു - നമ്മുടെ യത്നങ്ങളിൽ.

ഏതായാലും, കാപഥസഞ്ചാരപ്രസക്തമായ ഇന്നത്തെ മുസ്ലീംലീഗുനേതൃത്വത്തെ ഉദ്ദേശിച്ചു്, നമ്മുടെയൊരു മഹാകവി മറെറാരു വികലനേതൃത്വത്തോടു ചെയ്ത അഭ്യർത്ഥന ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു.

"കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല-
പ്പെട്ട ചരടിൽ ജനത നിൽക്കേ;
മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ—

*　　*　　*

കാലിന്നടിയിലു മസ്വാസ്ഥ്യതയുടെ
കോലാഹലങ്ങൾ മുഴങ്ങിടുന്നു."

★



നോവൽ പംക്തി

# കാലചക്രം

(എ. പി. വാസുനമ്പീശൻ)

## അദ്ധ്യായം 19

ആ സംവാദത്തിനുശേഷം ഏട്ടനും അനിയനും തമ്മിൽ മിണ്ടീട്ടില്ല. ഒരിച്ച കടിച്ച വേദനപോലും അതുകൊണ്ടു രണ്ടു കൂട്ടർക്കും തോന്നിയതുമില്ല. ലക്ഷ്മിക്കുട്ടിയുടെ കുടുംബം അക്കരെക്കു മാറിയപ്പോഴം, ത്രിവിക്രമൻനമ്പൂതിരിക്കു എന്തെങ്കിലും ചെയ്യാതിരിക്കാൻ വയ്യെന്നായി. സംബന്ധത്തിനു അഞ്ചാറുനാഴിക നടന്നു പോവുക എളുപ്പമല്ല. അതിനും പുറമെ, കഴിയുന്ന സഹായം അവർക്കു നൽകേണ്ട കാലമാണിപ്പോഴം. അദ്ദേഹത്തിനു എന്തു വേണമെന്ന ആലോചനയായി. ഭാഗം കഴിക്കണമെന്നില്ല. ആ മല്ലും പൊളിയേണ്ടതല്ലോ. ചിലവിന്നു കിട്ടിയാൽമതി. സ്വജനങ്ങളിലും ബന്ധുക്കളിലും ഭേദപ്പെട്ട ചിലരെ അദ്ദേഹം ചെന്നുകണ്ടു. അവർ മദ്ധ്യസ്ഥരാകാമെന്നേററു.

ബ്രഹ്മദത്തൻ നമ്പൂതിരി ആദ്യം വക്കാണത്തിന്നാണു നിന്നതു്. അതുകൊണ്ടു കാര്യം അവസാനിക്കാൻ പോകുന്നില്ലെന്നു തെളിഞ്ഞു. വേണ്ടിവന്നാൽ കോടതി കയറാൻകൂടി എതിർകക്ഷി ഒരുക്കമാണ് എന്നറിഞ്ഞപ്പോഴം അദ്ദേഹം കാര്യത്തോടടുപ്പാൻ നിർബ്ബന്ധനായി. കോടതിപ്പണി വേറെത്തന്നെ ധാരാളമുണ്ടു്. പിന്നെ, സ്വജനഹിതം അനാദരിക്കുന്നതിനും അതിൽത്തി വേണ്ടേ? ഒടുവിൽ ചിലവിന്നു കൊടുക്കാമെന്നായി. നെല്ലിൻേറയും പണത്തിൻേറയും തുക തീർച്ചപ്പെടുത്താൻ വല്ലരെ രാത്രി ഉറക്കമൊഴിക്കേണ്ടി വന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിൻേറയുള്ളിൽ ഒരു വിചാരമുണ്ടായിരുന്നതിതാണ്:— അനിയൻേറ ചെലവു കഴിഞ്ഞാൽ മറ്റു വീട്ടുകാൎക്കു കൊടുപ്പാൻ നെല്ലോ പണമോ മുട്ടം ബാക്കിയുണ്ടാവരുതു്. ഇതു സ്പഷ്ടമായി മദ്ധ്യസ്ഥന്മാരോടു പറയാമോ? അതുകൊണ്ടു്, വേറെ തോന്നിയതെല്ലാം പറഞ്ഞു, കൊടുക്കുന്ന നെല്ലും പണവും കുറയ്ക്കണം. പലവിധപ്രയത്നം ചെയ്തെങ്കിലും ഇതിനൊരും വഴിപ്പെട്ടില്ല. ഒടുവിൽ അഞ്ഞൂറു പറ നെല്ലും ഇരുനൂറുറുപ്പികയും കൊല്ലംതോറും കൊടുക്കാമെന്നേററു. ഇതിനുശേഷം ആ ദാനശീലൻ അനുജനോടുള്ള വാത്സല്യാധിക്യം ഹേതുവായി അദ്ദേഹത്തിന്നു് എന്നെന്നും മുട്ടുകൂടാതെ കഴിഞ്ഞുകൂടത്തക്കവണ്ണം വേറെ ചിലതുകൂടി കൊടുത്തു. ശാപങ്ങൾ; പല ജാതിയിലും വലിപ്പത്തിലും പെട്ടവ. സന്തതിയില്ലാതാവാൻ ഒരു വക. സമ്പത്തില്ലാതാവാൻ മറെറാരു വക. അതൊക്കെ സ്വീകരിച്ചു മദ്ധ്യസ്ഥന്മാരോടു യാത്ര പറഞ്ഞു ത്രിവിക്രമൻ നമ്പൂതിരി പടിയിറങ്ങിപ്പോയി.

അക്കരെയുള്ള തൻേറ അമ്മാമൻേറ കളം അദ്ദേഹത്തിനു താമസിക്കാൻ കിട്ടി. അദ്ദേഹത്തിൻേറ ചിലവു കഴിച്ചു മിച്ചമുള്ളതു് മറ്റു വീട്ടുകാൎക്കു നിസ്സാരമല്ലാത്ത വരുമാനമായി. അദ്ദേഹം സുഖമായങ്ങിനെ കൂടി. ഈ സ്വർഗ്ഗത്തിൽ കട്ടുറുമ്പായി വല്ലതുമുണ്ടായിരുന്നെങ്കിൽ അതു് ഏട്ടൻ മനസ്സറിഞ്ഞുകൊടുത്ത വരങ്ങളിൽ ഒന്നുപോലും സഫലമായില്ലല്ലോ എന്ന വിചാരമാണ്. ബ്രാഹ്മണൻേറ വാക്കു തീരെ നിഷ്ഫലമായിക്കാണുന്നതു്, എന്തൊക്കെപ്പറഞ്ഞാലും, മറെറാരു ബ്രാഹ്മണനു സഹിക്കവയ്യ. നിരപരാധനിൽ അർപ്പിക്കുന്ന ശാപത്തിൻേറ പ്രത്യാഘാതം ഭയങ്കരമാണെന്നറിയാമായിരുന്ന ത്രിവിക്രമൻനമ്പൂതിരി ഇക്കാലത്തു തൻേറ ജ്യേഷ്ഠന്നു് അനർത്ഥമുണ്ടാകാതിരിപ്പാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെന്നുള്ളതും ഇവിടെപ്പറയത്തക്കതാണ്.


## അദ്ധ്യായം 20

ആ മനയുടെ സ്ഥിതി ആകെയൊന്നു നോക്കിക്കാണേണ്ട സമയമെത്തി. അതിൻേറ ജീവനായ അച്ഛൻനമ്പൂതിരിയെയാണ് ആദ്യം നോക്കിനോക്കേണ്ടതു്. സനാതനങ്ങളായ സദാചാര തത്വങ്ങൾകൊണ്ടു കഴിക്കാൻപോകുന്ന ഒരു തുലാഭാരമത്രെ അതു്.

കാര്യത്തിനു കേട്ടുകൂടാതെ കഴിപ്പാൻ കോടതിയുടെ കൂട്ടിലും പുറത്തും വെച്ച് എന്തു പറയാനും ചെയ്യാനും ബ്രഹ്മദത്തൻ നമ്പൂതിരിക്കു സങ്കോചമില്ല. മനുഷ്യനാകുന്ന വൃക്ഷത്തിൻേറ പുഷ്പം കാര്യമാണ് സത്യമെന്നും, അതിൻേറ മൂലം അസത്യമാണെന്നുമുള്ള ശുക്രവാക്യം ഭാഗവതത്തിൽനിന്നു അദ്ദേഹം പഠിച്ചിട്ടുണ്ട്. സത്യം വേണം, പൂവുകൾ, കനികൾ; കാര്യത്തിനു അകത്തു് മറേറതും. ഇതു രണ്ടും ഇണക്കിക്കൊണ്ടുപോകാൻ വശതവേണം. അതദ്ദേഹം പ്രയത്നംകൊണ്ടും പരിചയംകൊണ്ടും നേടി.

പരലോകത്തിൻേറ കാര്യത്തിൽ, ശാസ്ത്രങ്ങളുടെ ദൃഷ്ടിയോടുകൂടി നോക്കിയാൽ, അദ്ദേഹം സാക്ഷിമാത്രമാണ്. ആ വകുപ്പിൻേറ മേലധികാരി അദ്ദേഹത്തിൻേറ ഓപ്പമത്രെ. അതാകട്ടെ, സ്വധർമ്മാനുഷ്ഠാനത്തിൽ നിഷ്ഠവും ജാഗരൂകവുമാണ്. അന്നിമിത്തം ആ വിശ്വസ്ത മന്ത്രിയെ പിരിച്ചുവിടുന്നതിനെപ്പററി ആലോചിക്കവയ്യ.

സമ്പത്തിൻേറ നിലയിൽ തന്നേക്കാൾ ഉയർന്നവരെ ബ്രഹ്മദത്തൻ നമ്പൂതിരിക്കു കണ്ടുകൂട. കീഴമത്തെ ശത്രുക്കളാണവരെന്നു അദ്ദേഹം വിശ്വസിച്ചുപോന്നു. ദ



ഭീമകായൻ തീവണ്ടി

നരെക്കുറിച്ചു പുഛവും പരിഹാസവുമേയുള്ളു. അത്തരം ദൈവഹതന്മാർക്കുവേണ്ടി കണ്ണീർ പൊഴിക്കുകയെന്നതല്ല നല്ല പണി അദ്ദേഹത്തിന്നറിയാം. ഇതിന്നൊക്കെപ്പുറമെ സമന്മാരോട് ഒരു തിരക്കുണ്ട്. ഈ വക കാരണങ്ങളാൽ, കേറംകാതെ പറയുമ്പോൾ, ആർക്കും അദ്ദേഹത്തെപ്പററി നല്ല അഭിപ്രായമില്ല. ആരാണ്, തന്റിപങ്കന്മാരൊഴിച്ച് മുഖത്തുനോക്കിച്ചീത്ത പറയാൻ നിൽക്കാറുള്ളത്? സമാധാനഭംഗത്തിന്റെ വഴിയാണതെന്നു ബുദ്ധിയുള്ളവർക്കറിഞ്ഞുകൂടെ?

എല്ലാററിലുംവെച്ചു മോശമായിട്ടുള്ളതു ധനസ്ഥിതിയാണ്. മൂന്നാത്തേമ്മാരിലുംകൂടി എട്ടു പെൺകുട്ടികളുണ്ടായി. ആഢ്യത്താവാൻവേണ്ടി എമ്പാടും സ്ത്രീധനത്തോടുകൂടിയാണ് അവരെക്കൊടുത്തതു്. ആ വകയിൽ നല്ലൊരു തുക കടമുണ്ട്. ഒരു കുറിവക കുറെ വേറെയും. ചില്ലറക്കടങ്ങളുള്ളതു് എണ്ണിപ്പറയുക സാദ്ധ്യമല്ല.

തിരട്ടിൽ ബാക്കിക്കള്ളിയിലെ ആക്കത്തുകതന്നെയാണ് ഇപ്പോഴും മികച്ചു നിൽക്കുന്നതു്; നാനാവഴിയിൽ ചെലവിന്റെ കള്ളിയിലേതും. അത്തരം നാലു കുടുംബങ്ങൾക്കു ഉത്തമർണ്ണരായി കഴിയാൻ വേണ്ടതെല്ലാം പണവും തിരട്ടിലുണ്ട്. അതിനാൽ ഭയപ്പെടാനൊന്നുമില്ല. ഇഷ്ടംപോലെ കടം വാങ്ങാം. ചെലവു ചുരുക്കിയാൽ വലിയൊരു ചീത്തത്തമുണ്ട്; അന്തസ്സു പോയ വഴി കാണില്ല.

ബാക്കിക്കള്ളിയും ചെലവുകള്ളിയും ഇങ്ങിനെ പോരടിക്കാൻ നിന്നിട്ടും, ആറേഴായിരം ഉറുപ്പിക ചെലവു ചെയ്തു് ഇല്ലവും പത്തായപ്പുരയും മറവും അദ്ദേഹം ഓടിട്ടു. കുറെ കടം വന്നാലെന്താ? മനോഹരമായൊരു കാഴ്ചയുള്ളവഴിയായില്ലേ?

കൂടിയേ കഴിയൂവെങ്കിൽ ഈ കടമൊക്കെ അദ്ദേഹം ഇനിയും വീട്ടും. പക്ഷെ ആരാണതു തോന്നിക്കാൻ? ഉത്തമർണ്ണന്മാർ ഉശിരും ചൊടിയുമില്ലാത്തവരാണ്. ലക്ഷ്യങ്ങൾക്കു കാലഹാരണം വരുമെന്ന ഘട്ടമെത്തിയാലേ അവരുടെ ആലസ്യം ഉണരുകയുള്ളു.

പെരിയങ്ങോട്ട് ഇന്നു അംഗങ്ങൾ പണ്ടത്തേക്കാൾ ഏറെയുണ്ട്. അച്ഛൻനമ്പൂതിരിയുടെ രണ്ടാത്തേമ്മാരു്, രണ്ടിലുംകൂടി അഞ്ചാൺമക്കൾ, ഒരനുജൻ ഇങ്ങിനെ മൂന്നുതലമുറയിൽ ഒമ്പതാളു്. മഹൻമൂസ്സിന്റെ രണ്ടു വേളി കഴിഞ്ഞു. അവരൊമ്പതു പ്രസവിച്ചു, ഏഴു പെണ്ണു്, രണ്ടാണ്. പെൺകുട്ടികളെക്കൊടുത്തിട്ടില്ല. ഇങ്ങിനെ ആകെ പത്തൊമ്പതുപേരായി.

ആ ഒരനുജനെപ്പററി രണ്ടു വാക്ക്. അദ്ദേഹം പരമ "സാധു"വാണ്. വേളി കഴിച്ചിട്ടില്ല. സംബന്ധം ചെയ്തിട്ടില്ല. തനി നിർവ്വികാരനായതുകൊണ്ടല്ല ഇങ്ങിനെ വന്നതു്. ഒരൊററക്കുററിയിന്മേലും ഉറച്ചുനിൽക്കാൻ കൂട്ടാക്കാത്തതായിരുന്നു ഈ മൂത്തപ്ഫന്റെ മദനൻ. ആ വിദ്വാൻ ക്രമേണ മന്മഥനായി മാറിവന്നപ്പോൾ അദ്ദേഹത്തിനു ചീത്തത്തങ്ങൾ പലതും അനുഭവിക്കേണ്ടിവന്നു. ഇതിന്നുശേഷം സദുപദേശങ്ങൾ ചെന്നു് അദ്ദേഹത്തെ വളഞ്ഞു. അതുമുതല്ക്കു് ശാന്തനായിരിക്കയാണ്. പുറത്തിറങ്ങാറില്ല. എങ്കിലും ആ വസ്തുവിന്നകത്തു പ്രവേശിക്കുന്ന സജാതേതരസ്ത്രീകളിൽ ഇന്നും അദ്ദേഹത്തിനു മൃദുലേതരങ്ങളായ ചില സുഗ്രീവശാസനങ്ങൾ പ്രയോഗിക്കാൻ കഴിയും.

ചുരുക്കിപ്പറയുക: ഇന്നു പെരിയങ്ങോട്ടുള്ള നമ്പൂതിരിമാർ രണ്ടററവും വെടിഞ്ഞു് അർത്ഥത്തിന്നും കാമത്തിന്നുംവേണ്ടി ജീവൻകളയാൻ ഒരുമ്പെട്ടവരാണ്. തികഞ്ഞ വിജയമുണ്ടായില്ലെങ്കിൽ അവരുടെ തെററുകൊണ്ടല്ല. കർമ്മങ്ങളുടെ പരിത്രാതാവും ഫലദാതാവും ഈശ്വരനാണല്ലൊ.

☆

# ദിനക്കുറിപ്പുകൾ

(19-ാംപേജിൽനിന്നു തുടർച്ച)

നശിക്കാതിരിക്കട്ടെ! ഉരുണ്ടു് ഓടുന്ന കൃപയുടെ വക്രതകൂടെ ചെന്നു് എത്താവതല്ലാത്ത ഒരു വിശിഷ്ടസ്ഥാനം - നൃത്മാത്മത- ഉണ്ടെന്നു നീ അറിയും!!

നിന്റെ പുഞ്ചിരിപ്പൊലിമയിൽ പ്രഭവീശിയ ഇപ്രദേശം എന്റെ ചുടലച്ചാമ്പൽ കാണുവാൻ നരച്ചുവരുന്നുണ്ട്!- വളർന്നു അറിവെത്തുമ്പോൾ എന്റെ കുഞ്ഞുങ്ങൾ, അച്ഛൻ എവിടെ എന്ന ചോദ്യവുമായി നിന്റെ മുമ്പിൽ നില്ക്കും. നീ ഭീരുത്വംകൂടാതെ അന്നു തുറന്നുപറയുമോ 'നിന്നാൽ വഞ്ചിതനായി'. താങ്ങാൻ വയ്യാത്ത വേദനകൊണ്ടു ആ സ്നേഹമൂർത്തിയുടെ ഹൃദയതന്തുക്കൾ ചകരിനാരുപോലെ പിഞ്ഞിച്ചിതറിപ്പോയെന്നു!

നീ ഈയിടെ പ്രസവിച്ചപ്പോൾ! ആ ഇളം പൈതലിന്റെ പിതാവു ഞാനാണെന്നു സർക്കാരിനെ അറിയിക്കുവാൻ ബാദ്ധ്യതപ്പെട്ട നിങ്ങൾക്കെ, ആ ഓമനമുഖത്തിന്റെ ആവിർഭാവവാർത്ത എന്നോടു പറയാൻ തോന്നിയില്ല! നിന്നെ പരിചയിപ്പിച്ച കുലമഹിമ!

* * *

തിളച്ചുമറിയുന്ന മനസ്സു്! ഇതാണു ലോകം മുതലത്തോലികൊണ്ടു നിന്നെ സൃഷ്ടിച്ചിരുന്നെങ്കിൽ!

ഇപ്പോൾ അർദ്ധരാത്രി. പൂനിലാവു് മനുഷ്യന്റെ ഹൃദയശൂന്യതയുടെ വിളർച്ചയെപ്പോലെ പരന്നുപിടിക്കുന്നു. ദൂരെനിന്നു് പൊങ്ങുന്ന ഏതോ സന്തോഷത്തിടനുകളുടെ ഊഞ്ഞാൽപാട്ടു ജീവിതഗതിയിൽ കാലുവച്ചറിയാത്ത ബാലപാഠവുമാവാം......

സുമതി! നിനക്കു പണം വേണം. എന്നെസംബന്ധിച്ച നല്ലതും ശകലമുള്ളതു്- മുഴുവൻ നിനക്ക്- എന്റെ അവസാന നിശ്വാസങ്ങൾ! -- എന്റെ ശവംപോലും നീ കാണാതിരിക്കട്ടെ! സകല ഭാവുകങ്ങളും, അങ്ങിനെ ഉററവർക്കു സംതൃപ്തിയും!!

★


# LOANS

You can borrow up to Rs. 1000/- against your signature (without any mortgage) at an interest of nine per cent per annum, repayable within 20 months by equal monthly instalments.

Over a hundred persons have already been given loans throughout the country.

The special feature of the Scheme is that the whole transaction can be completed through the medium of post.

Write for details enclosing the COUPON with a self-addressed envelope.

**COUPON**

Citizen Credit Syndicate Ltd,
Post-Bag No. 1035.
Bombay 1.

*Dear Sirs,*

*Please send me the details of your loan Scheme, by which I can borrow money against my signature.*

SIGNATURE,

Name. ..................

Address. ..................

Correspondence in English only.

# ബാലമണ്ഡലം

ശോകഗാനം

(17-ാം പേജിൽനിന്നു തുടർച്ച)

ദരന്മാർ സമത്വഭാവേന ആറടിഭൂമി അവകാശമാക്കികൊണ്ട് നിത്യമായി ഉറങ്ങുന്നു.

ഒരു പടയാളി കണ്ണുനീർ തൂവിക്കൊണ്ട് മേരിജോണിൻെറ ശവകുടീരത്തിനരികിൽ ഇരിക്കുന്നു. ക്രിസ്തുഭഗവാൻെറ കൊടിക്കൂറ പാറക്കുന്ന ആ ശവകുടീരത്തിൽ അയാൾ ഒരു പുഷ്പമാല്യം സമർപ്പിച്ചു. ശവക്കല്ലറയിൽ ധാരമുറിയാതെ വീണുകൊണ്ടിരുന്ന ബാഷ്പകണങ്ങൾ അവിടെ നിത്യമായി ശയിക്കുന്ന മേരിജോണിൻെറ ആത്മാവിനെ തണുപ്പിക്കുന്നുണ്ടാവാം. അയാൾ തിരിഞ്ഞുനിന്നു പടിഞ്ഞാറെ കടലിലെ അലകൾ എണ്ണിക്കൊണ്ടു നിന്നു.

* *

ആ മിലിട്ടറി ഹോസ്പിററലിൽവെച്ചാണ ഫ്റാൻസിസ് അവളെ ആദ്യമായി കണ്ടത്. തീവ്രവേദനയാൽ ഹൃദയം പൊരിഞ്ഞപ്പോൾ ആ നേഴ്സ് അയാളുടെ മാറിടം തഴുകി സമാധാനിപ്പിച്ചു. കാലിൻെറ വേദനയാൽ എരിപൊരികൊണ്ട് അയാൾ നിലവിളിച്ചപ്പോൾ ആ സ്നേഹഗായകി ഫ്റാൻസിസ്സിനെ ആശ്വസിപ്പിച്ചു. രാവും പകലും അവൾ അയാളെ ശുശ്രൂഷിച്ചു. അങ്ങനെ മൂന്നുനാലുമാസങ്ങൾക്കുള്ളിൽ അയാൾ സുഖം പ്രാപിച്ചു. എന്നാലും ആ നേഴ്സ് അയാളുടെ അരികിൽ തന്നെ ഇരിക്കണം. അവളുടെ മോഹനവദനത്തിൽ ഉദയം ചെയ്യുന്ന പുഞ്ചിരി കണ്ട് അയാൾക്ക് ആനന്ദസായൂജ്യം പ്രാപിക്കണം. ആ കൈകളിൽനിന്നു മരുന്നു വാങ്ങി കുടിക്കണം. മരണത്തിൻെറ കരാളഹസ്തങ്ങളിൽനിന്നു മോചിപ്പിച്ച ആ ദേവത അയാളുടെ അരികിൽനിന്നു പോകരുത്. ഫ്റാൻസിസ്സിനു പരമസങ്കടമായി. "ഇനിയും നിങ്ങൾക്കു പോകാം,, ആ ഡോക്ടർ ഫ്റാൻസിസ്സിനോടു പറഞ്ഞു. അയാൾ എങ്ങനെ ആ ഹോസ്പിററൽ വിട്ടു കഴിഞ്ഞുപോകും. "ഞാൻ എന്നും ഒരു രോഗിയായിരുന്നെങ്കിൽ,, അയാൾ ആശിച്ചു. അവിടെനിന്നു പൊയ്ക്കൊള്ളുവാൻ ഉത്തരവുകിട്ടിയ അന്നുതന്നെ ഫ്റാൻസിസ്സ് അയാളുടെ ഹൃദയവികാരത്തെ ആ നേഴ്സിനോട് അറിയിച്ചു. "രാവും പകലും ഇല്ലാതെ താങ്കളെ ശുശ്രൂഷിച്ചതിൻെറ ഫലം. അയ്യോ! അങ്ങയുടെ വാക്കുകൾ എൻെറ ഹൃദയത്തെ ഭേദിക്കുന്നു,, ആ നേഴ്സ് പ്രതിവചിച്ചു. ആ നിരാശ്രയന് അധികം സംസാരിക്കുവാൻ കഴിഞ്ഞില്ല. അയാൾ നിശ്ചേഷ്ടനായി "ജോൺസ്, ഞാൻ നിന്നെ സ്നേഹിക്കുന്നു.,, അയാൾ വിക്കി പറഞ്ഞു. ജോൺസ് ആ തപ്തഹൃദയൻെറ അരികിൽനിന്ന് ഓടിക്കളഞ്ഞു. അവളുടെ കങ്കണങ്ങളുടെ കിലുകിലാരവം ഫ്റാൻസിസ്സിൻെറ ഹൃദയത്തിൽ കോളിളക്കമുണ്ടാക്കി. അയാൾ അവിടം വിട്ടു. ഇടറുന്ന പാദങ്ങളോടെ, ഇടിക്കുന്ന ഹൃദയത്തോടെ ഗേററ കടന്നപ്പോൾ അയാൾ ഒന്നുകൂടി തിരിഞ്ഞുനോക്കി.- ആ സ്വർല്ലോകസുന്ദരിയെ അവിടെ കാണാനില്ലായിരുന്നു. അയാൾ ദിവസവും ആ ഹോസ്പിററലിൽ പോകും. വിശ്രമമില്ലാതെ രോഗികളെ ശുശ്രൂഷചെയ്യുന്ന മേരി ജോൺസിനെ കാണും. അവൾ മുറിവേററ ഭാരതീയ പടയാളികളെ ശുശ്രൂഷിക്കയാണ്. മഹത്തായ സേവനം - മരണവേദനകൊണ്ട് പിടയുന്ന രോഗികൾക്ക് അവൾ മരുന്നുകൊടുക്കുന്നു, കരുണയോടെ സമാധാനിപ്പിക്കുന്നു. ആ രോഗികളെനോക്കി അയാൾ അസൂയപ്പെട്ടു. ദിവസങ്ങൾ ഇഴഞ്ഞുനീങ്ങി. ഒരുദിവസം പതിവുപോലെ ഫ്റാൻസിസ് ഹോസ്പിററലിൽ വന്നു. അയാളുടെ നയനങ്ങൾ നാലുദിക്കിലും പാഞ്ഞു. ഒരു കട്ടിലിൽ ജോൺസ് കിടക്കുന്നു. അയാളുടെ നയനങ്ങൾ അയാളെ വഞ്ചിക്കുകയാണോ? അല്ല. ഒരോട്ടം— ഫ്റാൻസിസ് ആ കട്ടിലിൻെറ അരികിൽ ചെന്നു. അനേകം സഹോദരീ സഹോദരന്മാരെ ശുശ്രൂഷിച്ച ആ കസുമം പ്രജ്ഞയററു കിടക്കുന്നു. ആ കണ്ണുകൾ അടഞ്ഞിരുന്നു. ആ ദേഹം നിശ്ചേഷ്ടമായിരുന്നു. മന്ദഹാസം ആ മോഹന വദനത്തിൽനിന്ന് അപ്രത്യക്ഷമായിരുന്നു. അരമണിക്കൂർ കഴിഞ്ഞു. ആ രോഗി കണ്ണുതുറന്നു. അരികിൽ നിന്ന ഫ്റാൻസിസ്സിനെ അവൾ നോക്കി ഒരു നെടുവീർപ്പ്- രണ്ടുതുള്ളി കണ്ണുനീർ അവളുടെ പൂങ്കവിളിൽക്കൂടി ഒഴുകി. ആ തളർന്ന വലംകയ്യ് ജോൺസ് നീട്ടി. അയാൾ അവളുടെ കരം ഗ്രഹിച്ചു. ഒരു നിശ്ശബ്ദത. പാതിരാവിൻെറ കാഹളമൂതാറുള്ള പൂവൻകോഴി ഉച്ചത്തിൽ കൂവി. മരണനിമിഷത്തിൽ, അവസാനശ്വാസത്തിൽ അയാളുടെ പ്രേമാർച്ചന അവൾ കൈക്കൊണ്ടിരിക്കണം- ആ കണ്ണുകൾ നിശ്ചേഷ്ടങ്ങളായി.

* *

അരുണൻ പടിഞ്ഞാറെക്കടലിൽ മുങ്ങി. ശശാങ്കൻ പൂർവ്വഭാഗത്ത് ഉദിച്ചുയർന്നു. താരങ്ങൾ ആകാശത്തിൽ മിന്നിത്തിളങ്ങി. കടലിരച്ചുകൊണ്ടിരുന്നു. ആ സന്ധ്യാസമയത്ത് പടിഞ്ഞാറെ ചക്രവാളം ദൃശ്യമല്ലായിരുന്നു. ഒരു ഭയാനകമായ നിശബ്ദത. ഫ്റാൻസിസ് എഴുന്നേററ് ആ ശവകുടീരത്തിനഭിമുഖമായിനിന്നു. "മേരിജോൺസ് നിത്യതയിലേക്ക് ഞാനും വരുന്നു. അവിടെ നമുക്ക് — ആനന്ദിക്കാം. മായാപ്രപഞ്ചത്തിൻെറ യവനികയ്ക്കുള്ളിൽ നമുക്ക് ആഹ്ലാദിക്കാം. ഹാ! ജോൺസ്,, അയാളുടെ വാക്കുകൾ ഇടയ്ക്കുവെച്ചു മുറിഞ്ഞുപോയി. മുഖം പ്രസന്നമായി. ഒരു റിവാൾവർ പാക്കററിൽ നിന്നെടുത്ത് സ്വന്തം മാർവിടത്തിനു നേരെ പിടിച്ചു. ഒരു കറുത്ത മേഘം ചന്ദ്രബിംബത്തെ മറച്ചുകളഞ്ഞു. നക്ഷത്രങ്ങൾ കണ്ണ് ചിമ്മി അടച്ചു. "ജോൺസ്,, ആ ശബ്ദം ഒന്നുകൂടി അവസാനമായിട്ട് അന്തരീക്ഷത്തിൽ ഉയർന്നു. "ഠോ,, ശ്മശാനത്തിൻെറ നിശ്ശബ്ദതയെ ആ ശബ്ദം ഭഞ്ജിച്ചു. കാർമേഘപടലം ആകാശത്തിൽ തിങ്ങിക്കൂടി പടിഞ്ഞാറെ കടൽ അപ്പോഴും ഇരച്ചുകൊണ്ടിരുന്നു.

[ഒരു ഇൻഡ്യൻ ഭടൻ ഒരു നേഴ്സിൻെറ ശവകുടീരത്തിനരികെ വെടിയേററ് മരിച്ചുകിടക്കുന്നു എന്നു പത്രപംക്തിയിൽ കണ്ടതിനെ അടിസ്ഥാനമാക്കി എഴുതിയത്]

★

# മത്സരം

(ഗോപിച്ചേട്ടൻ)

ലോബോയും ലാസറും പ്രധാനപ്പെട്ട പ്രധാനപ്പെട്ട രണ്ടു പലഹാരക്കച്ചവടക്കാരായിരുന്നു —— പലഹാരമെന്നു പറഞ്ഞാൽ, റൊട്ടി, ബിസ്കററ്, കേക്ക് മുതലായവയാണ്, ഇഡ്ഢലിയും വടയുമൊന്നുമല്ല. അവർ രണ്ടുപേരും ഒരേ ദിവസം കച്ചവടം തുടങ്ങി, ഒരുപോലെ അഭിവൃദ്ധിപ്പെട്ടുംവന്നു അവരുടെ കച്ചവടം വളർന്നപോലെതന്നെ അവർതമ്മിലുള്ള മത്സരവും വളർന്നു തന്നെ വന്നു.

ഗോതമ്പിനു വിലകൂടി, അതോടുകൂടി റൊട്ടിയുടെ വിലയും കൂടിത്തന്നെ വന്നു. എന്നാൽ മത്സരംമൂലം ഇവർ റൊട്ടിയുടെ വില താഴ്ത്തിത്താഴ്ത്തിക്കൊണ്ടുവന്നു. ഒടുവിൽ ലോബോ റൊട്ടിക്കു അഞ്ചണയാക്കി. അതിലേക്ക് ഒരു ബോഡും എഴുതവെച്ചു.

"ഒന്നാംതരം റൊട്ടി. അഞ്ചണമാത്രം,, ലാസർ രണ്ടും കല്പിച്ചു വില കുറച്ചു. "രസികൻ റൊട്ടി. ഒന്നിനു നാലണ മാത്രം വിലക്കൂടുതൽ കൊടുത്തു നഷ്ടപ്പെടരുത്.,, എന്നൊരു ബോഡും.

വില കുറച്ചതുംപോരാ, തനിക്കിട്ടൊരു കുത്തും അതിലുണ്ടെന്നുകണ്ട് ലോബോ കുപിതനായി. അയാളുടെ ബോഡ് ഇങ്ങനെ മാററി.

"ഇവിടത്തെ റൊട്ടി ഒന്നാംതരമാണ്. പക്ഷേ വില, ഒന്നിന് അഞ്ചണ തരണം. വില കുറഞ്ഞതു കമ്പോളത്തിൽ കിട്ടിയേക്കാം. എന്നാൽ അതു വിഷം കലർന്നതായിരിക്കും.,,

ഇതു കണ്ട് ലാസർ പല്ലുകടിച്ചുപോയി. തൻെറ കച്ചവടം ഒന്നോടെ നശിക്കാൻ ഈ ആരോപണം മതിയാകും. അയാൾ തൻെറ കടയിലെ പതിവുകാരുടെ ലിസ്ററുനോക്കി. നല്ല ഒരു സർട്ടിഫിക്കററിന്. അപ്പോൾ രണ്ടു ദിവസം മുമ്പ് ബോണാമിയിലെ രാജാവിനുവേണ്ടി അദ്ദേഹത്തിൻെറ ഭൃത്യന്മാർവന്ന് കുറേ റൊട്ടി വാങ്ങിച്ചുകൊണ്ടുപോയ വിവരം കണ്ടുകിട്ടി. അതു തന്നെ നല്ല പരസ്യം. ലാസർ തൻെറ ബോഡു പുതുക്കി.

"പരമരസികൻ, മേൽത്തരം റൊട്ടി. വില ഒന്നിനു നാലണമാത്രം. ബോണാമിയിലെ രാജാവ് ഇവിടെ നിന്നാണു റൊട്ടി വാങ്ങിക്കുന്നതു്.,,

ലാസർ ബോഡിനടുത്തു ഞെളിഞ്ഞുനിന്നു. ഇനി നീ എന്നെ പററിക്കുന്നതു് എനിക്കൊന്നു കാണണം, എന്നു അയാൾ തനിക്കെതിരെയുള്ള ലോബോയുടെ കടയുടെ നേരെ നോക്കി പിറുപിറുത്തു.

ലോബോ അയാളുടെ ബോഡ് അകത്തേക്ക് എടുത്തുകൊണ്ടുപോയി. അതിലെ അക്ഷരമെല്ലാം തുടച്ചുകളഞ്ഞിട്ട് അതിൽ ഒരു വാചകം മാത്രം എഴുതി.

"ബോണാമിയിലെ രാജാവിനെ ദൈവം രക്ഷിക്കട്ടെ,,

★

L. No 442 Da'ed 11th Dec. 1944. Reg. No. T. 110. M. 4994

# THE CHAKRAVALAM KOTTAYAM

The Premier Weekly of the Malabar Coast

Vol. III. || 10th November 1946 || No. 12


# ദീപാവലി

## മംഗളാശംസകൾ



ഈ ദീപാവലി, ജനങ്ങളുടെയിടയിൽ സമാധാനവും സന്മനസ്സും ഉജ്ജ്വലിക്കുന്ന ഒരു നവസംവത്സരത്തിന്റെ മുൻഗാമിയായി ഭവിപ്പാനും, നവവത്സരാരംഭത്തോടുകൂടി രാജ്യത്തിൽ സുഖക്ഷേമാദ്യൈശ്വര്യങ്ങൾ വളർന്നു വൃദ്ധിയാവാനും ഞങ്ങൾ മനഃപൂർവ്വം ആശംസിക്കുന്നു.

ദി ടാററാ ഓയിൽ മിൽസ് കമ്പനി, ലിമിററഡ്



സ്വല്പകാലത്തേക്കു മാത്രമായി നിവൃത്തിനൽകുന്ന മരുന്നുകളുടെ പിന്നാലെ ഓടുന്നതു ഭോഷത്വമാണ്. താൽക്കാലികമായി നിവൃത്തിനൽകുകയല്ലാതെ കാസമൂലകാരണങ്ങളെ ഉന്മൂലനാശം ചെയ്യുന്ന സിദ്ധൌഷധം പുരോഹിത് ശ്വാസഹാരി ഒന്നു മാത്രമാണ്. ശ്വാസഹാരി കഴിച്ചുതുടങ്ങിയാലും, ചുമ നിൽക്കുകയും ശീൽക്കാരവും, വീർപ്പുമുട്ടലും ഇല്ലാതാവുകയും ചെയ്യുന്നു. ദീപനം ശരിപ്പെട്ടുവരികയും നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ക്രമേണ ബലം വർദ്ധിക്കയും കാസം പൂർണ്ണമായി ശമിക്കയും ചെയ്യുന്നു.

കാസശ്വാസം, വീർപ്പുമുട്ടൽ, പുറത്തുവേദന, നെഞ്ചെരിച്ചിൽ ഉണ്ടാക്കുന്ന ചുമ, എന്നിവയ്ക്കും ഇതുപോലെതന്നെ മററു ശ്വാസകോശ ഉപദ്രവങ്ങൾക്കും ശ്വാസഹാരി സാധാരണ (നീലക്കെട്ട്) സേവിക്കണം. മലബന്ധം, പിത്തം, ഇവയാൽ കഷ്ടപ്പെടുന്ന കാസരോഗികൾ ശ്വാസഹാരി യോഗപ്രകാരം കൂട്ടിച്ചേർത്തതു് (ചുവന്ന കെട്ട്) കഴിക്കണം.

3 ഔൺസ്, 6 ഔൺസ്, 12 ഔൺസ് എന്നീ അളവുകളിൽ എല്ലാ മരുന്നുഷാപ്പുകളിലും വില്പനചെയ്തുവരുന്നുണ്ട്. വില യഥാക്രമം 2 ക. 6 ണ., 5 ക. 12 ണ. 10 ക.

സ്റ്റോക്കിസ്റ്റുമാർ:—
കെ. സി. മാത്യു & കൊ.
ഇംഗ്ലീഷ് ഔഷധശാല
കോഴഞ്ചേരി, തിരുവിതാംകൂർ

തയ്യാറാക്കുന്നവർ:—
പുരോഹിത്
ഫാർമസി,
കൊലഹാപൂർ.

# സ്വാമി ശരണം

## ശ്രീ അയ്യപ്പഗാനമഞ്ജരി

ഗ്രന്ഥകർത്താ: പി. ആർ. സുബ്രഹ്മണ്യയ്യർ, അഡ്വക്കേററ്, കോട്ടയം.

രണ്ടാംപതിപ്പ് അച്ചടിച്ചു തയ്യാറായിരിക്കുന്നു. ഒററപ്രതിക്കു വില മൂന്നണമാത്രം. ഇരുപത്തഞ്ചുകോപ്പിയോ അധികമോ ഒന്നിച്ചെടുക്കുന്നവർക്കു കോപ്പി ഒന്നുക്കു് ഒരു ചക്രംവീതം കമ്മീഷൻ അനുവദിക്കും. ആവശ്യപ്പെടുക.


മാനേജർ,
ചക്രവാളം കോട്ടയം.

ഉപയോഗിപ്പീൻ!

# കൃഷ്ണാപിന്നുകൾ

എല്ലാ സ്ഥലങ്ങളിലും എല്ലാ കടകളിലും കിട്ടുന്നതാണ്.

കൃഷ്ണാ പിൻ കമ്പനി, കോട്ടയം. (തിരുവിതാംകൂർ)




Edited, Printed and Published by K. P. Karunakara Pishauody at the Chakravalam Press, Kottayam